www.malankaralibrary.com

നവംബർ 2025

# ക്രൈസ്തവ കാഹളം



# ഞങ്ങൾ വിശ്വസിക്കുന്നു

## നിഖ്യാ സുന്നഹദോസിന്റെ 1700ാം വാർഷികം

www.malankaralibrary.com



കൃപ നിറഞ്ഞ മറിയമേ, നീ സ്വീകരിച്ച ദൈവകൃപ ഒരിക്കലും വ്യർഥമാക്കാതെ, ദുഃഖിതരെപ്പോലെയായിരുന്നെങ്കിലും നീ സദാ ആനന്ദിച്ചുകൊണ്ടിരുന്നു; ദരിദ്ര യായിരുന്നെങ്കിലും അനേകരെ സമ്പന്നരാക്കുന്നു; ഒന്നുമില്ലാത്തവരെപ്പോലെ യായിരുന്നെങ്കിലും നീ എല്ലാം ഉള്ളവളാകുന്നു. എല്ലാ സമയത്തും എല്ലാ വിധ ത്തിലും കർത്താവിന്റെ ദാസിയും സഹപ്രവർത്തകയുമാണെന്നു നീ കാണിച്ചു കൊണ്ടിരുന്നു. പുനരൈക്യത്തിൻ മാതാവേ, ഞങ്ങൾ സ്വീകരിച്ച ദൈവകൃപ ഒരി ക്കലും വ്യർഥമാക്കാതെ എല്ലാ സമയത്തും എല്ലാ വിധത്തിലും കർത്താവിന്റെ ദാസരും സഹപ്രവർത്തകരുമായിരിക്കാൻ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ. ആമ്മേൻ.

www.malankaralibrary.com

# THE SYRO - MALANKARA CATHOLIC MAJOR ARCHIEPISCOPAL CHURCH





# EPISCOPAL ORDINATION

**St. Mary's Major Archieparchial Cathedral**
**Pattom, Trivandrum.**
**Saturday 22 November 2025**



**Rt. Rev. Msgr. Dr. Kuriakose Thadathil**
Apostolic Visitator-Elect for Europe



**Rt. Rev. Msgr. Dr. John Kuttiyil**
Auxiliary Bishop - Elect of
the Major Archieparchy of Trivandrum

## നിയുക്ത മെത്രാന്മാർക്ക് ആശംസകൾ

www.malankaralibrary.com

ക്രൈസ്തവ കാഹളം

നവംബർ 2025
വാല്യം 86 ലക്കം 11

# ഉള്ളടക്കം




എഡിറ്റോറിയൽ 05

പിതൃമൊഴി 06

ഒരു കർത്താവും ഒരു വിശ്വാസവും 09

നിഖ്യാ സൂനഹദോസ്: ചരിത്രം, ദൈവശാസ്ത്രം, പ്രസക്തി 14

സാർവത്രിക സഭയിലെ വേദപാരംഗതർ 23

കേരളത്തിലെ ആരോഗ്യ മേഖലയിൽ വമ്പന്മാർ കണ്ണേറിയുമ്പോൾ 34

ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്) 39

ഗ്രന്ഥപരിചയം 43

കാത്തിരിപ്പ് 45

രക്ഷാധികാരി
മോറാൻ മോർ ബസേലിയോസ്
കർദ്ദിനാൾ ക്ലീമിസ് കാതോലിക്കാബാവ

പ്രിന്റർ ആന്റ് പബ്ലിഷർ
റൈറ്റ് റവ. ജെയിംസ് പാറവിള
കോർ എപ്പിസ്കോപ്പാ

എഡിറ്റർ
റവ. ഫാ. ഷീൻ പാലക്കുഴി

ചീഫ് എഡിറ്റർ
റവ. ഫാ. ബോവസ് മാത്യു
ഫോൺ: 9447661943
bovasmathew@gmail.com

പത്രാധിപ സമിതി
റവ. ഡോ. ജോൺ പടിപ്പുരക്കൽ
റവ. ഫാ. ജോസഫ് വള്ളിയാട്ട്
റവ. ഫാ. ജോസഫ് പൂവത്തുംതറയിൽ
റവ. ഫാ. ഗീവർഗീസ് വലിയചാങ്ങവീട്ടിൽ
റവ. ഫാ. വർഗീസ് വിനയാനന്ദ് ഒ.ഐ.സി
ഡോ. കെ. വി. തോമസ്കുട്ടി
റവ. സി. ഡോ. ആർദ്ര എസ്.ഐ.സി.
റവ. സി. ഡോ. അഞ്ജലി തെരേസ് ഡി.എം.
ഡോ. ഷേർളി സ്റ്റുവർട്ട്
ശ്രീ. രാജു മാത്യു

ഉപദേശക സമിതി
ശ്രീ. ജേക്കബ് പുന്നൂസ്
റവ. ഫാ. വിൽസൺ തട്ടാരുതുണ്ടിൽ
റവ, ഫാ. തോമസ് കയ്യാലക്കൽ
ഡോ. തോമസ്കുട്ടി പനച്ചിക്കൽ
ശ്രീ. ബോബി എബ്രഹാം

സർക്കുലേഷൻ മാനേജർ
റവ. ഫാ. തോമസ് മുകളുംപുറത്ത്
9446703056

കവർ & ലേഔട്ട്
Fingraph - 9387811920
fingraphtvm@gmail.com

പ്രിന്റിംഗ്
സെന്റ് മേരീസ് പ്രസ്,
പട്ടം, തിരുവനന്തപുരം-4

വിലാസം
ക്രൈസ്തവ കാഹളം,
സമന്വയ പാസ്റ്ററൽ സെന്റർ
സെന്റ് മേരീസ് കാമ്പസ്,
പട്ടം, തിരുവനന്തപുരം-4



## എഡിറ്റോറിയൽ

# ഞങ്ങൾ വിശ്വസിക്കുന്നു

നിഖ്യാ വിശ്വാസപ്രമാണം രൂപം കൊണ്ടിട്ട് ആയിരത്തി എഴുന്നൂറ് വർഷങ്ങൾ പിന്നിടുന്നു. പതിനേഴ് നൂറ്റാണ്ടുകളിലൂടെ കോടിക്കണക്കിന് വിശ്വാസഗണം ഏറ്റുചൊല്ലിയ ഈ പ്രാർത്ഥനയുടെ പ്രകാശ പരിമളം ഇന്നും വിശ്വസിക്കുന്ന ഹൃദയങ്ങളെ ചേർത്ത് നിർത്തുന്നു. നിഖ്യാ എന്ന പുരാതന പട്ടണത്തിൽ ലോകമെമ്പാടുമുള്ള ക്രൈസ്തവ സമൂഹങ്ങളുടെ മെത്രാന്മാർ ഒരുമിച്ച് കൂടിയത് പരിശുദ്ധാത്മാവിനാൽ പ്രചോദിതരായിട്ടാണ്. അത് ലോകത്തോട് തങ്ങളുടെ പ്രാർത്ഥനയിലൂടെ വിശ്വാസരഹസ്യങ്ങളും സത്യങ്ങളും ഏറ്റു പറയുവാൻ ആഹ്വാനം ചെയ്യുന്നു. ത്രിത്വൈക ദൈവീക രഹസ്യങ്ങളും യേശുക്രിസ്തുവിന്റെ ദൈവത്വവുമായിരുന്നു ആ പ്രാർത്ഥനയുടെ മർമ്മം.

ഇന്ന് നിഖ്യാസുനഹദോസും വിശ്വാസപ്രമാണവും ആയിരത്തി എഴുന്നൂറ് വർഷങ്ങൾ പിന്നിടുമ്പോൾ ഈ കാലഘട്ടത്തിൽ ജീവിക്കുന്ന നാം ഓരോരുത്തരും വിളിക്കപ്പെട്ടിരിക്കുന്നത് തിരിഞ്ഞു നോക്കി അഭിമാനം കൊള്ളുവാൻ മാത്രമല്ല ബോധ്യങ്ങളോടെ മുന്നോട്ട് പോകുവാനുമാണ്. ആയിരത്തി എഴുന്നൂറ് വർഷങ്ങൾക്ക് മുമ്പ് സഭ അനാവശ്യമായ വിഭജനങ്ങളുടെയും അന്ധകാരമയമായ പ്രബോധനങ്ങളുടെയും ഇടയിൽ വല്ലാത്ത പ്രതിസന്ധിയിലായപ്പോൾ നിഖ്യാ സുനഹദോസ് കൂടി 'ഞങ്ങൾ വിശ്വസിക്കുന്നു' എന്ന് ഏറ്റുപറഞ്ഞത് കേവലം വാക്കുകൾ മാത്രമായിരുന്നില്ല ലോക ക്രൈസ്തവികതയുടെ ഹൃദയതാളമായിരുന്നു. അത് പാശ്ചാത്യവും പൗരസ്ത്യവും, പൗരാണികവും നവീനവും, പ്രാദേശികവും സാർവ്വത്രീകവുമായ സഭയുടെ ഹൃദയതാളം.

ഇന്ന് ലോകം ആത്യന്തികമായതിനെ ചോദ്യം ചെയ്യുകയും വ്യക്തികൾ ഉയർത്തിപ്പിടിക്കുന്ന അർത്ഥസത്യങ്ങളെ ആഘോഷിക്കുകയും ചെയ്യുന്നു. ഇവിടെ നിഖ്യാ വിശ്വാസ പ്രമാണം അത്തരം ആഭിമുഖ്യങ്ങളെയെല്ലാം അതിലംഘിക്കുന്നു. അത് കേവലം വ്യക്തിപരമോ വൈകാരികമോ ആയ ഒരു വിശ്വാസമല്ല, പിന്നെയോ സഭാഗാത്രത്തിൽ തുന്നിച്ചേർത്തതും സഭാമക്കളിൽ പങ്കുവയ്ക്കപ്പെടുന്നതുമായ അടിസ്ഥാന വിശ്വാസമാണ്. ഓരോ വിശുദ്ധ കുർബാനയിലും നാം ഈ വിശ്വാസം ഏറ്റ് പറയുമ്പോൾ എല്ലാ കാലഘട്ടത്തിലും ഇത് ഏറ്റു പറഞ്ഞ വിശുദ്ധരുടെ ഗണത്തോടും വിശ്വാസ സമൂഹത്തോടും ചേർന്ന് നിന്നുകൊണ്ട് സനാതമായ ഒരു വിശ്വാസം ഏറ്റുപറയുന്നു. ചരിത്രം നൽകിയ ഒരു തിരുശേഷിപ്പ് അല്ല വിശ്വാസപ്രമാണം. അത് പ്രത്യാശയുടെ ജീവിക്കുന്ന പ്രഘോഷണമാണ്. അത് ഓരോ വിശ്വാസിയേയും ഓരോ ദൈവശാസ്ത്രജ്ഞനെയും ഓരോ വിശ്വാസ സമൂഹത്തെയും വീണ്ടും കണ്ടെത്തുന്നതിനും എന്തുകൊണ്ട് ഞങ്ങൾ വിശ്വസിക്കുന്നു എന്ന ചോദ്യത്തിന് ഉത്തരം നൽകുന്നതിനും നമ്മുടെ അനുദിന ജീവിത സാക്ഷ്യത്തിന് രൂപഭംഗി നൽകുന്നതുമാണ്. നിഖ്യാ വിശ്വാസപ്രമാണം ഒരു ദൈവശാസ്ത്ര രേഖയല്ല ക്രിസ്തുവിലൂടെ ലോകത്ത് വെളിവാക്കപ്പെട്ടതും പരിശുദ്ധാത്മാവിനാൽ നില നിർത്തിപ്പോരുന്നതുമായ ദൈവസ്നേഹത്തിന്റെ ഏറ്റുപറച്ചിലാണ്. നാം ഇന്ന് നമ്മുടെ ആത്മാവിന്റെ പ്രമാണരേഖയുടെ ആയിരത്തി എഴുന്നൂറാം വാർഷികം ആഘോഷിക്കുമ്പോൾ നിഖ്യായിൽ ആദ്യം ഉച്ചരിക്കപ്പെട്ട വാക്കുകൾ സത്യത്തിന്റെ വഴികളിൽ സഞ്ചരിക്കുന്നവർക്ക് വഴിവിളക്കാകട്ടെ. സ്വർഗ്ഗത്തെയും ഭൂമിയേയും ഒരുമിപ്പിച്ച വിശ്വാസപ്രമാണമെന്ന ദൈവവുമായുള്ള നമ്മുടെ നിത്യമായ ഉടമ്പടിക്ക് നാം ശക്തമായും ആനന്ദഭരിതമായും നൽകുന്ന മറുപടിയാണ് 'ഞങ്ങൾ വിശ്വസിക്കുന്നു'.





**ഫാ. ബോവസ് മാത്യു**
ഫോൺ: 9447661943
bovasmathew@gmail.com

www.malankaralibrary.com

# പിതൃമൊഴി



## നിഖ്യാ സുന്നഹദോസിന്റെ 1700 ാം വാർഷികം ഐക്യത്തിന്റെ ക്രൈസ്തവ കാഹളം

മലങ്കര സഭയിലെ വൈദിക സമൂഹത്തിൽ നിന്ന് ആദ്യമായി എം.എ. ബിരുദം കരസ്ഥമാക്കി എം.എ. അച്ചൻ എന്നറിയപ്പെടുന്ന ഫാ. പി. റ്റി. ഗീവർഗീസ് (ധന്യൻ ആർച്ചുബിഷപ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ) അദ്ദേഹത്തിന്റെ ബിരുദാനന്തര ബിരുദ പഠനകാലത്ത് തയാറാക്കി യൂണിവേഴ്സിറ്റിയിൽ സമർപ്പിച്ച പ്രബന്ധത്തിന്റെ തലക്കെട്ട് "Were the Syrian Christians Nesthorians?" എന്നായിരുന്നു. 'ഭാരതത്തിലെ സുറിയാനി ക്രൈസ്തവർ നെസ്തോറിയൻ പാഷണ്ഡതയിലുൾപ്പെട്ടിരുന്നോ' എന്നതായിരുന്നു അതിന്റെ പ്രതിപാദന വിഷയം. എം.എ. അച്ചൻ അന്ന് പഠനത്തിലൂടെയും സഭാ പ്രബോധനങ്ങളുടേയും ചരിത്രത്തിന്റേയും പിൻബലത്തിൽ വാദിച്ചതും തെളിയിച്ചതുമായ ഒരു സത്യമാണ് മലങ്കരയിലെ സുറിയാനി ക്രിസ്ത്യാനികൾ ഒരിക്കലും ആ പാഷണ്ഡതയിൽ ഉൾപ്പെട്ടിരുന്നില്ല – സത്യവിശ്വാസത്തിൽ കലർപ്പില്ലാത്തവരായിരുന്നു – എന്നത്.

എം. എ. അച്ചൻ പിന്നീട് ഗീവർഗീസ് മാർ ഈവാനിയോസ് എന്ന പേരിൽ മെത്രാനാവുകയും സ്വർഗപ്രാപ്തിക്കു ശേഷം ധന്യൻ എന്ന് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ നാമകരണം ചെയ്ത് അദ്ദേഹത്തിന്റെ മെത്രാഭിഷേകത്തിന്റെ നൂറാം വർഷം (1925-2025) ആഘോഷിക്കപ്പെടുന്ന ഒരു പശ്ചാത്തലത്തിൽ സാർവത്രിക സഭയുടെ

www.malankaralibrary.com

# Nicaea at 1700

വിശ്വാസപ്രമാണത്തിന് അടിസ്ഥാനമിട്ട AD 325 ലെ നിഖ്യാ സുന്നഹദോസിന്റെ 1700-ാം വാർഷികം ആഘോഷിക്കപ്പെടുന്നു എന്നത് ദൈവനടത്തിപ്പിന്റെ ഒരു സ്ഥിരീകരണമായി കാണാനാണ് ഞാനാഗ്രഹിക്കുന്നത്.

നിഖ്യാ സുന്നഹദോസിന്റെ 1700-ാം വാർഷികത്തിന്റെ ആഘോഷവേളയിൽ പരിശുദ്ധ ബർത്തലോമിയോ പാത്രിയർക്കീസ് ബാവാ തിരുമേനി കോൺസ്റ്റാൻഡിനോപ്പിളിലേക്ക് പരിശുദ്ധ ഫ്രാൻസിസ് പാപ്പായെ ക്ഷണിച്ചതിന്റെ വെളിച്ചത്തിൽ അദ്ദേഹത്തിന്റെ പിൻഗാമിയായ പരിശുദ്ധ ലെയോ പതിനാലാമൻ പാപ്പാ ഇസ്റ്റാംബുൾ സന്ദർശിക്കാനൊരുങ്ങുകയാണ്. അവിടെ നിഖ്യാ സൂനഹദോസ് നടന്ന സ്ഥലത്ത് ഈ സഹോദരീ സഭകൾ ഒരുമിച്ചുകൂടി ഈ ചരിത്രസംഭവം അനുസ്മരിക്കുന്നത് എത്രയോ അർത്ഥവത്തായ ഒരു കാര്യമാണ്. അതിനോടു ചേർന്ന് ഭാരതത്തിലെ സഭാകൂട്ടായ്മകളാണ് ഈ വിഷയത്തെ ഏറ്റവും ഗൗരവമായെടുക്കുന്നതും പഠനങ്ങളും പ്രാർത്ഥനയും കൂടിവരവുകളും നടത്തുന്നതും. അതിന്റെ ഏറ്റവും തെളിമയാർന്ന ഒരുദാഹരണമാണ് 2025 സെപ്റ്റംബർ മാസം 19ന് മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ 95-ാം പുനരൈക്യ വാർഷികം അടൂരിൽ വച്ചു നടന്നപ്പോൾ ആഘോഷങ്ങളുടെ ഭാഗമായി നിഖ്യാ സൂന്നഹദോസിന്റെ 1700 വർഷങ്ങളെ അനുസ്മരിച്ചുകൊണ്ട് ഒരു എക്യുമെനിക്കൽ സഭാസംഗമം നടത്തിയതും സഹോദരീ സഭകളിലെ പിതാക്കൻമാരെല്ലാവരും പ്രതിനിധ്യ സ്വഭാവത്തിൽ അതിൽ പങ്കെടുത്തതും.

1700 വർഷം മുമ്പു നടന്ന ഒരു സഭാ കൂട്ടായ്മയ്ക്ക് 2025ൽ ഇത്രയും പ്രാധാന്യമുണ്ടോ? ഒരു ചക്രവർത്തി വിളിച്ചു കൂട്ടിയ, ഭരണപരമായ കാര്യങ്ങളുൾപ്പടെ അനേകം പ്രശ്നങ്ങളുടെ പരിഹാരത്തിനായി ശ്രമിച്ച, തന്റെ സാമ്രാജ്യത്തിന്റെ ഐക്യം മുന്നിൽ കണ്ടുകൂടി അദ്ദേഹം വിളിച്ചുകൂട്ടിയ ഒരു സഭാസംഗമത്തിന് ഇക്കാലത്ത് നിഖ്യായുമായി ഭൂമിശാസ്ത്രപരമായി ഒരു ബന്ധവുമില്ലാത്ത ഒരു സ്ഥലത്ത്, നമുക്കിടയിൽ എന്താണ് പ്രസക്തി?

നിഖ്യാ എന്നത് ഒരു സ്ഥലത്തിന്റെ പേരോ ഒരു പ്രമാണത്തിന്റെ പൊതുനാമമോ എന്നതിനപ്പുറത്ത് ക്രൈസ്തവ ഐക്യം വീണ്ടെടുക്കുന്നതിന് ഒരു പുനർവായനയ്ക്ക് പരിശുദ്ധാത്മാവ് നമ്മെ നിർബന്ധിക്കുന്ന ഒരാത്മീയ സങ്കേതമാണ്. യേശുക്രിസ്തുവിന്റെ സഭ തളരാൻ പാടില്ല. അതിന്റെ കെട്ടുറപ്പും ഐക്യവും അഭംഗുരം നാം കാത്തുസൂക്ഷിക്കേണ്ടതാണ്. മാർ ഈവാനിയോസ് തിരുമേനി പ്രബന്ധമെഴുതിയത് മലങ്കര സഭയ്ക്കു മുഴുവനും വേണ്ടിയാണ്. ഒരു പാഷണ്ഡതയുടെ ലേബൽ നമ്മെ ലജ്ജിപ്പിക്കാതിരിക്കാനാണ്. യേശുക്രിസ്തുവിന്റെ യഥാർത്ഥ സ്വഭാവത്തെ തള്ളിപ്പറഞ്ഞവരിൽ ഭാരതത്തിലെ അപ്പസ്തോലിക സഭ ഇല്ല എന്ന് ഖണ്ഡിതമായി അദ്ദേഹം സ്ഥിരീകരിച്ചത് നമുക്കെല്ലാവർക്കും വേണ്ടിയാണ്. അതിന്റെ തുടർച്ചയാണ് ഈ 1700-ാം വാർഷികാചരണവും അനുബന്ധ കൂടിവരവുകളും.

ക്രൈസ്തവ സഭയുടെ ചരിത്രത്തിലും ദൈവശാസ്ത്രത്തിലും നിഖ്യാ സൂനഹദോസിന്റെ പ്രസക്തി വളരെ വലുതാണ്. ക്രിസ്ത്യാനികളുടെ മുഴുവൻ സഭാ ഗാത്രത്തേയും അഭിസംബോധന ചെയ്യാൻ വിളിച്ചുകൂട്ടിയ ആദ്യത്തെ സുന്നഹദോസാണിത്. വിശ്വാസപരമായ വിഷയങ്ങളിൽ ഐക്യവും അടിസ്ഥാനവും ബലപ്പെടുത്താൻ ഈ സൂനഹദോസ് വലിയ പങ്കു വഹിച്ചു. 'ക്രിസ്തു ദൈവമല്ല, ദൈവത്താൽ സൃഷ്ടിക്കപ്പെട്ട ഒരു വ്യക്തി മാത്രമാണ്' എന്ന് വാദിച്ച അലക്സാണ്ഡ്രിയയിലെ പുരോഹിതനായ ആരിയൂസിന്റെ സിദ്ധാന്തത്തെ ഈ സൂനഹദോസ് നിരാകരിച്ചു. ദൈവപുത്രൻ, പിതാവായ ദൈവത്തോട് 'ഒരേ സത്തയുള്ളവൻ' (Homoousios) ആണെന്ന് പ്രഖ്യാപിച്ചുകൊണ്ട് ക്രിസ്തുവിന്റെ

www.malankaralibrary.com

# Nicaea at 1700



പൂർണ്ണമായ ദൈവികതയെ സൂനഹദോസ് സ്ഥാപിച്ചു. ഇത് പരിശുദ്ധ ത്രിത്വത്തിലുള്ള വിശ്വാസത്തിന് ശക്തമായ അടിത്തറ നൽകി. ക്രിസ്തീയ വിശ്വാസത്തിന്റെ അടിസ്ഥാന തത്വങ്ങൾ ഉൾക്കൊള്ളുന്നതും ലോകമെമ്പാടുമുള്ള മിക്ക ക്രിസ്ത്യൻ സഭകളും അംഗീകരിക്കുന്നതുമായ നിഖ്യാ വിശ്വാസപ്രമാണത്തിന്റെ ആദ്യഭാഗം ഈ സൂനഹദോസിൽ രൂപപ്പെടുത്തി. ഇത് സഭയുടെ ഐക്യത്തിനും പൊതുവായ വിശ്വാസ പ്രഖ്യാപനത്തിനും നിർണായകമായി. ഈസ്റ്റർ ആഘോഷിക്കുന്ന തീയതിയുമായി ബന്ധപ്പെട്ട തർക്കങ്ങൾ പരിഹരിച്ച്, പൊതുവായി അംഗീകരിക്കപ്പെട്ട ഒരു തീയതി നിശ്ചയിച്ചു. മെത്രാൻമാരെ വാഴിക്കുന്ന രീതി, പുരോഹിതരുടെ അച്ചടക്കം തുടങ്ങിയ സഭാഭരണവുമായി ബന്ധപ്പെട്ട നിരവധി നിയമങ്ങൾ (കാനോനകൾ) സൂനഹദോസ് പുറപ്പെടുവിച്ചു.

ചുരുക്കത്തിൽ, നിഖ്യാ സൂനഹദോസ് ക്രൈസ്തവ വിശ്വാസത്തിന് ഒരു ശക്തമായ ദൈവശാസ്ത്രപരമായ അടിത്തറ നൽകുകയും, സഭയുടെ ഐക്യം നിലനിർത്താൻ സഹായിക്കുകയും, ഭാവിയിലെ സാർവത്രിക സൂനഹദോസുകൾക്ക് ഒരു മാതൃക സ്ഥാപിക്കുകയും ചെയ്തു.

മലങ്കര സുറിയാനി കത്തോലിക്കാ സഭയെ സംബന്ധിച്ച് അവളുടെ ഓരോ നിശ്വാസത്തിലും മുഴങ്ങുന്ന ഒന്നാണ് സഭകളുടെ ഐക്യം. വൈവിധ്യങ്ങളുണ്ടെങ്കിലും ക്രിസ്തുവിന്റെ പേരിൽ, അവനിലുള്ള സത്യവിശ്വാസത്തിന്റെ പേരിൽ ഒരുമിച്ചു നിൽക്കുന്നതിന് നമുക്കു തടസങ്ങളില്ലല്ലോ. അപ്രകാരം ഒരുമിച്ചുനിൽക്കുന്നത് നമ്മെ ഏവരേയും ബലപ്പെടുത്തുക മാത്രമല്ല, അത് ഒരു വലിയ ക്രിസ്തീയ സാക്ഷ്യത്തിന് നിദാനമാവുകയും ചെയ്യും. ഒരു കാര്യം നമുക്ക് ഹൃദയപൂർവം ഓർക്കാം: മഹറോൻ ചൊല്ലിയതുകൊണ്ടും പുറത്താക്കിയതു കൊണ്ടും ഒരു സഭയും വളർന്നിട്ടില്ല. നമ്മെ ഒരുമിപ്പിക്കുന്ന കാരണങ്ങൾ ഏറെയാണ്. അകറ്റിനിർത്തുന്ന കാരണങ്ങൾ തുലോം കുറവാണ്. പക്ഷെ ഒരുമിപ്പിക്കുന്ന കാരണങ്ങൾക്ക് നാം വില കൊടുക്കുന്നില്ല. 'നിഖ്യ' നമ്മെ വീണ്ടും ചേർത്തുപിടിക്കട്ടെ!

നിങ്ങളുടെ പിതാവ്,

+Baselios Cleemis

✠ **കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് ബാവ**

**മേജർ ആർച്ചുബിഷപ്-കാതോലിക്കോസ്**

www.malankaralibrary.com




കവർ സ്റ്റോറി

# ഒരു കർത്താവും ഒരു വിശ്വാസവും




**ബിഷപ് ജോസഫ് മാർ ബർണബാസ്**
സഫ്രഗൻ മെത്രാപ്പോലീത്താ
റാന്നി-നിലയ്ക്കൽ ഭദ്രാസനം
മലങ്കര മാർത്തോമാ സുറിയാനി സഭ


ക്രിസ്തു വർഷം 325 നിഖ്യായിൽ നടന്ന ആദ്യത്തെ സാർവത്രിക സഭാ സൂനഹദോസിനെക്കുറിച്ച് നിങ്ങൾ കേട്ടിട്ടുണ്ടാവും. അതുമായി ബന്ധപ്പെട്ട ഒരു സമ്മേളനത്തിൽ ചില സൂനഹദോസ് ചിത്രങ്ങൾ പ്രദർശിപ്പിച്ചിരുന്നു. നിഖ്യാ സുനഹദോസിൽ വന്ന പിതാക്കന്മാരുടെ ചില ചിത്രങ്ങൾ ഞാനതിൽ കണ്ടു. അതിന്റെ പ്രത്യേകയെന്തെന്നാൽ അതിൽ സംബന്ധിച്ച പകുതി പേരും അംഗഭംഗം വന്നവരാണ്. ക്രിസ്ത്യാനിയാണ് എന്ന് പറഞ്ഞതിന്റെ പേരിൽ പീഡനം സഹിച്ച് വളർന്ന ഒരു സമൂഹത്തെ പ്രതിനിധീകരിച്ച മെത്രാന്മാർ ഒന്നിച്ചുകൂടിയാണ് വിശ്വാസം എന്താകുന്നുവെന്ന് അന്ന് ലോകത്തോട് പറഞ്ഞതും ഇന്ന് നാം അത് ഉൾക്കൊള്ളുന്നതും. ലളിതവും ഹ്രസ്വവുമായിരുന്നു ആ കൂട്ടായ്മ എങ്കിലും അത് വിശ്വാസം പ്രഖ്യാപനം ചെയ്യുന്ന ഒരു സമൂഹമായിരുന്നു. വിശ്വാസത്തിന്റെ ഒരു അടിസ്ഥാന പ്രഖ്യാപന രേഖയാണ് അവർ ലോകത്തോടു പങ്കുവച്ചത്. അങ്ങനെ നിഖ്യയായിൽ ഉരുത്തിരിഞ്ഞു വന്ന ആശയങ്ങളും ചിന്തകളുമെല്ലാം പിൽക്കാലത്ത് സഭയുടെ അടിസ്ഥാന വിശ്വാസ പ്രമാണങ്ങളായി മാറി.

യേശുക്രിസ്തുവിന്റെ ഉയർപ്പിനു ശേഷം വിശ്വാസസംബന്ധിയായ വലിയ പ്രശ്നങ്ങളുണ്ടായിരുന്നു. ശ്ലീഹന്മാരുടെ കാലഘട്ടത്തിന് ശേഷം പിന്നെയും പഠിപ്പിക്കലുകൾക്ക് വ്യത്യാസമുണ്ടായി. പുതുതായി സഭയിലേക്ക് വന്നവർ ആരും യേശു ദൈവമാണെന്ന് വിശ്വസിച്ചില്ല. എട്ടാം സങ്കീർത്തനം ചൊല്ലുന്നതുപോലെ – 'നീ അവനെ ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി തേജസ്സും ബഹുമാനവും അവനെ അണിയിച്ചു' – അതായിരുന്നു യേശു എന്ന് പഠിപ്പിച്ചു. ദൈവത്തോട് സമനാണ് യേശു എന്ന് പഠിപ്പിക്കുന്നതിന് സാധിച്ചില്ല. ദൈവത്തിന്റെ മനുഷ്യമുഖമാണ് യേശു എന്നതും അവർ പഠിപ്പിച്ചില്ല. അവർ അതിനെതിരായി നിന്ന് ദൈവത്തെക്കാൾ അല്പം മാത്രം താഴ്ത്തി വിക്ടറി സ്റ്റാൻഡേർഡിൽ, കുട്ടികൾ സ്പോർട്സിൽ ജയിക്കുന്ന പോലെ ഫസ്റ്റ് സെക്കൻഡ് തേർഡ് പ്ലേസ് പോലെ പിതാവായ ദൈവം ഒന്നാം സ്ഥാനം പുത്രൻ തമ്പുരാൻ രണ്ടാം സ്ഥാനം പരിശുദ്ധാത്മാവ് മൂന്ന് എന്നുള്ള ചിന്തയിൽ സഭയെ പഠിപ്പിച്ചു. അത് കാരണം അനേകം സഭകൾ ഉണ്ടായി, വിശ്വാസരാഹിത്യം ഉണ്ടായി, വേദവിപരീതങ്ങൾ ഉണ്ടായി.

അലക്സാണ്ട്രിയായിലെ ഒരു വൈദികനായിരുന്ന ആരിയൂസ്. അദ്ദേഹം പറഞ്ഞു; 'യേശു ദൈവത്തിന്റെ തനി സ്വരൂപമേ അല്ല, പുത്രൻ ദൈവത്തോട് സമനല്ല, പുത്രൻ ഇല്ലാതിരുന്ന ഒരു കാലം ഉണ്ടായിരുന്നു, എല്ലാ സൃഷ്ടിക്കും മുമ്പനായി പിതാവ് പുത്രനെ സൃഷ്ടിച്ചു, എന്നാൽ പുത്രനെ എടുത്ത ശരീരത്തിൽ ആത്മാവ് ഇല്ലായിരുന്നു.' ഇതൊക്കെയും ദുരുപദേശങ്ങളായി സഭയക്ക് ബോധ്യപ്പെട്ടു. അക്കാലത്ത് റോമാ ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ചു. കുരിശിലൂടെയാണ് രക്ഷ എന്നും കുരിശാണ് രക്ഷയുടെ മുഖാന്തരം എന്നും അദ്ദേഹത്തിന്റെ അമ്മയും അദ്ദേഹവും വിശ്വസിച്ചു. അങ്ങനെ അദ്ദേഹം പൂർണ്ണ ക്രിസ്ത്യാനിയായി തീർന്നു. ആരിയൂസ് പക്ഷക്കാരും സത്യവിശ്വാസികളും തമ്മിൽ വിശ്വാസത്തിൽ പോരാട്ടമുണ്ടായി ഇത് സമൂഹത്തിൽ രാഷ്ട്രത്തിൽ ഭിന്നത ഉളളവാക്കി



അപ്പോൾ ചക്രവർത്തി നിഖ്യായിൽ ഒരു സൂനഹദോസ് വിളിച്ചുകൂട്ടി. അതിൽ 318 മെത്രാന്മാർ പങ്കെടുത്തു എന്ന് പറയപ്പെടുന്നു. ഇന്ത്യക്കാരെ പ്രതിനിധീകരിച്ച് പേർഷ്യയിൽ നിന്ന് ഒരു മെത്രാനും മാർ യോഹന്നാൻ മെത്രാപ്പോലീത്തായും അതിൽ പങ്കെടുത്തു എന്നും കാണുന്നു. അന്ത്യോഖ്യയിലെ പാത്രിയർക്കീസ് മാർ ഒസ്താത്തിയോസ് യോഗത്തിൽ അധ്യക്ഷത വഹിച്ചു. സുന്നഹദോസ് ഉദ്ഘാടനം ചെയ്തു കൊണ്ട് ചക്രവർത്തി ഇപ്രകാരം പ്രസംഗിച്ചു; 'ക്രിസ്തുവിന്റെ പുരോഹിതന്മാരായ നിങ്ങൾ ഏകമനസ്സായിരിക്കണമെന്നും ആത്മാവിന്റെ ഐക്യത്തിൽ ഒരേ അഭിപ്രായം പുലർത്തണമെന്നുമുള്ളതാണ് എന്റെ അഭിപ്രായം ദൈവത്തിന്റെ സഭയിൽ വിഭജനമാണ് ഏറ്റവും വലിയ തിന്മ. ദൈവദാസന്മാരും സമാധാനം പകർന്നുനൽകുന്നവരുമായമായ നിങ്ങളുടെ ഇടയിൽ അത്തരം തിന്മയക്ക് യാതൊരു ഇടവും ഉണ്ടാകരുത്. അതിനാലാണ് വിശുദ്ധ സുന്നഹദോസിലേക്ക് നിങ്ങളെ ഞാൻ വിളിച്ചുകൂട്ടിയത്. നിങ്ങളുടെ ഇടയിൽ നുഴഞ്ഞുകയറിയ അഭിപ്രായഭിന്നതയെ പറ്റി കേട്ടപ്പോളുള്ള കടുത്ത ദുഃഖം മറ്റൊരിക്കലും ഞാൻ അനുഭവിച്ചിട്ടില്ല. വിഭജന ഹേതു എന്താണെന്ന് പരിശോധിച്ച് നിങ്ങളുടെ ഇടയിൽ സമാധാനവും അഭിപ്രായക്കുറവും പുനസ്ഥാപിക്കുക. ഈ തർക്കം ഇതോടെ അവസാനിക്കുകയാണ്.'

വിശ്വാസപ്രമാണത്തിന്റെ പ്രസക്തിയും അർത്ഥവും വ്യാപ്തിയും ചരിത്രവും ശാസ്ത്രവും നാം അറിഞ്ഞിരിക്കണം. സഭയുടെ ഏറ്റവും ശ്രേഷ്ഠമായ ഒരു പ്രാർത്ഥനയാണിത്; പിതാവായ ദൈവത്തിന്റെ ഉണ്മ, പുത്രൻ തമ്പുരാന്റെ തിരുവത്താഴരഹസ്യം, പരിശുദ്ധാത്മാവിന്റെ സ്ഥാനം, പ്രവർത്തനം ഏകവും വിശുദ്ധവും കാതോലികവും അപ്പോസ്തോലമായ പരിശുദ്ധ സഭ, വിശുദ്ധ മാമോദീസ, മരിച്ചവരുടെ പുനരുത്ഥാനം വരുവാനിരിക്കുന്ന പുതിയ ലോകവും പുതിയ ജീവനും തുടങ്ങിയ വിശ്വാസ സത്യങ്ങളൊക്കെ അതിൽ ഉൾപ്പെടുന്നു.

നിഖ്യയായിൽ തീരുമാനിച്ച പ്രത്യേക കാര്യങ്ങൾ താഴെ പറയുന്നവയാണ്: യേശു എന്ന പുത്രൻ പിതാവിനോട് ഏക സാരാംശം ഉള്ളവനാണ്. മാമ്മോദീസ ആവർത്തിക്കപ്പെടേണ്ട കാര്യമില്ല. ഈ കൂദാശ ഒരിക്കൽ മാത്രം. വസന്തകാലത്തെ സൂര്യൻ നേർനേരയിൽ കഴിഞ്ഞുവരുന്ന പൂർണ്ണചന്ദ്രനു ശേഷം വരുന്ന ആദ്യ ഞാറാഴ്ച ഉയർപ്പു പെരുന്നാളും അതിനനുസൃതമായി പെസഹായും ആചരിക്കണം. നിഖ്യ - കുസ്തന്തിനോപോളിസ് എന്നാണ് വിശ്വാസപ്രമാണത്തെ പറയുന്നത്. കാരണം ഇന്ന് നാം ഉപയോഗിക്കുന്ന വിശ്വാസപ്രമാണത്തിന്റെ മൂന്ന് നാല് കണ്ണികകൾ കുസ്തന്തിനോപോളിസിൽ വെച്ച് കൂട്ടിച്ചേർത്തതാണ്.

ഗ്രീക്ക് ഭാഷയിലാണ് ഈ പ്രഖ്യാപനങ്ങൾ ആദ്യം എഴുതപ്പെട്ടതെന്ന് വിശ്വസിക്കുന്നു. ക്രിസ്തു വിശ്വാസത്തിൽ അധിഷ്ഠിതമാണ് ക്രിസ്തീയ ജീവിതം. അത് നസ്രായന്റെ മാർഗ മാണ്.

ക്രിസ്തുവിശ്വാസി ആയിട്ടില്ലാത്ത പൊന്തി യോസ് പിലാത്തോസിനെ വിശ്വാസപ്രമാണ ത്തിൽ ചേർത്തിരിക്കുന്നു. അത്ഭുതകരമായ ഒരു കൂട്ടിച്ചേർക്കലാണിത്. ചരിത്രത്തിലേക്ക് അവതര ണനായ യേശു ഒരു ചരിത്രപുരുഷൻ തന്നെ എന്ന് സമർത്ഥിക്കുവാൻ ഇത് അത്യാവശ്യ മായിരുന്നു. അപ്പസ്തോലനായ വിശുദ്ധ പൗലോസ് തിമോത്തേയോസിന് എഴുതിയ രണ്ടാം ലേഖനം രണ്ടാം അധ്യായം എട്ടാം വാക്യം ഇപ്രകാരമാണ് 'ദാവീദിന്റെ വംശജനും മരിച്ച വരിൽ നിന്ന് ഉയർത്തവനുമായ യേശു' - അതാണ് സുവിശേഷം.

ചരിത്രപുരുഷനായ യേശു ദൈവത്തിന്റെ തനി സ്വരൂപമാണ്. യേശു പറയുന്നു; 'ഞാനും പിതാവും ഒന്നാകുന്നു എന്നെ കണ്ടവൻ പിതാ വിനെ കണ്ടിരിക്കുന്നു.' ക്രിസ്ത്യാനിക്ക് പീലാ ത്തോസിനോട് എതിർപ്പുണ്ട് എന്നാൽ രണ്ടു കാര്യത്തിൽ പീലാത്തോസ് ഒരു തരത്തിൽ മാന്യനാണ്. അദ്ദേഹം പറഞ്ഞു; മനുഷ്യപുത്ര നായ യേശുവിനെതിരായി ചുമത്തപ്പെട്ട കുറ്റപത്രം അദ്ദേഹം കീറിക്കളഞ്ഞു. യഹൂദന്മാരോട് പീലാ ത്തോസ് എന്ന ഗവർണർ പറഞ്ഞു; ഈ മനുഷ്യ നിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല. (വി. യോഹന്നാൻ 19:4) വേറൊരു സമയത്ത് പിലാ ത്തോസ് യേശുവിനെ ചൂണ്ടിക്കാണ്ട് ജനത്തോട് പറഞ്ഞു 'യക്കോഹോമോ' ഇതാണ് ആ മനുഷ്യൻ. ഇതാണ് ആ മനുഷ്യൻ, ഇതാണ് ഒരേ ഒരു മനുഷ്യൻ, ഇതാണ് പൂർണ്ണ മനുഷ്യൻ.

സത്യാനന്തര കാലം എന്ന് ബുദ്ധിമാന്മാർ പ്രചരിപ്പിക്കുന്ന ഈ കാലം ക്രിസ്ത്യാനികളായ നമ്മളോട് എന്തു പറയുന്നുവെന്നത് നാം ശ്രദ്ധിക്കണം. ആദ്യ നൂറ്റാണ്ടിലെ പോലെ ക്രിസ്ത്യാനികൾ വിവിധ രാജ്യങ്ങൾ നിഷ്ഠൂ രമായി പീഡിപ്പിക്കപ്പെടുന്നു. ഏതാനും ആഴ്ച കൾക്കു മുമ്പ് എന്നെ കാണാൻ വന്ന ഇറാഖിലെ ഒരു വൈദികൻ പറഞ്ഞു; വിശ്വാസപ്രമാണം ആഘോഷിക്കാൻ വേണ്ടി കൂടിവന്ന പള്ളിയുടെ മുൻപിൽ ഹെലികോപ്റ്റർ താഴ്ത്തിറക്കി പള്ളി യുടെ മേൽക്കുര മുഴുവൻ തകർത്തു കളഞ്ഞു. പിറ്റേ ദിവസം അവർ 100 പേരും ചേർന്ന് ഒരു പ്ലക്കാർഡോടുകൂടെ വിശ്വാസപ്രമാണം എഴുതി വന്നു. മൂന്നാം ദിവസം ഒരു പത്തു വയസ്സുകാരനെ അവർ ശിരഛേദം ചെയ്തു കളഞ്ഞു, അപ്പോഴും അവർ വിശ്വാസത്തിൽ ഉറച്ചുനിന്നു. ഇവിടെ നമ്മൾ സന്തോഷമായി സമാധാനമായി ജീവി ക്കുന്നു. എന്നാൽ ലോകത്തിന്റെ നാനാഭാഗത്ത് ഇന്നും ക്രിസ്ത്യാനികൾ കൊല്ലപ്പെടുന്നു. പള്ളിയിൽ പോകാൻ ആളുകൾ മടിക്കുന്ന ഒരു കാലം. ക്രിസ്ത്യാനിയായി ജീവിക്കുന്നതിൽ ഭയപ്പെടുന്ന ഒരു കാലം! ഓരോ ദിവസവും ഞാൻ പള്ളിയിൽ പോകുമ്പോൾ ആളുകളോട് പറയാ റുണ്ട് - നിങ്ങളുടേത് നല്ലൊരു ആരാധനാ സമൂഹ മാണ്, എന്നാൽ പള്ളിയിൽ പോകാൻ കഴിയാത്ത ക്രിസ്ത്യാനികളെ ഓർത്ത് പ്രാർത്ഥിക്കണം.

'ദൈവമേ ഈ സാത്താനിക ശക്തിയിൽ നിന്ന് നിന്റെ ജനത്തെ രക്ഷിക്കണമേ' എന്ന് നാം പ്രാർത്ഥിക്കണം. പാഷണ്ഡതകൾ പുതിയ രൂപ ത്തിൽ വർദ്ധിച്ചു വരുന്നു. സത്യവിശ്വാസത്തെ അത് ഞെരുക്കുന്നു. യേശു ഉയർത്തിട്ടില്ല, ശരീര ത്തോടെ നാം ഉയർക്കില്ല, രണ്ടാമത്തെ വരവ് മിഥ്യയാണ് എന്നൊക്കെ പ്രചരിപ്പിക്കുന്നവർ നിരവധിയാണ്. ഏഴുനേരം നമസ്കാരം നാം ചൊല്ലുമ്പോൾ ക്രിസ്താനുഭവം നാം ശരീരത്തിൽ ഏൽക്കുകയാണ്. യേശുവിന്റെ ക്രൂശു മരണത്തെ നാം ഓർക്കുകയാണ്. ഇതെല്ലാം ക്രിസ്തു ബന്ധത്തിൽ നമ്മെ വളർത്തുന്നതാണ്. എന്നാൽ അതിനെതിരായുള്ള സംഭവങ്ങൾ നമ്മുടെ മുമ്പിൽ നിൽക്കുന്നു. ക്രിസ്തു ജീവിതത്തിന്റെ പ്രധാന സംഭവങ്ങൾ അവർക്ക് ഏതുമില്ല. 'പ്രകൃതിയാണ് ദൈവം, പ്രപഞ്ചമാണ് സത്യം, മാനവസേവയാണ് മതം' - ഇതെല്ലാം ഇന്നിന്റെ സുവിശേഷങ്ങളായി മാറിയിരിക്കുന്നു.

നമ്മുടെ നാട്ടിൽ ഉണ്ടായിട്ടുണ്ടായ വിശ്വാസ വൈരുധ്യങ്ങൾ നിരവധിയാണ്. 1881 ഒക്ടോബർ രണ്ടിന് ക്രിസ്തുവിന്റെ രണ്ടാം വരവ് പ്രവചിച്ച യുയോമയം എന്ന സഭ സ്ഥാപിച്ച ക്രിസ്തോസ് ജോസഫ് എന്നൊരു വൈദികൻ നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നു. യുഗാന്ത്യം അടുത്തിരിക്കുന്നു എന്ന് വിശ്വസിക്കുന്നവരുടെ കൂട്ടായ്മയായ എമ്പറർ ഇമ്മാനുവേൽ ആ സഭയിലൂടെ മാത്രമേ രക്ഷ ഉണ്ടാകൂ എന്ന് പഠിപ്പിക്കുന്നു. യേശുവിന്റെ ദൈവത്വത്തെ നിഷേധിക്കുന്ന ഫ്രീ മസിയാനിക് കൾട്ട്, സേറ്റാനിക് വർഷിപ്പ് ഗ്രൂപ്പ് ഇതെല്ലാം ഇന്ന്

നമ്മുടെ പട്ടണങ്ങളും നമ്മുടെ ചുറ്റുപാടും നമ്മുടെ യൗവനക്കാരായ മക്കളെ വിളിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ ആകൃഷ്ടരായി വിശ്വാസം വിട്ടകലുന്ന മക്കളുടെ എണ്ണം കൂടിവരുന്നു.

ഞാൻ ഒരിക്കൽ എന്റെ സമൂഹത്തിലെ ക്രിസ്തു വിശ്വാസത്തെ കുറിച്ച് അറിയാൻ ഒരു ഡേറ്റ കളക്ഷൻ നടത്തി. പല കാര്യങ്ങൾ അവരോട് ചോദിച്ചു. എന്നാൽ ഒരു ചോദ്യം ഉണ്ടായിരുന്നു. Do you believe in jesus christ? അതിൽ അഞ്ചെട്ട് കുട്ടികൾ എഴുതി l don't believe in jesus christ. നമ്മുടെ മക്കളാണ് പറയുന്നത്. അത് കേൾക്കുന്നതും വായിക്കുന്നതും ദുഃഖവും സങ്കടവുമാണ്. നമ്മുടെ കൂട്ടത്തിൽ നിന്ന് വിശ്വാസം ത്യജിച്ചു പോകുന്ന മക്കൾ. അതുകൊണ്ടാണ് ഞാൻ പറയുന്നത് നിങ്ങളുടെ കൊച്ചുമക്കളെ 10 വയസ്സിനുള്ളിൽ സഭയെക്കുറിച്ചും വിശ്വാസത്തെ കുറിച്ചും പഠിപ്പിക്കണം. അതിൽ നിലനിൽക്കാൻ അവരെ പ്രേരിപ്പിക്കണം. ഇത്തരം സാഹചര്യങ്ങളിൽ പിടിച്ചുനിൽക്കുവാനും വിശ്വാസത്തിൽ ഉറച്ചുനിൽക്കുവാനും നമുക്ക് ബലവും സങ്കേതമാണ് ഈ വിശ്വാസ പ്രമാണം.



സഭകൾ തമ്മിലുള്ള ബന്ധത്തിൽ അകൽച്ചയും ഭിന്നതയും സംഭവിക്കുന്ന ഒരു കാലത്താണ് നാം ജീവിക്കുന്നത്. നമുക്ക് ഒന്നിച്ച് പ്രാർത്ഥിക്കാൻ പോലും എത്ര തടസ്സങ്ങളാണ് ഉള്ളത്. യേശുവിനെ രക്ഷകനായി സ്വീകരിക്കുന്ന ഏത് മനുഷ്യനോടും ചേർന്നു നിൽക്കാൻ നമുക്ക് കഴിയണം. കഴിഞ്ഞ വർഷം റോമിൽ പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ തിരുമേനിയും ലെബനോനിലെ പരിശുദ്ധ അപ്രേം പത്രിയാർക്കീസ് ബാവായെയും സന്ദർശിക്കുന്നതിന് ദൈവം എനിക്കൊരു കൃപ ചെയ്തു. രണ്ടു പിതാക്കന്മാരും എന്നോട് പങ്കിട്ട ഒരു അവരുടെ മനസ്സിന്റെ ഭാരം 'When we can meet together in the Lord's table'? എന്നത്. എന്നെ കോരിത്തരിപ്പിച്ചതും സന്തോഷിപ്പിച്ചതുമായ വാക്കുകളാണ് അവ. രണ്ടുപേരും ഒരേപോലെ പറയുന്നു; We can meet together in the Lord's table. ദൈവത്തിന്റെ സഭ മുറിഞ്ഞിരിക്കുന്നു അതിന്റെ വേദനയുള്ളവൻ ആയിരിക്കണം ഒരു ക്രിസ്ത്യാനി. ഇന്ന് നമ്മെ ഒന്നിപ്പിക്കുന്നതിനും പാഷണ്ഡതയെ എതിർക്കുന്നതിനും ഒരു ചക്രവർത്തി ഇല്ലാതിരിക്കുന്നു.

കാലമേറെ ചെന്നിട്ടും 1700 വർഷം പിന്നിട്ടും സ്വർണത്തിന്റെ മാറ്റ് കുറഞ്ഞു പോകാത്തതുപോലെ ഈ പ്രമാണം നമ്മുടെ വിശ്വാസ ജീവിതത്തിന് ശോഭയും ഉറപ്പും നൽകുന്നു. ക്രിസ്തു സംഭവം ഓരോ പ്രാവശ്യം നാം ഏറ്റു പറയുമ്പോഴും ക്രിസ്തു നമ്മിൽ ഉരുവാകുന്നു. വചനം ജഡം ധരിച്ച അനുഭവം. പഴയ നിയമ കാലത്തും ഇസ്രായേൽ മക്കൾ തങ്ങളുടെ വിശ്വാസം ഏറ്റു പറഞ്ഞിരുന്നു. സംഖ്യാപുസ്തകം 15-ാം അധ്യായത്തിലും ആവർത്തന പുസ്തകം ആറാം അധ്യായത്തിലും അത് പറയുന്നു. നമ്മുടെ വിശ്വാസപാതയിൽ നമുക്ക് വഴികാട്ടിയായി ആകമാന സഭകൾ അംഗീകരിക്കുന്ന കുസ്തന്തിനോപോളിസ്, എഫസോസ് സുന്നഹദോസുകളിൽ അവരുടെ തീരുമാനങ്ങളെയും അതിലുൾപ്പെട്ട പൂർവികരെയും നമുക്ക് ഓർക്കാം.

നിഖ്യാവിശ്വാസ പ്രമാണം വെറും ഒരു ചരിത്രരേഖയല്ല. അത് നമ്മുടെ ക്രൈസ്തവ വിശ്വാസത്തിന്റെ ഹൃദയസ്പന്ദനമാണ്. സഭയുടെ ജീവന്റെ ശ്വാസം. തലമുറകളെ ബന്ധിപ്പിക്കുന്ന ആത്മീയ പാലമാണ് ഇത്. 1700 വർഷങ്ങൾക്കു



മുൻപ് രൂപപ്പെട്ടതെങ്കിലും ഇന്നും അതിന്റെ പ്രസക്തി ക്ഷയിച്ചിട്ടില്ല. അതിൽ നിന്ന് നാം ഏറെ പഠിക്കേണ്ടതുണ്ട്. വിശ്വാസം അഭിപ്രായമല്ല, അത് സത്യമാണ്. വിശ്വാസം വാദമല്ല, അത് ജീവിതമാണ്. വിശ്വാസം പഴക്കം ചെന്ന രേഖയല്ല, അത് ഓരോ ദിവസവും നമ്മെ ക്രിസ്തുവിൽ പുതുക്കുന്ന ശക്തിയാണ്. അതുകൊണ്ട് ഇന്ന് നാം ഒരുമിച്ച് പ്രഖ്യാപിക്കാം 'ഞങ്ങൾ വിശ്വസിക്കുന്നു'. വിശ്വസിക്കുന്നതിനാൽ നാം ജീവിക്കുന്നു വിശ്വസിക്കുന്നതിനാൽ നാം ഒന്നിക്കുന്നു. വിശ്വസിക്കുന്നതിനാൽ നമുക്ക് പ്രത്യാശയുണ്ട്. നീഖ്യാവിശ്വാസപ്രമാണം പോലെ നമ്മുടെ ജീവിതവും ഒരു പ്രഖ്യാപനമായി ലോകത്തോട് സാക്ഷ്യം പറയാം. യേശു തന്നെ കർത്താവും യേശു തന്നെ ദൈവവും രക്ഷകനും എന്ന് നമുക്ക് ഭാഗ്യവാനായ തോമാശ്ലീഹയോട് ചേർന്ന് പ്രാർത്ഥിക്കാം.

എഫേസോസ് ലേഖനത്തിൽ പൗലോസ് ശ്ലീഹാ പഠിപ്പിക്കുന്നു; 'ഒരേ പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ ഒരു ശരീരവും ഒരു ആത്മാവുമാണുള്ളത്. ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളു. സകലതിലുമുപരിയും സകലതിലൂടെയും സകലതിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവം ഒരുവൻ മാത്രം' (എഫേസോസ് 4 : 4-6). ഈ വലിയ വിശ്വാസത്തിൽ ഉറച്ചു നിൽക്കാൻ ദൈവമേ തിരുസഭയെ ശക്തീകരിക്കണമേ.

*(മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ 95-ാം പുനരൈക്യ സഭാസംഗമത്തോടനുബന്ധിച്ച് സംഘടിപ്പിച്ച നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷിക സമ്മേളനത്തിൽ നടത്തിയ ഉദ്ഘാടന പ്രസംഗത്തിൽ നിന്ന്)*

## ഉപകാരസ്മരണ



ഒരു വിശ്വാസി

www.malankaralibrary.com





# നിഖ്യാ സൂനഹദോസ്

## ചരിത്രം, ദൈവശാസ്ത്രം, പ്രസക്തി



**റവ. ഡോ. ജോളി കരിമ്പിൽ**
പ്രൊഫസർ, സെന്റ് മേരീസ് മലങ്കര മേജർ സെമിനാരി

### ആമുഖം

ക്രിസ്തീയ ചരിത്രത്തിലെ ഒരു സുപ്രധാന നാഴികക്കല്ലായ ഒന്നാം നിഖ്യാ സൂനഹദോസിന്റെ 1700-ാം വാർഷികം ആഘോഷിക്കുന്ന ഈ വേളയിൽ, ഈ സംഭവത്തിന്റെ ചരിത്രപരമായ പ്രാധാന്യവും കാലിക പ്രസക്തിയും പരിശോധിക്കേണ്ടത് തികച്ചും ഉചിതമാണ്. സഭയുടെ ആദ്യത്തെ സാർവത്രിക സൂനഹദോസ് (Ecumenical Council) എന്ന നിലയിൽ, വിശ്വാസത്തിന്റെ അടിസ്ഥാന തത്വങ്ങളെച്ചൊല്ലി ഉടലെടുത്ത വലിയ തർക്കങ്ങൾക്ക് പരിഹാരം കാണാനും ക്രൈസ്തവ ലോകത്തെ ഒന്നിപ്പിക്കാനും ലക്ഷ്യമിട്ട ഒരു മഹാസമ്മേളനമായിരുന്നു ഇത്. പീഡനങ്ങളുടെ

നിഴലിൽ നിന്ന് സ്വാതന്ത്ര്യത്തിലേക്ക് സഭ ചുവടു വെച്ച ഒരു നിർണ്ണായക ഘട്ടത്തിലായിരുന്നു സൂനഹദോസ് വിളിച്ചുചേർക്കപ്പെട്ടത്. നിഖ്യാ സൂനഹദോസിന്റെ പ്രാധാന്യം മനസ്സിലാക്കാൻ, അത് വിളിച്ചുചേർക്കപ്പെട്ട ചരിത്രപരമായ പശ്ചാത്തലം ആദ്യം നാം ഗ്രഹിക്കേണ്ടതുണ്ട്.

**ചരിത്ര പശ്ചാത്തലം**

റോമൻ ക്രൈസ്തവ വിശ്വാസം ഉടലെടുത്തതു മുതൽ വിശാലമായ സാമ്രാജ്യത്തിനുള്ളിൽ ക്രിസ്ത്യാനികൾ വ്യാപകമായ പീഡനങ്ങൾ നേരിട്ടുകൊണ്ടിരുന്നു. എ.ഡി. 313-ൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ മിലാൻ വിളംബരത്തിലൂടെ (Edict of Milan), ക്രൈസ്തവചരിത്രത്തിലാദ്യമായി, ക്രിസ്ത്യാനികൾക്ക് നിർഭയമായും സ്വതന്ത്രമായും ആരാധന നടത്താനും, അവരുടെ സമൂഹത്തിന് പരസ്യമായി വളരാനും വേദിയൊരുങ്ങി. ഒരുവശത്ത്, സഭയ്ക്ക് വളരാൻ അവസരം ലഭിച്ചപ്പോൾ, മറുവശത്ത് അതിന്റെയുള്ളിൽ രൂപപ്പെട്ട ദൈവശാസ്ത്രപരമായ വലിയ ഭിന്നതകൾ സഭയുടെ ഐക്യത്തിന് കനത്ത ഭീഷണിയുയർത്തി.

**ദൈവശാസ്ത്ര പ്രതിസന്ധി: യേശുവിന്റെ ദൈവത്വം മനസ്സിലാക്കാനുള്ള ശ്രമം**

സഭയുടെ ആരംഭ ഘട്ടം മുതൽ തന്നെ യേശുക്രിസ്തുവിനെ കേന്ദ്രീകരിച്ചുള്ള വിശ്വാസ പ്രഖ്യാപനങ്ങളും ഉണ്ടായിരുന്നു. യേശു, മിശിഹായാണെന്നത് ആദിമസഭയിലെ അടിസ്ഥാന വിശ്വാസ പ്രഖ്യാപനമായിരുന്നു. പഴയനിയമത്തിൽ മിശിഹായെപ്പറ്റിയുള്ള പ്രവചനങ്ങളും സൂചനകളും യേശുവിൽ പൂർത്തീകരിക്കപ്പെടുന്നതായി പുതിയ നിയമം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ആദിമ ക്രൈസ്തവരുടെ മറ്റൊരു പ്രധാനപ്പെട്ട വിശ്വാസ പ്രഖ്യാപനം 'യേശു കർത്താവാണ്' എന്നതായിരുന്നു. പഴയനിയമത്തിൽ ദൈവത്തെ സൂചിപ്പിക്കുന്നതിനായി ഉപയോഗിച്ചിരുന്ന 'അദോനായ്' എന്ന ഹീബ്രു പദത്തിന്റെ ഗ്രീക്ക് പരിഭാഷയായ 'കിരിയോസ' (കർത്താവ്) എന്ന നാമമാണ് ആദിമ ക്രൈസ്തവ സഭ യേശുവിനെ പ്രതിനിധീകരിക്കാൻ ഉപയോഗിച്ചിരുന്നത്. ഈ പ്രഖ്യാപനത്തിലൂടെ യേശുവിന്റെ ദൈവത്വമാണ് ആദിമ സഭ ഏറ്റുപറയാൻ ശ്രമിച്ചത്.

ആദിമ ക്രൈസ്തവസമൂഹം തങ്ങളുടെ വിശ്വാസം പ്രഘോഷിച്ചപ്പോൾ, പ്രധാനമായും രണ്ടുതരം വെല്ലുവിളികളാണ് നേരിട്ടത്.

a) യഹൂദ പശ്ചാത്തലത്തിൽ: ഏകദൈവവിശ്വാസത്തിന് വിരുദ്ധമായ ഏതൊരു ചിന്തയും കടുത്ത ദൈവനിഷേധമായി കണക്കാക്കപ്പെട്ടിരുന്നു. അതിനാൽ, ക്രിസ്ത്യാനികൾ പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ മൂന്നു ദൈവങ്ങളെ ആരാധിക്കുന്നു എന്ന തെറ്റിദ്ധാരണയെ അവർക്ക് പ്രതിരോധിക്കേണ്ടിയിരുന്നു. ഇതിനായി, തങ്ങൾ ഏക ദൈവവിശ്വാസികൾ തന്നെയാണെന്ന് അവർക്ക് ഊന്നിപ്പറയേണ്ടി വന്നു.

b) വിജാതീയ പശ്ചാത്തലത്തിൽ: നിരവധി ദേവന്മാരും മൂർത്തികളുമുള്ള ഒരു ലോകത്തിൽ, യേശു പല ദേവന്മാരിൽ ഒരാളല്ല, മറിച്ച് ഏകസത്യ ദൈവത്തിന്റെ ഏകപുത്രനാണെന്ന് സ്ഥാപിക്കേണ്ടത് അനിവാര്യമായിരുന്നു.

ഇപ്രകാരം, തങ്ങളുടെ വിശ്വാസം ഒരേ സമയം ഏകദൈവവിശ്വാസത്തിൽ അധിഷ്ഠിതമാണെന്ന് ഉറപ്പിക്കുകയും, അതോടൊപ്പം പിതാവും പുത്രനും പരിശുദ്ധാത്മാവും മൂന്ന് ദൈവങ്ങൾ അല്ലെന്ന് സ്ഥാപിക്കുകയും ചെയ്യുക എന്നതായിരുന്നു ആദിമ സഭയുടെ പ്രധാന ദൗത്യം.

ആദിമ ക്രൈസ്തവ സമൂഹത്തിനു തങ്ങളുടെ ഈ വിശ്വാസം വിശദീകരിക്കാൻ, ഗ്രീക്ക് തത്ത്വചിന്തയിൽ നിന്ന് ദാർശനിക പദങ്ങൾ പലപ്പോഴും കടമെടുക്കേണ്ടിവന്നു. എന്നാൽ ഈ പദങ്ങൾക്ക് അവയുടെ മൗലികമായ അർത്ഥങ്ങളുണ്ടായിരുന്നു. തന്മൂലം ഈ പദങ്ങൾ എല്ലായ്പ്പോഴും ക്രിസ്തീയ വിശ്വാസത്തിന്റെ അതുല്യമായ രഹസ്യങ്ങളെ വിവരിക്കാൻ പര്യാപ്തമായിരുന്നില്ല. ഇത് വിശ്വാസ സംബന്ധമായ ആശയങ്ങളുടെ തെറ്റായ വ്യാഖ്യാനത്തിന് കാര്യമായ ഇടം സൃഷ്ടിക്കുകയും, വ്യാപകമായ വിവാദങ്ങൾക്കും പാഷണ്ഡതകൾക്കും കാരണമായിത്തീരുകയും ചെയ്തു.

**പ്രധാന പാഷണ്ഡ പ്രവണതകൾ**

ഈ സംവാദങ്ങളിൽ നിന്ന് രണ്ട് പ്രധാന തരം തെറ്റായ പ്രബോധനങ്ങൾ (Heresies) ഉയർന്നു വന്നു:




a. സബോർഡിനേഷനിസം: പുത്രൻ പിതാവിന് സമനല്ലെന്നും പിതാവിൽ നിന്നും ഒരുപടി താഴ്ന്നവനാണെന്നും ഈ പാഷണ്ഡത തെറ്റായി പഠിപ്പിക്കുന്നു. ഒരു മനുഷ്യൻ മാത്രമായിരുന്ന യേശു, സ്നാന സമയത്താണ് ദൈവപുത്രനായി 'ദത്തെടുക്കപ്പെട്ടത്' എന്ന ദത്തെടുക്കൽവാദവും (Adoptionism) ഈ പാഷണ്ഡതയുടെ ഒരു വകഭേദമായി ഉടലെടുത്തു.

b. മോഡലിസം: ദൈവം ഏക വ്യക്തിയാണ്; പിതാവും പുത്രനും പരിശുദ്ധാത്മാവും ഏകനായ ദൈവത്തിന്റെ മൂന്ന് വ്യത്യസ്ത ഭാവങ്ങളാണ്/രൂപങ്ങളാണ് (Modes). ഈ പാഷണ്ഡ ചിന്ത മോഡലിസം എന്നറിയപ്പെടുന്നു.

c. ആരിയൻ പാഷണ്ഡത: നിഖ്യാ കൗൺസിലിന് കാരണമായത് ആരിയനിസം എന്നറിയപ്പെടുന്ന ഒരു ശക്തമായ പാഷണ്ഡതയായിരുന്നു. ഇത് സബോർഡിനേഷനിസം വിഭാഗത്തിൽ പെടുന്നു. ആരിയൂസ് (250-336) ഈജിപ്തിലെ അലക്സാണ്ട്രിയയിൽനിന്നുള്ള ഒരു പുരോഹിതൻ ആയിരുന്നു. ലിബിയയിൽ ജനിച്ച് ആന്ത്യോക്യായിൽ വിദ്യാഭ്യാസം നേടിയ അദ്ദേഹം, അക്കാലത്ത് ഏറ്റവും സ്വാധീനമുണ്ടായിരുന്ന അന്ത്യോക്യൻ വേദപാഠശാലയിലെ പ്രമുഖനായ പണ്ഡിതൻ ലൂസിയന്റെ വിദ്യാർത്ഥിയായിരുന്നു. എ. ഡി. 318-ൽ, ആരിയൂസ് പരമ്പരാഗത ക്രിസ്തീയ വിശ്വാസത്തിൽ (Traditional Christian Belief) നിന്ന് വ്യത്യസ്തമായ ഒരു സിദ്ധാന്തം പഠിപ്പിക്കാൻ തുടങ്ങി.

ആരിയുസിന്റെ പഠിപ്പിക്കൽ ചില തിരുവെഴുത്തു ഭാഗങ്ങളുടെ യുക്തിസഹമായ വ്യാഖ്യാനത്തെയും (ഉദാ. 'കർത്താവ് തന്റെ സൃഷ്ടി കർമത്തിന്റെ ആരംഭത്തിൽ, തന്റെ എല്ലാ ആദ്യസൃഷ്ടികളിലും ആദ്യത്തേതായി എന്നെ സൃഷ്ടിച്ചു' (സുഭാ. 8:22). ദൈവത്തെക്കുറിച്ചുള്ള ഒരു ദാർശനിക ധാരണയെയും അടിസ്ഥാനമാക്കിയുള്ളതായിരുന്നു.

### ആരിയൂസിന്റെ പ്രധാന വാദങ്ങൾ ഇവയായിരുന്നു

യോഹന്നാൻ 1:18-ൽ പുത്രനെ 'ഏകജാതൻ' എന്ന് വിളിക്കുന്നതിനെ ഉദ്ധരിച്ച്, ആരിയൂസ് ഇങ്ങനെ വാദിച്ചു:

i) പിതാവ് പുത്രനെ 'ജനിപ്പിച്ചു' എങ്കിൽ, പുത്രൻ നിലവിലില്ലാതിരുന്ന ഒരു കാലം ഉണ്ടായിരിക്കണം (There was a time when he [the Son] was not). അതിനാൽ, പുത്രൻ പിതാവിനൊപ്പം നിത്യനല്ല (the Son was not co-eternal with the Father). ഏകദൈവം ജനിക്കുകയോ ജനിപ്പിക്കുകയോ ചെയ്യുന്നില്ല. പിതാവായ ദൈവം മാത്രമാണ് നിത്യനും ജനിക്കാത്തവനും.

ii) പുത്രന് ഒരു തുടക്കമുണ്ടെങ്കിൽ, അവൻ ഒരു സൃഷ്ടി ആയിരിക്കണം – എല്ലാസൃഷ്ടികളെയും കാൾ മുൻപ് സൃഷ്ടിക്കപ്പെട്ടവനും സൃഷ്ടികളിൽ ഏറ്റവും ഉന്നതനുമായവൻ, എന്നിരുന്നാലും ഒരു സൃഷ്ടി മാത്രമാണ് പുത്രൻ. ബൈബിൾ യേശുവിനെ പ്രിയപുത്രൻ, ഏകജാതൻ എന്നൊക്കെ വിളിക്കുന്നത് ആദ്യത്തെ സൃഷ്ടി എന്ന അർത്ഥത്തിലാണെന്നും ആരിയൂസ് വാദിച്ചു.

iii) വചനമായ പുത്രൻ സത്താപരമായി പിതാവിൽ നിന്ന് വ്യത്യസ്തമാണ്. ഒരു സൃഷ്ടി എന്ന നിലയിൽ, പുത്രന് പിതാവിന്റെ അതേ ദൈവിക സത്ത (ousia) ഉണ്ടാകാൻ കഴിയില്ല. അതിനാൽ, പുത്രൻ പിതാവിന് തുല്യനല്ല, മറിച്ച് അവന് കീഴെയായിരുന്നു (The Son was subordinate to the Father, not equal to Him).

ചുരുക്കത്തിൽ, ആരിയൂസ് വാദിച്ചത്: ദൈവിക സത്ത ഒന്നേയുള്ളുവെങ്കിൽ അതിൽ മറ്റൊരാൾക്ക് പങ്കു ചേരാൻ കഴിയില്ല. പിതാവ് മാത്രമാണ് യഥാർത്ഥ ദൈവം. മറ്റെല്ലാവരും സൃഷ്ടികൾ മാത്രമാണ്. ദൈവത്തിന്റെ ആദ്യജാതനാണ് പുത്രൻ. പിതാവിൽ നിന്ന് ജനിക്കുന്നതിനു മുൻപ് പുത്രൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു. എല്ലാവരെയുംകാൾ മുൻപ് സൃഷ്ടിക്കപ്പെട്ട പുത്രൻ എല്ലാ സൃഷ്ടികൾക്കും ഉന്നതനാണ്, എന്നാൽ പിതാവിന് സമനല്ല.

ക്രിസ്തുവിന്റെ ദൈവത്വത്തെക്കുറിച്ചുള്ള അടിസ്ഥാന ക്രിസ്തീയ വിശ്വാസത്തിന് ഈ സിദ്ധാന്തം ഭീഷണിയായി നിലനിന്നു. ഇത് കിഴക്കൻ റോമൻ സാമ്രാജ്യത്തിലുടനീളം (Eastern Roman Empire) വ്യാപകമായ ആശയക്കുഴപ്പത്തിനും ദൈവശാസ്ത്ര സംഘർഷത്തിനുംകാരണമായി. അലക്സാണ്ട്രിയയിലെ അദ്ദേഹത്തിന്റെ മെത്രാൻ അലക്സാണ്ടർ, പ്രബോധനത്തിൽ നിന്ന് പിന്മാറണമെന്നു അദ്ദേഹത്തിനു മുന്നറിയിപ്പ് നൽകി. അതിനു വിസമ്മതിച്ചപ്പോൾ 323 ൽ ആരിയൂസിനെ സഭയിൽ നിന്ന് മെത്രാൻ പുറത്താക്കി. എങ്കിലും ആരിയൂസിന് ഈജിപ്തിനു പുറത്ത് ശക്തമായ പിന്തുണ ലഭിക്കുകയും സംഘർഷം കിഴക്കൻ സഭയെ വേഗത്തിൽ ഭിന്നിപ്പിക്കുകയും ചെയ്തു. നിക്കോമിദിയായിലെ എവൂസേബിയൂസ് മെത്രാന്റെ സഹായത്തോടെ ആരിയൂസ് തന്റെ പ്രബോധനങ്ങൾ തുടർന്നു.

ആരിയൂസിന്റെ പ്രബോധനം സംബന്ധിച്ച ഈ ചർച്ച റോമൻ സാമ്രാജ്യത്തിൽ ഒരു പ്രധാന സാമൂഹിക പ്രശ്നമായി മാറി. എതിരാളികളായ ദൈവശാസ്ത്ര വിഭാഗങ്ങൾ തമ്മിൽ തെരുവുകളിൽ പോരാടിയതായി റിപ്പോർട്ടുണ്ട്. മതപരമായ ഈ വിഭജനം തന്റെ സാമ്രാജ്യത്തിൻറെ ഐക്യത്തിന് ഭീഷണിയാകുമെന്ന് ആശങ്കാകുലനായ കോൺസ്റ്റന്റൈൻ ചക്രവർത്തി ആദ്യം തന്റെ ദൈവശാസ്ത്ര ഉപദേഷ്ടാവായ കൊർദാവയിലെ ഓസിയൂസ് മെത്രാനെ മധ്യസ്ഥതയ്ക്കായി അയച്ചു. എന്നാൽ ആ ദൗത്യം പരാജയ



പ്പെട്ടു. അതിനാൽ, ആരിയൻ വിവാദം പരിഹരിച്ച് സത്യവിശ്വാസം പ്രഖ്യാപിക്കുന്നതിനുമായി ഒരു സാർവ്വത്രിക സൂനഹദോസ് വിളിക്കുക എന്ന അഭൂതപൂർവമായ നടപടി അദ്ദേഹം സ്വീകരിച്ചു.

ഈ കാലഘട്ടത്തിൽ, റോം, അലക്സാണ്ട്രിയ, അന്ത്യോക്യ എന്നിവയുൾപ്പെടെയുള്ള ക്രൈസ്തവ സ്വാധീനമുള്ള കേന്ദ്രങ്ങളുടെ ഒരു കൂട്ടായ്മയായിരുന്നു സഭ. ഈ സഭകൾക്ക് ഓരോന്നിനും നേതൃത്വം നൽകിയത് പ്രമുഖനായ ഓരോ മെത്രാൻ അഥവാ ബിഷപ്പായിരുന്നു. (പിന്നീട് ഇദ്ദേഹം പാത്രിയാർക്കീസ് എന്നറിയപ്പെട്ടു). ക്രൈസ്തവസഭകൾക്ക് ആധുനിക പേപ്പസി പോലെ അന്ന് ഒരൊറ്റ കേന്ദ്രീകൃത അധികാര സ്ഥാനം ഉണ്ടായിരുന്നില്ല; ഓരോ പ്രാദേശിക മേഖലയും ഗണ്യമായ സ്വയംഭരണത്തോടെ പ്രവർത്തിച്ചു. നിഖ്യായിൽ നടന്ന ചരിത്രപരമായ സമ്മേളനത്തിലേക്ക് നേരിട്ട് നയിക്കുന്ന, ഒരു പൊതു ലക്ഷ്യത്തിനായി ഈ വ്യത്യസ്ത വിശ്വാസ സമൂഹങ്ങൾ ഒത്തുചേരുന്നതിന് രാഷ്ട്രീയവും സാമ്പത്തികവുമായ സഹായങ്ങളും പ്രോത്സാഹനങ്ങളും പിന്തുണയും നൽകിയത് കോൺസ്റ്റന്റൈൻ ചക്രവർത്തിയായിരുന്നു.

നിഖ്യായിലെ ഒന്നാം എക്യുമെനിക്കൽ കൗൺസിൽ/സൂനഹദോസ് ക്രൈസ്തവ സഭയിൽ നിലനിന്നിരുന്ന അനൈക്യം അവസാനിപ്പിച്ച് സാമ്രാജ്യത്തിൽ ഐക്യം പുനഃസ്ഥാപിക്കുക എന്നതായിരുന്നു കോൺസ്റ്റന്റൈൻ ഒന്നാമൻ ചക്രവർത്തിയുടെ പ്രധാന ലക്ഷ്യം. അതിനായി, അക്കാലത്ത് ക്രൈസ്തവ സഭയിലെ ഐക്യത്തിനു ഭീഷണിയായിത്തീർന്ന ആരിയൻ പാഷണ്ഡത (Arianism) എന്ന ദൈവശാസ്ത്രപരമായ തർക്കം പരിഹരിക്കുക ആവശ്യമായിരുന്നു. ഈ ലക്ഷ്യത്തോടെയാണ് കോൺസ്റ്റന്റൈൻ ഒന്നാമൻ ചക്രവർത്തി റോമൻ സാമ്രാജ്യത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ബിഷപ്പുമാരെ കൗൺസിലിലേക്ക് ക്ഷണിച്ചത്. എ.ഡി. 325 മെയ് മാസത്തിൽ റോമാ സാമ്രാജ്യത്തിലെ ബിഥിനിയാ പ്രദേശത്തെ നിഖ്യാ (Nicaea) എന്ന പട്ടണത്തിൽ (ഇന്നത്തെ തുർക്കിയിലെ ഇസ്നിക്) അദ്ദേഹം സൂനഹദോസ് വിളിച്ചുകൂട്ടി. ഏകദേശം നാല് മാസത്തോളം നീണ്ടുനിന്ന ഈ കൗൺസിൽ ക്രിസ്തീയസഭയുടെ ആദ്യത്തെ സാർവ്വത്രിക സുനഹദോസ് (Ecumenical Council) ആയി അറിയപ്പെടുന്നു. ഡയോക്ലീഷ്യൻ ചക്രവർത്തിയുടെ മതപീഡനത്തിന്റെ ഉണങ്ങാത്ത മുറിവുകൾ തങ്ങളുടെ ശരീരങ്ങളിൽ പേറിയിരുന്ന വരടക്കം വിവിധ പ്രദേശങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് ഏകദേശം 318 ബിഷപ്പുമാർ കൗൺസിലിൽ പങ്കെടുത്തു. ഭൂരിഭാഗം ബിഷപ്പുമാരും ആരിയൻ തർക്കം ഏറ്റവും രൂക്ഷമായിരുന്ന റോമൻ സാമ്രാജ്യത്തിന്റെ കിഴക്കൻ ഭാഗത്തുനിന്നാണ് എത്തിച്ചേർന്നത്. ഈ പ്രതിസന്ധി പ്രാഥമികമായി ഒരു കിഴക്കൻ പ്രശ്നമാണെന്ന (an Eastern problem) ധാരണയും വലിയ യാത്രാദൂരവും കാരണം ഏകദേശം അഞ്ച് ബിഷപ്പുമാർ മാത്രമേ പടിഞ്ഞാറിനെ പ്രതിനിധീകരിച്ചിരുന്നുള്ളൂ. സിൽവസ്റ്റർ ഒന്നാമൻ മാർപ്പാപ്പ നേരിട്ട് പങ്കെടുത്തില്ലെങ്കിലും, വീത്തൂസ്, വിൻസെൻഷ്യസ് എന്നീ രണ്ട് പുരോഹിതന്മാരെ തന്റെ ഔദ്യോഗിക പ്രതിനിധികളായി അയച്ചു. അവർ ചർച്ചകളിൽ പൂർണ്ണമായും പങ്കെടുക്കുകയും പോപ്പിനുവേണ്ടി കൗൺസിലിന്റെ രേഖകളിൽ ഒപ്പിടുകയും ചെയ്തു.

പിതാവുമായുള്ള പുത്രന്റെ ബന്ധത്തെക്കുറിച്ചുള്ള സഭയുടെ പഠിപ്പിക്കൽ വ്യക്തമാക്കുന്നതിനും ആരിയൂസിന്റെ തെറ്റായ പ്രബോധനങ്ങൾക്കെതിരെ അതിൻറെ കേന്ദ്ര വിശ്വാസങ്ങളെ ഔപചാരികമായി നിർവചിക്കുന്നതിനും സഭ ആദ്യമായി സാർവത്രികമായി ഒത്തുകൂടി.

**നടപടിക്രമങ്ങൾ**

നിഖ്യാ കൺസിലിന്റെ അധ്യക്ഷനെ സംബന്ധിച്ച തർക്കം ചരിത്രകാരന്മാർക്കിടയിൽ ഇപ്പോഴും തുടരുന്നുണ്ടെങ്കിലും, കൊർദാവയിലെ മെത്രാനായ ഓസിയൂസ് കോൺസ്റ്റന്റൈന്റെ പ്രതിനിധിയായി കൗൺസിലിന്റെ ചർച്ചകളിലും നടപടിക്രമങ്ങളിലും സാരഥ്യം വഹിച്ചിരിക്കാനാണ് കൂടുതൽ സാധ്യത. അന്ത്യോക്യയിലെ യൂസ്റ്റാത്തിയസ് (Eustathius of Antioch) അല്ലെങ്കിൽ അലക്സാണ്ട്രിയയിലെ അലക്സാണ്ടർ (Alexander of Alexandria) അധ്യക്ഷത വഹിച്ചിരിക്കാമെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെടുന്നു.

ആചാരപരമായ ഉദ്ഘാടന പരിപാടികളോടെയാണ് കോൺസ്റ്റന്റൈൻ കൗൺസിലിന് തുടക്കം കുറിച്ചത്. അദ്ദേഹം ലാറ്റിനിൽ ചെയ്ത ഉദ്ഘാടന പ്രസംഗത്തിൽ 'ഐക്യത്തിനും യോജിപ്പിനും' വേണ്ടി ബിഷപ്പുമാരെ ആഹ്വാനം ചെയ്യുകയും പരിഹാരങ്ങൾ തേടാൻ അവരെ



പ്രേരിപ്പിക്കുകയും ചെയ്തു. പ്രധാനമായും ഗ്രീക്ക് ഭാഷയിൽ നടന്ന സംവാദങ്ങളിൽ കോൺസ്റ്റ ന്റൈൻ പങ്കെടുത്തെങ്കിലും വോട്ട് ചെയ്തില്ല.

**സത്യവിശ്വാസത്തിന്റെ രൂപീകരണം**

നിക്കോമീഡിയയിലെ എവുസേബിയൂസും (Eusebius of Nicomedia) പൗരസ്ത്യ ബിഷപ്പുമാരുടെ (Eastern Bishops) ഒരു വിഭാഗവും തുടക്കത്തിൽ ആരിയൻ നിലപാടുകളെ പ്രതിരോധിക്കുകയോ അനുഭാവം പ്രകടിപ്പിക്കുകയോ ചെയ്തു. എന്നാൽ, പിതാവും പുത്രനും തമ്മിലുള്ള യഥാർത്ഥ ബന്ധം എന്താണെന്ന അടിസ്ഥാനപരമായ ചോദ്യത്തെ ക്കുറിച്ച് ചർച്ച ചെയ്ത നിരവധി പിതാക്കന്മാരാണ് കൗൺസിലിന്റെ ദൈവശാസ്ത്ര ദിശ രൂപപ്പെ ടുത്തിയത്. ആരിയൻ സിദ്ധാന്തം പാഷണ്ഡതയാ ണെന്ന് ആദ്യമായി തിരിച്ചറിഞ്ഞ അലക്സാന്ത്രി യയിലെ ബിഷപ്പ് അലക്സാണ്ടറാണ് കൗൺ സിലിൽ സത്യവിശ്വാസത്തിൽ നിലകൊണ്ട വിഭാഗത്തെ നയിച്ചത്. നിഖ്യാ വിശ്വാസത്തിന്റെ മുൻനിര പോരാളിയായി ഉയർന്നുവന്ന അത്തനാ സിയൂസ് എന്ന യുവ ഡീക്കനാണ് അദ്ദേഹത്തെ സഹായിച്ചുകൊണ്ട് കൂടെയുണ്ടായിരുന്നത്. സത്യവിശ്വാസത്തെ യാതൊരു വിട്ടുവീഴ്ചയു മില്ലാത്തവിധം സുവ്യക്തമായി വിശദീകരിച്ച മികച്ച ഒരു ദൈവശാസ്ത്രജ്ഞനായിരുന്നു അദ്ദേഹം. അക്കാലത്ത് ഒരു ഡീക്കൻ മാത്രമായിരുന്നെങ്കിലും, അലക്സാണ്ട്രിയയിലെ അത്തനാസിയൂസ് നിഖ്യ യിലെ ക്രിസ്തുവിജ്ഞാനീയത്തെ അംഗീകരിച്ചു റപ്പിക്കുന്നതിൽ നിർണായക പങ്കുവഹിച്ചു.

വിപുലമായ സംവാദങ്ങൾക്കും ഗഹനവും തീവ്രവുമായ ചർച്ചകൾക്കും ശേഷം, നിഖ്യാ കൗൺസിൽ ആരിയൂസിന്റെ പഠനങ്ങളെ പാഷണ്ഡതയായി പ്രഖ്യാപിച്ചു.

കേസറിയായിലെ മെത്രനായ എവുസേബി യൂസ് ആരിയൂസിന്റെ തെറ്റായ പ്രബോധനത്തി നെതിരെയുള്ള ഉത്തരം കൃത്യമായി അവതരി പ്പിച്ചു. പുത്രന് പിതാവിന്റെ തന്നെ സത്തയാണ് (homoousios) എന്നദ്ദേഹം വാദിച്ചു. പലസ് തീനായിലെ കേസറിയായിൽ ഉപയോഗിച്ചിരുന്ന വിശ്വാസപ്രമാണം എവുസേബിയൂസ് കൗൺ സിലിൽ അവതരിപ്പിച്ചു. ചില ഭേദഗതികളോടു കൂടി അത് അംഗീകരിക്കപ്പെട്ടു എന്നാണ് പൊതുവേ കരുതപ്പെടുന്നത്. (ജറുസലേം സഭയിൽ നിലവിലിയിരുന്ന വിശ്വാസപ്രമാണം ചില മാറ്റങ്ങളോടു കൂടി കൗൺസിൽ സ്വീകരിച്ചു എന്ന അഭിപ്രായവുമുണ്ട്.)

പുത്രനായ ക്രിസ്തുവിന്റെ ദൈവിക സ്വഭാവത്തെക്കുറിച്ച് ഒരു ഏകീകൃത നിലപാട് സ്ഥാപിക്കുന്നതിനായി ഈ സുനഹദോസ് നിഖ്യാ വിശ്വാസപ്രമാണം രൂപീകരിച്ചു. ആരി യൂസും കൂട്ടരും നിഷേധിച്ച വിശ്വാസസത്യങ്ങളെ സംശയാതീതമാം വിധം തറപ്പിച്ചു പറയുകയാ യിരുന്നു, ഈ വിശ്വാസപ്രഖ്യാപനത്തിന്റെ ലക്ഷ്യം.

**ചരിത്രത്തെ നിർവചിച്ച വിശ്വാസപ്രഖ്യാപനം**

1. 'ജനിച്ചവൻ, എന്നാൽ സൃഷ്ടിക്കപ്പെടാ ത്തവൻ' ('Begotten, not made'): പിതാവിൽ നിന്നും ജനിച്ചവനാണ് പുത്രനെങ്കിൽ പിതാവ് പുത്രനെ ക്കാൾ മുമ്പ് ഉണ്ടായിരിക്കണം എന്നു വാദിച്ച ആരിയൂസിന് സൂനഹദോസ് നല്കുന്ന മറുപടി ഇതാണ് ജനിച്ചവൻ എന്ന ശാരീരികമായ ഒരു ജനനത്തെയോ ഇച്ഛാശക്തിയുടെ പ്രവർത്തന ത്തെയോ അല്ല സൂചിപ്പിക്കുന്നത്. നിത്യമായും ദൈവം പിതാവും പുത്രനുമാണ്.

ജനിച്ചവൻ, എന്നാൽ സൃഷ്ടിക്കപ്പെടാത്തവൻ' ഈ വാക്യം പിതാവിൽ നിന്നുമുള്ള പുത്രന്റെ നിത്യമായ ജനനത്തെ (the Son's eternal generation from the Father) സൃഷ്ടി (the act of creation) എന്ന പ്രവൃത്തി യിൽ നിന്ന് വ്യതിരിക്തമാക്കി. 'ഉണ്ടാകുക' എന്നാൽ സൃഷ്ടിക്കപ്പെടുക എന്നാണർത്ഥം. ഒന്നു മില്ലായ്മയിൽ നിന്നാണ് സൃഷ്ടി സംഭവിക്കുന്നത്. 'ജനിക്കുക' എന്നാൽ മാതാപിതാക്കളിൽ നിന്ന് ഒരാളുടെ സ്വഭാവം ഉരുത്തിരിഞ്ഞു എന്നാണ് അർത്ഥമാക്കുന്നത്. പ്രകാശം ഒരു പ്രകാശ

സ്രോതസ്സിൽ നിന്ന് പുറപ്പെടുന്നതുപോലെ, പുത്രൻ പിതാവിന്റെ സ്വന്തം സത്തയിൽ നിന്ന് നിത്യമായി ജനിക്കുന്നു, പിതാവിന്റെ ദൈവിക സ്വഭാവം പങ്കിടുന്നു.

2. 'ദൈവത്തിൽ നിന്നുള്ള ദൈവം, പ്രകാശത്തിൽ നിന്നുള്ള പ്രകാശം, സത്യദൈവത്തിൽ നിന്നുള്ള സത്യദൈവം' ("God from God, Light from Light, true God from true God"): ഈ പദപ്രയോഗങ്ങൾ പുത്രന്റെ പൂർണ്ണ ദൈവത്വത്തെയും പിതാവുമായുള്ള നിത്യബന്ധത്തെയും ഊന്നിപ്പറയുന്നു.

3. ഹോമോ ഊസിയോസ് (Homo-ousios = Consubstantial): ആര്യൻ പക്ഷക്കാർക്ക് വളച്ചൊടിക്കാൻ കഴിയാത്തവിധം കൃത്യമായ ഭാഷ കണ്ടെത്തുക എന്നതായിരുന്നു കൗൺസിൽ പിതാക്കന്മാരുടെ പ്രധാന വെല്ലുവിളി. 'ദൈവപുത്രൻ' പോലുള്ള ബൈബിൾ പദങ്ങൾ ഉപയോഗിക്കുന്നതിൽ അവർ സംതൃപ്തരായിരുന്നു. പക്ഷേ ഈ പദങ്ങൾ ദത്തെടുക്കപ്പെട്ടതോ സൃഷ്ടിക്കപ്പെട്ടതോ ആയ പുത്രനെന്ന രണ്ടു രീതികളിലും വ്യാഖ്യാനിക്കപ്പെടാം. അതിനാൽ, കൂടുതൽ വ്യക്തത നൽകുന്ന ഹോമോ ഊസിയോസ് (Homo-ousios) എന്ന ഗ്രീക്ക് ദാർശനിക പദത്തിൽ കൗൺസിൽ ഉറച്ചുനിന്നു. ലാറ്റിൻ ഭാഷയിൽ ഇതിന് Consubstantial അതായത്, 'ഒരേ സത്തയുടെ' എന്നാണർത്ഥം. ആരിയനിസത്തിനെതിരേ നിഖ്യാ സൂനഹദോസ് ഉപയോഗിച്ച് ഏറ്റം നിർണ്ണായകമായ പ്രഖ്യാപനമാണിത്. നിഖ്യാ വിശ്വാസപ്രമാണത്തിന്റെ കാതലായി പരിഗണിക്കപ്പെടുന്ന പുത്രന്റെ ദൈവത്വം പൂർണ്ണമായ അർത്ഥത്തിൽ ഏറ്റുപറയുന്നതാണ് ഈ പദപ്രയോഗം. പിതാവിന്റെ അതേ ദൈവിക സ്വഭാവം പുത്രനുണ്ടെന്ന് ഈ തത്ത്വചിന്താപരമായ പദം പ്രഖ്യാപിക്കുന്നു. ഈ പ്രമാണം അനുസരിച്ച്, പുത്രൻ പിതാവായ ദൈവത്തിൻറെ സത്തയിൽനിന്നുള്ളവനും തുല്യനുമാണ്. അവർ വ്യതിരിക്തരായ രണ്ട് ദൈവങ്ങളല്ല, മറിച്ച് ഒരേ ദൈവിക സ്വഭാവം പങ്കിടുന്നവരാണ്. പിതാവിന്റെ സത്തയിൽ പുത്രൻ പൂർണ്ണമായി പങ്കുചേരുന്നു. അതിനാൽ പുത്രൻ പൂർണ്ണമായ അർത്ഥത്തിൽ ദൈവമാണ്.

ഹോമോ ഊസിയോസ് എന്ന വാക്ക് തിരുവെഴുത്തിൽ കാണുന്നില്ലെങ്കിലും, അതിലൂടെ വെളിവാക്കപ്പെടുന്ന ആഴമേറിയ സത്യം ബൈബിൾ അധിഷ്ഠിതമാണ്. പുത്രൻ പിതാവിനെക്കാൾ കീഴ്തരക്കാരനായ ദൈവമല്ല, മറിച്ച് പുത്രൻ പിതാവിനെപ്പോലെ തന്നെ പൂർണ്ണ ദൈവമാണ്. യോഹന്നാൻ 1:1 ('വചനം ദൈവമായിരുന്നു'); യോഹന്നാൻ 10:30 ('ഞാനും പിതാവും ഒന്നാണ്'); കൊളോസ്യർ 1:15 ('അദൃശ്യനായ ദൈവത്തിന്റെ പ്രതിച്ഛായ'); 'അവൻ അവിടത്തെ മഹത്വത്തിന്റെ തേജസ്സും സത്തയുടെ മുദ്രയുമാണ്' (ഹെബ്രാ. 1:3), തുടങ്ങിയ ഭാഗങ്ങളിൽ ഈ ആശയം പ്രകടമാണ്.

എങ്കിലും, ആദ്യകാല സഭയിൽ ഈ പ്രബോധനങ്ങളെക്കുറിച്ച് നടന്ന തുടർച്ചയായ പഠനങ്ങളുടെയും ചർച്ചകളുടെയും ഫലമായി, 'ഹോമോ ഊസിയോസ്' പോലുള്ള പദങ്ങളുടെ കൃത്യമായ അർത്ഥത്തിലും, 'ഊസിയ' (സത്ത), 'ഹൈപ്പോസ്റ്റാസിസ്' (വ്യക്തി) എന്നിവ തമ്മിലുള്ള വ്യത്യാസത്തിലും തുടർന്നുള്ള വർഷങ്ങളിൽ കൂടുതൽ വ്യക്തത കൈവന്നു.

4. പുത്രൻ 'എല്ലാ യുഗങ്ങൾക്കും മുമ്പേ' ("before all ages") ഉണ്ടായിരുന്നുവെന്നും, അവൻ പിതാവിനെപോലെത്തന്നെ നിത്യനാണെന്നും വിശ്വാസപ്രമാണത്തിൽ സ്ഥാപിക്കപ്പെട്ടു എന്ന് മാത്രമല്ല 'അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു,' എന്നു വാദിച്ചവരെ സഭയിൽ നിന്ന് ബഹിഷ്കരിക്കുന്നതായി പ്രഖ്യാപിക്കുകയും ചെയ്തു. AD 325 ജൂൺ 19-ന് ഈ വിശ്വാസപ്രമാണം എതിർക്കപ്പെടാനാകാത്തവിധം അസന്ദിഗ്ദ്ധമായി അംഗീകരിക്കപ്പെട്ടു. നിഖ്യാവിശ്വാസ പ്രമാണത്തെ സഭയുടെ ഔദ്യോഗിക പ്രബോധനവും നിയമവുമായി പ്രഖ്യാപിക്കുകയും ചെയ്തു.

ആരിയൂസിനൊപ്പം രണ്ട് ബിഷപ്പുമാർ മാത്രമാണ് അനുകൂലമായി ഒപ്പിടാൻ വിസമ്മതിച്ചത്. ഈ മൂന്നുപേരെയും സഭയിൽ നിന്ന് പുറത്താക്കുയും, ആരിയൂസിന്റെ രചനകൾ കത്തിച്ചുകളയാൻ കൗൺസിൽ വിധിക്കുകയും ചെയ്തു.

വിശ്വാസപ്രമാണത്തിന്റെ അനുബന്ധമായി കുറെ ശാപവചനങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ട്. ആരിയൂസും കൂട്ടരും പഠിപ്പിച്ചിരുന്ന കാര്യങ്ങളാണ് ഇവിടെ എടുത്തുപറഞ്ഞ് ശപിച്ചുതള്ളുന്നത്. വിശ്വാസപ്രമാണത്തിൽ അവതരിപ്പിച്ച

www.malankaralibrary.com



സത്യങ്ങളെ നിഷേധാത്മകമായവിധത്തിൽ ഉറപ്പിക്കുന്നതാണ് ഈ ശാപങ്ങൾ:

''അവൻ ഇല്ലാതിരുന്ന ഒരു സമയം ഉണ്ടായിരുന്നു എന്നോ, ഇല്ലായ്മയിൽ നിന്ന് അവൻ ഉണ്ടായി എന്നോ, ദൈവപുത്രന് (പിതാവിന്റേതിൽ നിന്ന്) വ്യത്യസ്തമായ ഒരു സത്തയുണ്ടെന്നോ, അവൻ സൃഷ്ടിക്കപ്പെട്ടവ നാണെന്നോ, മാറ്റത്തിനോ പരിവർത്തനത്തിനോ വിധേയനാണെന്നോ പറയുന്നവരെ കത്തോലിക്കാ സഭ ശപിക്കുന്നു.''

**മറ്റ് തീരുമാനങ്ങൾ:**

ക്രിസ്തുവിജ്ഞാനീയ സംബന്ധമായ പ്രശ്നങ്ങൾക്കപ്പുറം, സഭാപരമായ ചില പ്രായോഗിക കാര്യങ്ങളെക്കുറിച്ചും കൗൺസിൽ ചർച്ച ചെയ്തു:

ഈസ്റ്റർ ദിനത്തിൻറെ ഏകീകരണം: ഈസ്റ്റർ തീയതി നിർണ്ണയിക്കുന്നതിന് ബിഷപ്പുമാർ ഒരു ഏകീകൃത രീതി സ്ഥാപിച്ചു. ക്രിസ്തീയ തിരുനാളുകൾ യഹൂദ പെസഹാ കലണ്ടറിനെ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്ന രീതി നിർത്തലാക്കിയെങ്കിലും, ഇക്കാര്യത്തിൽ പൂർണ്ണമായ ഒരു ഏകീകരണം കൈവരിക്കാൻ ഉടനടി സാധ്യമായില്ല.

ഇരുപത് കാനോനുകൾ: വിശ്വാസപ്രമാണത്തിനപ്പുറം, സഭയിൽ ക്രമവും അച്ചടക്കവും കൊണ്ടുവരുന്നതിനായി കൗൺസിൽ 20 കാനോനുകൾ (നിയമങ്ങൾ) പുറപ്പെടുവിച്ചു.

പ്രധാനപ്പെട്ട കാനോനുകളിൽ താഴെപ്പറയുന്ന വിഷയങ്ങൾ ഉൾപ്പെടുന്നു:

പീഡനസമയത്ത് വിശ്വാസം ത്യജിച്ച ക്രിസ്ത്യാനികൾക്കുള്ള അനുരഞ്ജനനടപടിക്രമങ്ങൾ.

ഈജിപ്തിലെ മെലിഷ്യൻ വിഭാഗീയതക്കുള്ള പരിഹാരം.

റോം, അലക്സാണ്ട്രിയ, അന്ത്യോക്യ എന്നിവിടങ്ങളിലെ ബിഷപ്പുമാരുടെ അധികാര പരിധിയും പ്രത്യേക അധികാരങ്ങളും കൗൺസിൽ സ്ഥിരീകരിച്ചു.

ഇത് സഭയുടെ ഹയരാർക്കി സംബന്ധമായ ഘടനയെ (hierarchical structure) ഉറപ്പിച്ചു.

**അനന്തരഫലങ്ങളും തുടർ വിവാദങ്ങളും:**

ആരിയനിസത്തെ സമ്പൂർണ്ണമായി ഉന്മൂലനം ചെയ്യുവാൻ കൗൺസിലിന്റെ തീരുമാനങ്ങൾക്ക് ഉടനടി സാധിച്ചില്ല. ഹോമോ ഊസിയോസ് എന്ന പദത്തിന്റെ അർത്ഥം – പിതാവും പുത്രനും രണ്ടാളുകളാണ്, ഒരാളല്ല; അതേ സമയം രണ്ട് സത്തയല്ല ഒരേ സത്തയാണ് എന്നാണ്. എന്നാൽനിഖ്യാസുന്നഹദോസിനു ശേഷം ഈ പദത്തെ പല മെത്രാന്മാരും അവരുടെതായ രീതിയിൽ വ്യാഖ്യാനിച്ചു. AD 337ൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ നിര്യാണത്തിനു ശേഷം, അദ്ദേഹത്തിന്റെ പുത്രൻ കോൺസ്റ്റാന്റിയസ് രണ്ടാമൻ (Constan tius II) ആരിയൻ, അർദ്ധ–ആരിയൻ (Semi-Arian) നിലപാടുകളെ അനുകൂലിച്ചു. ഇത് വിവാദങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനു കാരണമായിത്തീർന്നു.

ഏകദേശം അഞ്ച് പതിറ്റാണ്ട്, റോമൻ സാമ്രാജ്യത്തിലുടനീളം നിഖ്യാ സത്യവിശ്വാസത്തിന് ആരിയനിസത്തിന്റെ പരിഷ്കരിച്ച വിവിധ രൂപങ്ങളുമായി മത്സരിക്കേണ്ടി വന്നു. നിഖ്യാ കൗൺസിലിനുശേഷം, നിഖ്യാ സത്യവിശ്വാസത്തിന്റെ (Nicene orthodoxy) ഏറ്റവും പ്രമുഖനായ സംരക്ഷകനായി അത്തനേഷ്യസ് മാറി. ക്രിസ്തുവിന് പൂർണ്ണമായ ദൈവത്വം ഉണ്ടെന്നും, പിതാവിനോടുകൂടെ ഏകസാരാംശമാണെന്നും അദ്ദേഹം ശക്തമായി വാദിച്ചു. അത്തനാസിയൂസിന്റെ വാദം ആഴമേറിയ രക്ഷാസംബന്ധമായ ആശയങ്ങളെ (soteriological = related to salvation) അടിസ്ഥാനമാക്കിയുള്ളതായിരുന്നു. ദൈവത്തിനു മാത്രമേ മനുഷ്യവർഗത്തെ രക്ഷിക്കാൻ കഴിയൂ എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ പ്രധാന വാദം. യേശു വെറുമൊരു സൃഷ്ടി മാത്രമാണെങ്കിൽ, എത്ര ഉന്നതനായ മനുഷ്യനായിരുന്നാലും, വീണുപോയ സൃഷ്ടിയെ വീണ്ടെടുക്കാനോ മനുഷ്യവർഗത്തെ ദൈവിക ജീവനിൽ (theosis) പങ്കാളികളാക്കാനോ യേശുവിനു കഴിയുകയില്ല. അതിനാൽ, പുത്രൻ പിതാവിന്റെ അതേ ദൈവസ്വഭാവം പങ്കിടുന്ന (the same divine nature as the Father) പൂർണ്ണ ദൈവമായിരിക്കണം. അലക്സാണ്ട്രിയയിലെ ബിഷപ്പ് എന്ന നിലയിൽ, പുത്രൻ പിതാവുമായി ഏക സത്ത പങ്കിടുന്നു (the Son is consubstantial with the Father) എന്ന സത്യത്തോട് വിട്ടുവീഴ്ച ചെയ്യാൻ വിസമ്മതിച്ചതിന് അദ്ദേഹത്തിന് പതിനേഴു വർഷത്തോളം അഞ്ചുതവണയായി നാടുകടത്തൽ സഹിക്കേണ്ടി വന്നു.

തന്റെ പ്രശസ്തമായ മഹാത്മാക്കളായ സഭാപിതാക്കന്മാരിൽ (Doctors of the Church) ഒരാളായി അദ്ദേഹത്തിന് അംഗീകാരം നേടിക്കൊടുത്തു. എ.ഡി. 381-ൽ നടന്ന ഒന്നാം ദൈവശാസ്ത്ര രചനകളും ഉറച്ച സാക്ഷ്യവും സഭയിലെ കോൺസ്റ്റാന്റിനോപ്പിൾ കൗൺസിലിലാണ് നിഖ്യാ ദൈവശാസ്ത്രത്തിന് നിർണായക വിജയം ഉണ്ടായത്.

**ഒന്നാം കോൺസ്റ്റാന്റിനോപ്പിൾ കൗൺസിൽ (എ.ഡി. 381):**

ചക്രവർത്തി തിയോഡോഷ്യസ് ഒന്നാമൻ വിളിച്ചു ചേർത്ത ഈ കൗൺസിലിൽ വച്ച്, നിഖ്യാ വിശ്വാസപ്രമാണത്തെ കത്തോലിക്കാ വിശ്വാസത്തിന്റെ യഥാർത്ഥ പ്രകടനമായി വീണ്ടും സ്ഥിരീകരിച്ചു.

പരിശുദ്ധാത്മാവിന്റെ ദൈവത്വത്തെ നിഷേധിക്കുന്ന പുതിയ പാഷണ്ഡതകളോട് പ്രതികരിച്ചുകൊണ്ട്, കൗൺസിൽ വിശ്വാസപ്രമാണം വികസിപ്പിച്ചു. പരിശുദ്ധാത്മാവ് ഒരു സൃഷ്ടിയാണെന്ന് ചിലർ പഠിപ്പിച്ചു തുടങ്ങിയിരുന്നു. പരിശുദ്ധാത്മാവിന്റെ ദൈവത്വം നിഷേധിക്കുന്നവരെ "മത്തിക്കോയ്" എന്ന് വിളിച്ചിരുന്നു. ഇത് പ്രചരിപ്പിച്ച കോൺസ്റ്റാന്റിനോപ്പിളിലെ മെത്രാനായ മാസിഡോണിയസിന്റെ പേരിൽ ഇത് മാസിഡോണിയനിസം എന്നും വിളിക്കപ്പെട്ടു.

പരിശുദ്ധാത്മാവിനെ 'സകലത്തെയും ജീവിപ്പിക്കുന്ന കർത്താവും പിതാവിൽ നിന്നു പുറപ്പെട്ട് പിതാവിനോടും പുത്രനോടും കൂടെ വന്ദിക്കപ്പെട്ടു സ്തുതിക്കപ്പെടുന്നവനും...' എന്ന് നിർവചിക്കുന്ന ഒരു വിശദീകരണം അതിൽ ചേർത്തു.

**അന്തിമ വിശ്വാസപ്രമാണം:**

നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം (the Niceno-Constantinopolitan Creed) എന്നറിയപ്പെടുന്ന വിപുലീകൃത വിശ്വാസപ്രഖ്യാപനം ലോകമെമ്പാടുമുള്ള കത്തോലിക്കർ അടക്കമുള്ള മിക്ക ക്രിസ്ത്യൻ സഭകളും വിശുദ്ധ കുർബാനയിൽ ഏറ്റു ചൊല്ലുന്ന നിർണായകവും അവിതർക്കിതവുമായ വിശ്വാസപ്രമാണമാണ്. നിഖ്യാ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം നിഖ്യായിൽ ആദ്യം ആവിഷ്കരിച്ച വിശ്വാസപ്രമാണത്തിന്റെ ഒരു ശാശ്വത സാക്ഷ്യമാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ സമഗ്രവും സംക്ഷിപ്തവുമായ ഒരു പ്രഖ്യാപനമാണിത്.

**പ്രസക്തി**

നിഖ്യാ സൂനഹദോസ് ക്രൈസ്തവ ലോകത്തിന്റെ നാനാഭാഗത്തുനിന്നുമുള്ള മെത്രാന്മാർ ഒരുമിച്ചുകൂടിയ ആദ്യത്തെ സാർവ്വത്രിക സൂനഹദോസായിരുന്നു. വിശ്വാസപരമായ പ്രതിസന്ധികൾ ഉണ്ടാകുമ്പോൾ, പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, ശ്ലൈഹിക വിശ്വാസത്തെ എങ്ങനെ ആധികാരികമായി നിർവചിക്കാമെന്നും സംരക്ഷിക്കാമെന്നും ഈ സൂനഹദോസ് സഭയ്ക്ക് ഒരു മാതൃകയായി കാണിച്ചുകൊടുത്തു. കേവലം ഒരു ചരിത്ര സംഭവം എന്നതിലുപരി, സഭയുടെ സ്വയാവബോധത്തിലും സ്വഭാവത്തിലും ഒരു അടിസ്ഥാന ശിലയായി നിഖ്യാ എക്കാലവും നിലകൊള്ളുന്നു. ഒരുമിച്ചുചേർന്ന് പ്രാർത്ഥിക്കുവാനും, സത്യം വിവേചിച്ചറിയുവാനും, വിശ്വാസം പ്രഖ്യാപിക്കുവാനുമുള്ള സഭയുടെ കഴിവിന്റെ പ്രതീകമാണ് ഈ സുന്നഹദോസ്.

നിഖ്യാ വിശ്വാസപ്രമാണം രക്ഷയുടെ സദ്വാർത്തയാണ്. നിഖ്യാ സുനഹദോസിന്റെ 1700 ആം വാർഷികത്തിന്റെ പശ്ചാത്തലത്തിൽ, അന്താരാഷ്ട്ര ദൈവശാസ്ത്ര കമ്മീഷൻ, 'യേശു ക്രിസ്തു, ദൈവപുത്രനും രക്ഷകനും' എന്നതങ്ങളുടെ രേഖയിൽ ഇപ്രകാരം വ്യക്തമാക്കുന്നു: 'നിഖ്യാ വിശ്വാസപ്രമാണം, യേശു ക്രിസ്തുവിലൂടെ ലഭിച്ച രക്ഷയിലുള്ള വിശ്വാസത്തെയും, പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ഏകദൈവത്തിലുള്ള വിശ്വാസത്തെയും ഒരുമിപ്പിക്കുകയും നിർവചിക്കുകയും പ്രഘോഷിക്കുകയും ചെയ്യുന്നു.' യേശുവിനെ പ്രഘോഷിക്കുക എന്നതിനർത്ഥം, 'സത്യദൈവത്തിൽനിന്നുള്ള സത്യദൈവമായി' മനുഷ്യരാശിയെ രക്ഷിക്കാൻ വേണ്ടി ചരിത്രത്തിലേക്ക് പ്രവേശിച്ചവനെ ലോകത്തിന് മുൻപിൽ സാക്ഷ്യപ്പെടുത്തുക എന്നതാണ്.

തർക്കങ്ങൾ പരിഹരിക്കാൻ വേണ്ടി രൂപപ്പെടുത്തിയ ഒരു വിശ്വാസപ്രഖ്യാപനം, സഭയുടെ ഏറ്റവും വലിയ പ്രേഷിതദൗത്യത്തിന്റെ അടിസ്ഥാനമായി മാറി. ഈ വിശ്വാസ പ്രഖ്യാപനമാണ് ലോകത്തോടുള്ള സഭയുടെ സുവിശേഷവൽക്കരണ ദൗത്യത്തിന്റെ ഹൃദയവും ആത്മാവും.

www.malankaralibrary.com



# സാർവത്രിക സഭയിലെ വേദപാരംഗതർ

# സിറിയായിലെ വി. അപ്രേം



റവ. ഡോ. മാത്യു ചാർത്താക്കുഴിയിൽ

**ആമുഖം**

'പരിശുദ്ധാത്മാവിന്റെ വീണ', 'സഭയുടെ സ്തംഭം', 'ലോകത്തിന്റെ വേദപാരംഗതൻ', 'ദൈവത്തിന്റെ കവി', 'സിറിയാക്കാരുടെ പ്രവാചകൻ', 'മറിയത്തിന്റെ സ്വന്തം ഗായകൻ', തുടങ്ങിയ നിരവധി വിശേഷണങ്ങൾ തന്റെ പേരിനോട് ചേർത്തുവച്ച സുറിയാനി സഭയിലെ ഏറ്റം പ്രഗത്ഭനായ പണ്ഡിതനാണ് വി. അപ്രേം. വിശുദ്ധിയും വിജ്ഞാനവും ഒരുപോലെ അദ്ദേഹത്തിന്റെ ജീവിതത്തിൽ സമുന്വയിക്കപ്പെട്ടപ്പോൾ സർവ്വത്രിക സഭയിൽ സുറിയാനി പാരമ്പര്യത്തിൽ നിന്നും വേദപാരംഗതഗണത്തിൽ ചേർക്കപ്പെട്ട ആദ്യത്തെ വിശുദ്ധനായി ആദ്ദേഹം മാറി. റോമൻ സാമ്രാജ്യത്തിലെ കിഴക്കൻ പ്രദേശത്തെ നിസിബിസ് നഗരത്തിൽ നാലാം നൂറ്റാണ്ടിൽ ജീവിച്ച അദ്ദേഹം തന്റെ കവിതകളിലൂടെയും ക്രിസ്തീയ കീർത്തനങ്ങളിലൂടെയും അസാധാരണമാം വിധം സുവിശേഷ പ്രഘോഷണം നടത്തി. പൗരസ്ത്യ-പാശ്ചാത്യ സഭകളിൽ ആരാധനയുടെയും മറ്റു ഭക്താനുഷ്ഠാനങ്ങളുടെയും ഭാഗമായി അദ്ദേഹത്തിന്റെ കീർത്തനങ്ങൾ ഇന്ന് വ്യാപകമായി ഉപയോഗിക്കുന്നു. വി.അപ്രേമിന്റെ സ്വാധീനം ക്രിസ്തീയ ദൈവശാസ്ത്ര-സാഹിത്യ മണ്ഡലങ്ങളിൽ ഇന്നും നിറഞ്ഞുനിൽക്കുകയും വിശ്വാസികളെ ദൈവത്തിലേക്ക് ആനയിക്കാൻ സഹായിക്കുകയും ചെയ്യുന്നു. സുറിയാനി ഭാഷയിൽ

അദ്ദേഹത്തിന്റെ തൂലികയിൽ വിരചിതമായ മനോഹര കാവ്യങ്ങളെ അനുകരിച്ചു നിരവധി കൃതികളും പ്രാർത്ഥനകളും രൂപപ്പെട്ടു. ദൈവത്തിൽ നിന്നും നേരിട്ട് പ്രചോദനം സ്വീകരിച്ച രീതിയിലുള്ള അദ്ദേഹത്തിന്റെ രചനകളിൽ അഗ്നിയും പ്രകാശവും ദൈവീക സൗന്ദര്യവും നിറഞ്ഞു നിൽക്കുന്നു. ദൈവശാസ്ത്രത്തെ കലാപരമായും വിജ്ഞാനത്തെ വിശുദ്ധിയോടെയും ക്രിസ്തീയ പ്രമാണങ്ങളെ ഭക്തിയോടെയും അദ്ദേഹം അവതരിപ്പിച്ചു. മനുഷ്യ മനസ്സിനെയും ആത്മാവിനെയും പരിപോഷിപ്പിക്കുന്ന അദ്ദേഹത്തിന്റെ രചനകളെ മനസ്സിലാക്കുന്നതും ആ ജീവിതത്തിന്റെ വിശുദ്ധിയെ അനുധാവനം ചെയ്യുന്നതും നമ്മുടെ ആത്മീയ ജീവിതത്തെ കൂടുതൽ പ്രഭാപൂർണ്ണമാക്കും.

**ജനനം, ബാല്യം, വിദ്യാഭ്യാസം**

വി. അപ്രേമിന്റെ ജീവിതത്തെക്കുറിച്ചുള്ള അറിവുകൾ പ്രധാനമായും നമുക്ക് ലഭ്യമായിരിക്കുന്നത് അദ്ദേഹത്തിന്റെ കൃതികളിൽ പരാമർശിക്കപ്പെട്ടിരിക്കുന്ന ഭാഗികമായ വിവരങ്ങളിൽ നിന്നുമാണ്. മെസപ്പൊട്ടോമിയയിലെ നിസിബിസ് നഗരത്തിൽ എ. ഡി. 306-ലാണ് അദ്ദേഹം ജനിച്ചത്. അപ്രേമിന്റെ കുടുംബം ക്രിസ്തീയ വിശ്വാസത്തിൽ ജീവിച്ചവരും സഭാകാര്യങ്ങളിൽ നിഷ്ഠയോടെ സംബന്ധിച്ചിരുന്നവരും ആയിരുന്നു. (ചില ചരിത്രകാരന്മാർ അദ്ദേഹത്തിന്റെ പിതാവ് പുറജാതി ദൈവങ്ങളെ ആരാധിച്ചിരുന്നുവെന്നും പിന്നീട് ക്രിസ്തീയ വിശ്വാസം സ്വീകരിച്ചുവെന്നും പറയുന്നുണ്ട്).

ചെറു പ്രായത്തിലേ ദൈവവചനം കേട്ടും തന്റെ നഗരത്തിലെ പൊതു പരിപാടികളിലെ സംഗീതം ശ്രവിച്ചുമാണ് വി. അപ്രേം വളർന്നു വന്നത്. റോമൻ സാമ്രാജ്യത്തിന്റെ ഭാഗമായിരുന്ന ഈ പ്രദേശങ്ങൾ ഇക്കാലയളവിൽ പേർഷ്യൻ രാജാക്കന്മാരുടെ ഭീഷണിയും നേരിട്ടിരുന്നു. തങ്ങളുടെ നഗരം നേരിട്ട പ്രതിസന്ധികളിൽ പരിഹാരം അന്വേഷിച്ചു ഇവിടുത്തെ ക്രിസ്തീയ വിശ്വാസികൾ അഭയം തേടിയിരുന്നത് ദൈവ സന്നിധിയിൽ ആയിരുന്നു. അത് അവരുടെ വിശ്വാസത്തിന്റെ ആഴം വെളിപ്പെടുത്തുന്നതും ദൈവത്തിൽ ആശ്രയിച്ചു ജീവിക്കുന്നതിന്റെ ആവശ്യകത വെളിപ്പെടുത്തുന്നതുമായ പ്രവൃത്തി ആയിരുന്നു. ക്രിസ്തുവാണ് തങ്ങളുടെ യഥാർത്ഥ




ആശ്രയവും അഭയവും എന്ന് അവർ മറ്റുള്ളവർക്ക് കാട്ടിക്കൊടുത്തു. വിശ്വാസവും ദൈവാശ്രയവും എല്ലാ ഭൗതീക ചുറ്റുമതിലുകളേക്കാൾതങ്ങൾക്ക് സംരക്ഷണം നൽകാൻ പര്യാപ്തമാണെന്ന് വി. അപ്രേം പറയുന്നു: “നമ്മുടെ വിശ്വാസത്തിന്റെ മതിലുകളെ ശിലകളാൽ നിർമ്മിച്ച മതിലുകളേക്കാൾ ശക്തമാക്കിയവൻ അനുഗ്രഹീതൻ” (നിസിബിസിനെക്കുറിച്ചുള്ള ഗീതങ്ങൾ 1:1)

മാമോദീസ സ്വീകരിച്ച സമയത്ത് അന്നത്തെ സുറിയാനി പാരമ്പര്യം അനുസരിച്ചു ‘ഉടമ്പടിയുടെ പുത്രൻ’ എന്ന വ്രതവും അപ്രേം സ്വീകരിച്ചു എന്ന് പറയപ്പെടുന്നു. ഇത്തരത്തിലുള്ള വ്രതങ്ങൾ സന്യാസത്തിലേക്കുള്ള പ്രഥമ കാൽവെയ്പ്പിന്റെ അടയാളമായിരുന്നു. സന്യാസ ജീവിതരീതി രൂപപ്പെട്ടു വരുന്ന ഈ കാലഘട്ടത്തിൽ സുറിയാനി സഭയിൽ ബ്രഹ്മചര്യവൃതം എടുത്തുകൊണ്ട് സഭയെ സേവിക്കാനുള്ള സന്നദ്ധത അറിയിക്കുന്നവരായിരുന്നു ‘ഉടമ്പടിയുടെ’ പുത്രന്മാരും പുത്രിമാരും. അതിന്റെ തുടർച്ചയായിരുന്നു വി. അപ്രേമിന്റെ ഭാവി ജീവിതവും.

വി. അപ്രേമിന്റെ മാതാപിതാക്കൾ മകന്റെ വിദ്യാഭ്യാസ കാര്യങ്ങൾ ബിഷപ്പായ യാക്കോബിനെയാണ് ഏല്പിച്ചത്. ക്രിസ്തീയ വിദ്യാഭ്യാസത്തിനു മധ്യപൂർവ്വ ദേശത്തെ പേരുകേട്ട സ്കൂളുകളിൽ ഒന്നായിരുന്നു അദ്ദേഹത്തിന്റെ നേതൃത്വത്തിൽ നിസിബിസിൽ ഉണ്ടായിരുന്നത്. ചെറു പ്രായത്തിൽ തന്നെ അപ്രേമിന്റെ കഴിവു

കൾ ബിഷപ്പ് യാക്കോബ് തിരിച്ചറിയുകയും അങ്ങനെ അദ്ദേഹത്തിന്റെ മാർഗദർശിയായി മാറുകയും ചെയ്തു. ദൈവവചനം, ഗ്രീക്ക് തത്വചിന്ത, സുറിയാനി സാഹിത്യ പഠനം എന്നിവ ഇക്കാലയളവിൽ അദ്ദേഹം നടത്തി. കൂടാതെ തന്റെ ഗുരുവിന്റെ മാതൃക അനുകരിച്ചു ഉപവാസം, എളിയ ജീവിതം, പരസേവനം എന്നീ സുകൃതങ്ങൾ തന്റെ ജീവിതത്തിലും നടപ്പാക്കി. യാക്കോബിന്റെ ശിക്ഷണത്തിൽ വിശുദ്ധ ഗ്രന്ഥത്തിലെ പല ഭാഗങ്ങളും അദ്ദേഹം ഹൃദിസ്ഥമാക്കിയത് പിന്നീട് വിവിധ പ്രാർത്ഥനകൾ രൂപപ്പെടുത്തുന്നതിന് സഹായിച്ചു. ദൈവവചനം വായിക്കുന്നതും പഠിക്കുന്നതും ദൈവം തന്റെ ഹൃദയത്തിൽ സ്ഥിരമായി വസിക്കുന്നതിന് ഇടയാക്കും എന്ന് അദ്ദേഹം ചിന്തിച്ചിരുന്നു. കൂടാതെ പ്രഭാഷണകല, തർക്കശാസ്ത്രം, ഗ്രീക്ക് ഭാഷ തുടങ്ങിയ വിഷയങ്ങളും ഇക്കാലയളവിൽ അദ്ദേഹം പഠിച്ചു. എന്നാൽ 'പ്രാർത്ഥനയുടെ ഭാഷ' എന്ന് അദ്ദേഹം തന്നെ പറയുന്ന സുറിയാനി അദ്ദേഹത്തിന്റെ പ്രിയപ്പെട്ട ഭാഷയായി എന്നും നിലകൊണ്ടു.

**നിസിബിസ് നഗരം**

അപ്രേമിന്റെ ജീവിതം നിസിബിസ് നഗരവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതാന്ത്യത്തിൽ ഏതാനും വർഷങ്ങൾ എഡേസ്സായിൽ ചിലവഴിച്ചതൊഴികെ ബാക്കിയുള്ള കാലം ഇവിടെതന്നെ ആയിരുന്നു. ഇന്നത്തെ തുർക്കിയിലെ നൗസൈബിൻ പട്ടണമാണ് പുരാതന നിസിബിസ്. അപ്രേം ജനിച്ച വർഷം തന്നെയാണ് മഹാനായ കോൺസ്റ്റൻന്റീൻ ചക്രവർത്തി റോമൻ സാമ്രാജ്യത്തിന്റെ അധിപനാകുന്നത്. ക്രിസ്തീയ വിശ്വാസം മതപീഡനങ്ങളിൽ നിന്നും പുറത്തുവന്നു സ്വാതന്ത്ര്യത്തിന്റെ ജീവവായു ശ്വസിക്കാൻ തുടങ്ങിയ കാലഘട്ടം കൂടിയായിരുന്നു ഇത്. മെസപ്പൊട്ടോമിയ പ്രദേശങ്ങൾ റോമിന്റെ ഭരണത്തിൽ കീഴിൽ വന്നിട്ട് അധികകാലം ആയിരുന്നില്ല. ഗ്രീക്കും ലത്തീനും ഭരണഭാഷയായി മിക്കയിടത്തും ഉപയോഗിച്ചിരുന്നുവെങ്കിലും നമ്മുടെ കർത്താവ് സംസാരിച്ച അറമായിക്കും അതിന്റെ വകഭേദമായിരുന്ന സുറിയാനിയുമായിരുന്നു ഈ പ്രദേശത്തെ പ്രധാന ഭാഷ.

പശ്ചിമേഷ്യയിലെ വലിയ നഗരങ്ങളിൽ ഒന്നായിരുന്ന നിസിബിസ്, മെഡിറ്ററേനിയൻ പ്രദേശങ്ങളെ മെസപ്പൊട്ടോമിയ, ഇന്ത്യ തുടങ്ങിയ പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന കണ്ണിയായിരുന്നു. വ്യാപാരം, വിദ്യാഭ്യാസം, സംസ്കാരം എന്നിവയെല്ലാം ഇവിടെ സന്ധിച്ചു. സിൽക്ക്, സുഗന്ധ ദ്രവ്യങ്ങൾ, വിലപിടിപ്പുള്ള പവിഴങ്ങൾ എന്നിവയെല്ലാം ഈ നഗരത്തിലൂടെ മറ്റു പ്രദേശങ്ങളിലേക്ക് പോയിരുന്നു. ഇതൊരു സൈനിക കേന്ദ്രം എന്നതിനേക്കാൾ സംസ്കാരങ്ങളും വിശ്വാസങ്ങളും കണ്ടുമുട്ടുന്ന നഗരം കൂടിയായിരുന്നു. പുറജാതികളും, ക്രിസ്തീയ-യഹൂദ വിശ്വാസികളും ഈ നഗരത്തിന്റെ മതിലിനുള്ളിൽ അവിടുത്തെ വൈവിധ്യം ഉൾക്കൊണ്ട് ജീവിച്ചു. പുരാതന ദേവന്മാർക്ക് പ്രതിഷ്ഠിക്കപ്പെട്ട അമ്പലങ്ങളും, സിനഗോഗുകളും, ക്രിസ്തീയ ദേവാലയങ്ങളും ഇവിടെ ധാരാളമായി നിലനിന്നിരുന്നു.

നിസിബിസിലെ രണ്ടാമത്തെ ബിഷപ്പായിരുന്ന വി. യാക്കോബിന്റെ സാന്നിധ്യം ഈ നഗരത്തിന് വലിയ സഭാപ്രാധാന്യം കൈവരിക്കുന്നതിന് ഇടയാക്കി. വിഖ്യാതമായ നിഖ്യാ സുന്നഹദോസിൽ സംബന്ധിച്ച സഭാപിതാക്കന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. വി. യാക്കോബിന്റെ നേതൃത്വത്തിൽ നിസിബിസിലെ സഭാപഠന കേന്ദ്രം ക്രിസ്തീയ വിദ്യാഭ്യാസത്തിന്റെ മാതൃകയായിത്തീർന്നു. ഇവിടെ വി. ഗ്രന്ഥം, തത്വശാസ്ത്രം, അജപാലന വിഷയങ്ങൾ തുടങ്ങിയവ പഠിപ്പിച്ചിരുന്നു. മെസപ്പൊട്ടോമിയ പ്രദേശത്തിന് പുറത്തേയ്ക്ക് ഇവിടെ വിദ്യാഭ്യാസം നേടിയ മിഷനറിമാർ സുറിയാനി



സംസ്കാരവും പാരമ്പര്യങ്ങളും എത്തിക്കുന്നതിന് നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. വി. അപ്രേം, വി. യാക്കോബ് തുടങ്ങിയവരെ കൂടാതെ ഇവിടുത്തെ സ്കൂൾ പുനരാരംഭിച്ച നർസായി എന്ന ദൈവശാസ്ത്രജ്ഞനും ഈ നഗരത്തിൽ നിന്നും വരുന്നു.

**ചില ഐതീഹങ്ങൾ**

വി. അപ്രേമിന്റെ ചെറുപ്പകാലത്തെക്കുറിച്ചു ചില പാരമ്പര്യങ്ങളും ഐതീഹങ്ങളും നിലവിലുണ്ട്. അതിലൊന്ന് അപ്രേം ജനിച്ചപ്പോൾ അദ്ദേഹത്തിന്റെ മാതാപിതാക്കൾ മകനെ ദൈവത്തിന് പ്രതിഷ്ഠിച്ചു എന്നതാണ്. അതിന്റെ അടയാളമായി അപ്രേമിന്റെ കഴുത്തിൽ ഒരു വെള്ളിക്കുരിശു ചാർത്തി. ഇത് മെസപ്പൊട്ടോമിയയിൽ ക്രിസ്ത്യാനികളുടെ ഇടയിൽ നിലനിന്നിരുന്ന ഒരു ആചാരം കൂടി ആയിരുന്നു. മറ്റൊരു ഐതീഹം പറയുന്നത് അപ്രേമിന്റെ അമ്മ അദ്ദേഹത്തെ ഉദരത്തിൽ വഹിക്കുന്ന കാലയളവിൽ തന്റെ ഉദരത്തിൽ ഒരു മുന്തിരിച്ചെടി വളരുന്നതും ആ ചെടിയുടെ ശാഖകൾ ലോകം മുഴുവൻ വ്യാപിക്കുന്നതായി സ്വപ്നം കാണുകയും ചെയ്തു എന്നതാണ്. പിന്നീട് വന്ന തലമുറ ഇത് അപ്രേമിന് ലോകം മുഴുവൻ ഉണ്ടായ സ്വാധീനത്തിന്റെ അടയാളമായി വ്യാഖ്യാനിച്ചു. ഒരു സുറിയാനി പ്രസംഗത്തിൽ അപ്രേം ചെറുപ്പം മുതൽ സഹജീവികളോട് കാരുണ്യം ഉള്ളവനായിരുന്നു എന്നതിന് ഒരു ഉദാഹരണം രേഖപ്പെടുത്തിയിരിക്കുന്നു. നഗര കവാടത്തിൽ അപ്രേം എല്ലാ ദിവസവും തന്റെ ഉച്ചഭക്ഷണത്തിന്റെ ഒരു ഭാഗം പക്ഷികളുമായി പങ്കുവച്ചിരുന്നു. അവന്റെ കൂട്ടുകാർ ഇക്കാര്യം പറഞ്ഞു അവനെ പരിഹസിച്ചപ്പോൾ അപ്രേം ഇപ്രകാരം പ്രതിവചിച്ചു: “അവരും തങ്ങളുടെ മനോഹര ഗാനങ്ങളാൽ സൃഷ്ടാവിനെ പ്രകീർത്തിക്കുന്നു”. ചെറുപ്പത്തിൽ തന്നെ അപ്രേമിന് ഇത്തരം കാര്യങ്ങൾ മനസ്സിലാക്കാൻ സാധിച്ചിരുന്നു എന്നത് അദ്ദേഹത്തിന്റെ ദൈവീക ഭാവത്തിന്റെ അടയാളമായി വ്യാഖ്യാനിക്കപ്പെടുന്നു.

**ഭക്തനായ വിശ്വാസി**

യൗവ്വനത്തിൽ വി. അപ്രേം ഒരു ഭക്തനായ ക്രിസ്തീയ വിശ്വാസി എന്ന നിലയിലാണ് മറ്റുള്ളവരുടെ മുമ്പിൽ കാണപ്പെട്ടത്. മെലിഞ്ഞ ശരീര പ്രകൃതിയും തിളങ്ങുന്ന കണ്ണുകളും ശാന്തമായ സാന്നിദ്ധ്യവും അദ്ദേഹത്തെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തനാക്കി. ഏകാന്തതയെ ഇഷ്ടപ്പെട്ട അദ്ദേഹം നിസിബിസിലെ മലകളിൽ മണിക്കൂറുകൾ തനിയെ ധ്യാനത്തിൽ ചിലവഴിച്ചിരുന്നു. അദ്ദേഹം ധ്യാനിച്ചിരുന്ന ഗുഹക്ക് ആ പ്രദേശത്തെ ഇടയന്മാർ ‘അപ്രേമിന്റെ വിശ്രമസ്ഥലം’ എന്ന പേരും നൽകിയിരുന്നു. പിന്നീട് ബിഷപ്പ് യാക്കോബ് ദേവാലയ ഗേറ്റിൽ പാവങ്ങൾക്ക് ഭക്ഷണം നൽകുന്നതിനുള്ള ചുമതല അദ്ദേഹത്തെ ഏല്പിച്ചു. ഈ എളിയ ശുശ്രൂഷ വി. അപ്രേമിന്റെ ജീവിതത്തെ വളരെയധികം സ്വാധീനിച്ചു. പിന്നീട് ഇതേക്കുറിച്ചു അദ്ദേഹം പറഞ്ഞത്: “കരുണ ഞാൻ പരിശീലിച്ചത് പുസ്തക വായനയിൽ നിന്നല്ല, പാവങ്ങൾക്ക് ഭക്ഷണം നൽകിയ കരങ്ങളിൽ നിന്നാണ്”.

പേർഷ്യൻ ഭരണാധികാരികൾ നിസിബിസ് ഉപരോധിച്ചപ്പോൾ ബിഷപ്പ് യാക്കോബിന്റെ നേതൃത്വത്തിൽ മൂന്ന് പ്രാവശ്യം അതിനെ



പ്രതിരോധിച്ചതായി വി. അപ്രേം രേഖപ്പെടുത്തിയിട്ടുണ്ട്. മൂന്നാമത്തെ ആക്രമണ സമയത്ത് ഷപ്പൂർ രണ്ടാമൻ രാജാവ് മിഗ്ദോണിയസ് നദി വഴി തിരിച്ചുവിട്ടു നിസിബിസ് നഗരത്തെ നശിപ്പിക്കാൻ ശ്രമിച്ചു. എന്നാൽ ജനങ്ങൾ അവിടുത്തെ മതിലുകൾ ബലപ്പെടുത്തുകയും ദൈവാലയത്തിലെത്തി പ്രാർത്ഥിക്കുകയും ചെയ്തതിന്റെ ഫലമായി പേർഷ്യൻ പടയുടെ മുൻപന്തിയിലുണ്ടായിരുന്ന ആനകൾ ചെളിയിൽ പുതഞ്ഞുപോവുകയും പിന്നീട് തോറ്റു തിരികെപോവുകയും ചെയ്തു. അപ്രേം ഇതിനെ താരതമ്യപെടുത്തിയിരിക്കുന്നത് നോഹയുടെ



പെട്ടകം വെള്ളത്തിൽ പൊങ്ങിക്കിടന്നു നോഹയും പരിവാരങ്ങളും രക്ഷപെട്ടതിനോടാണ്. വിശ്വാസി സമൂഹത്തിന്റെ പ്രാർത്ഥനയുടെ ഫലമായി ശത്രുക്കളിൽ നിന്നും രക്ഷപ്രാപിച്ചതിന്റെ നിത്യ അടയാളമായി ഈ സംഭവം അപ്രേമിന്റെ മനസ്സിൽ അവശേഷിച്ചു. ക്രിസ്തീയവിശ്വാസത്തിനും പ്രാർത്ഥനകൾക്കും മനുഷ്യചരിത്രം മാറ്റാനുള്ള ശക്തിയുണ്ടെന്നു അപ്രേം വിശ്വസിക്കുകയും ഈ ചിന്ത തന്റെ രചനകളിലൂടെ പിന്നീട് പ്രകടിപ്പിക്കുകയും ചെയ്തു.

**ബിഷപ്പിന്റെ സഹായി**

ഒരു വിദ്യാർത്ഥി ആയിരിക്കുമ്പോൾ തന്നെ ബിഷപ്പ് യാക്കോബിന്റെ സഹായി ആയി അദ്ദേഹം അപ്രേമിനെ നിയമിച്ചിരുന്നു. ബുദ്ധി സാമർത്ഥ്യം മാത്രമല്ല, അദ്ദേഹത്തിന്റെ ജീവിത നൈർമല്യവും അതിന് കാരണമായിത്തീർന്നു. അദ്ദേഹത്തിന്റെ യാത്രകളിലെ സ്ഥിരസാന്നിധ്യമായിരുന്ന അപ്രേം മനുഷ്യ ഹൃദയങ്ങളെ വിവേചിച്ചറിയാനും, സംസാരിക്കുന്നതിന് മുൻപ് മറ്റുള്ളവരെ ശ്രവിക്കാനും, വേദനിക്കുന്നവരെ ആശ്വസിപ്പിക്കാനും അദ്ദേഹത്തിന്റെ മാതൃകയിൽ നിന്നും പഠിച്ചു എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

ബിഷപ്പ് യാക്കോബിന്റെ സ്കൂൾ ഒരു പഠനകേന്ദ്രം മാത്രമായിരുന്നില്ല. ഇവിടുത്തെ വിദ്യാർത്ഥികൾ പാവങ്ങളെ കരുതുകയും രോഗികളെ സന്ദർശിക്കുകയും, സങ്കീർത്തനങ്ങൾ ഒരുമിച്ചു ആലപിക്കുകയും ചെയ്തിരുന്നു. വി. അപ്രേമിന്റെ ആത്മീയ രൂപവത്ക്കരണം ഇവിടെ നടന്നപ്പോൾ പഠനം ഒരിക്കലും സ്വാർത്ഥ ലക്ഷ്യങ്ങൾ വച്ചുകൊണ്ടുള്ളതായിരുന്നില്ല, പിന്നെയോ ദൈവത്തെ മഹത്വപ്പെടുത്താനുള്ള മാർഗ്ഗമായിരുന്നു. വി. ഗ്രന്ഥത്തിൽ നിന്നും ചില പ്രത്യേക വചനങ്ങൾ എടുത്തുകൊണ്ട് അതേക്കുറിച്ചു മാത്രം അദ്ദേഹം മണിക്കൂറുകൾ ധ്യാനിച്ചു. ദൈവപുത്രന്റെ മനുഷ്യാവതാരം അപ്രേമിന്റെ ഇക്കാലയളവിലെ ധ്യാനവിഷയങ്ങളിൽ പ്രധാനമായിരുന്നു എന്ന് അദ്ദേഹത്തിന്റെ കൃതികളിൽ നിന്നും നമുക്ക് മനസ്സിലാക്കാം. അപരിമേയനായ ദൈവം മറിയത്തിന്റെ ഉദരത്തിൽ രൂപമെടുത്തത് എത്ര ധ്യാനിച്ചാലും മതിയാകാത്ത രഹസ്യമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. വി. അപ്രേം എഴുതി: "കർത്താവ് അവളിൽ പ്രവേശിച്ച് ഒരു ദാസനായിത്തീർന്നു; വചനം അവളിൽ പ്രവേശിച്ച് അവളുടെ ഉള്ളിൽ നിശബ്ദമായി; ഇടിമുഴക്കം അവളിൽ ശബ്ദരഹിതമായി അവതരിച്ചു." (പിറവി ഗീതങ്ങൾ 11:6)

നിഖ്യാ സുന്നഹദോസിൽ സംബന്ധിക്കാനായി ബിഷപ്പ് യാക്കോബ് യാത്ര ചെയ്ത വേളയിൽ അദ്ദേഹത്തെ അപ്രേം അനുയാത്ര ചെയ്യുകയും അവിടെ ആയിരുന്നപ്പോൾ കൈയെഴുത്തു പ്രതികൾ ഉണ്ടാക്കുന്നതിനും മറ്റുള്ളവരുമായി കത്തിടപാടുകൾ നടത്തുന്നതിനും അദ്ദേഹത്തെ സഹായിക്കുകയും ചെയ്തു. സൂന്നഹദോസിൽ സംബന്ധിക്കുന്നതിന് അപ്രേമിന് അനുവാദം ഇല്ലായിരുന്നെങ്കിലും ആഗോള സഭയുടെ പ്രവർത്തനങ്ങളെ അടുത്തറിയുന്നതിന് ഇതുവഴി അദ്ദേഹത്തിന് സാധിച്ചു. ഇതിന് ശേഷം നിസിബിസിലെ ദൈവശാസ്ത്ര സ്കൂളിൽ പഠിപ്പിക്കുന്നതിനും യുവതലമുറയെ സ്വാധീനിക്കുന്നതിനും അദ്ദേഹത്തിന് സാധിച്ചു.

**ആത്മീയ പാത**

ചെറുപ്പക്കാരനായിരുന്നപ്പോൾ ജീവിത നിഷ്ഠയും ഉന്നത ചിന്തയും ലളിത ജീവിതവുമൊക്കെ അദ്ദേഹത്തിന്റെ കൈമുതലായി കൂടെ നടന്നു. കത്തീഡ്രൽ ദേവാലയത്തിന്റെ അടുത്തുള്ള ഒരു ചെറിയ മുറിയിൽ വസിച്ചുകൊണ്ട് അദ്ദേഹം ആരാധനയിൽ എപ്പോഴും സഹായിച്ചിരുന്നു. പാവങ്ങളെ പ്രത്യേകം കരുതുകയും ആരെക്കുറിച്ചും മോശമായി സംസാരിക്കാൻ സമയം ചിലവഴിക്കാതിരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ പിൽക്കാല ജീവിതം പ്രശക്തിയിൽ ചെന്നെത്തിയെങ്കിലും അതിന്റെ അടിസ്ഥാനമായി വർത്തിച്ചത് ജീവിതത്തിൽ അപ്രേമിനു

ണ്ടായിരുന്ന പുണ്യങ്ങളും ചെറുപ്രായത്തിൽ തന്നെ ആർജ്ജിച്ചെടുത്ത പല അറിവുകളും ആയിരുന്നു. പാവങ്ങൾക്ക് ഭക്ഷണം നൽകുകയും, പറവകളെ പോറ്റുകയും ചെയ്തവൻ സഭയിൽ അനേകർക്ക് ആത്മീയ ഭോജനത്തിന്റെ ഉറവിടമായിത്തീർന്നു.

വി. അപ്രേം ജീവിതകാലം മുഴുവൻ ഒരു ഡീക്കനായി ചിലവഴിക്കാൻ ആഗ്രഹിക്കുകയും അതിന്റെ അനന്തരഫലമായി മറ്റു അധികാര സ്ഥാനങ്ങൾ ഒന്നും സ്വീകരിക്കാതിരിക്കുകയും ചെയ്ത ആളാണ്. അപ്രേമിനെ ബിഷപ്പാക്കാൻ തീരുമാനിച്ചപ്പോൾ അദ്ദേഹം അതിന് യോഗ്യനല്ലെന്ന ചിന്തയാൽ ഭ്രാന്തനായി അഭിനയിച്ചു എന്നാണ് പറയപ്പെടുന്നത്. ഒരു ദാസൻ ആയിരുന്നുകൊണ്ട് പാവങ്ങളെയും രോഗികളെയും സാധാരണക്കാരെയും കരുതണമെന്നതായിരുന്നു അദ്ദേഹത്തിന്റെ അഭിലാഷം. ഒരിക്കൽ അദ്ദേഹം ഇപ്രകാരം എഴുതി: “ഞാനൊരു സേവകനാണ്... ആടുകളുടെ ഇടയനാണ്... സിംഹങ്ങളുടെയല്ല”.

നിസിബിസിൽ ഒരു അധ്യാപകൻ എന്ന നിലയിൽ തലമുറകളെ രൂപപ്പെടുത്തുന്നതിൽ അദ്ദേഹം നിർണ്ണായക പങ്കു വഹിച്ചിട്ടുണ്ട്. അവരിൽ പലരും പിന്നീട് പുരോഹിതരും, മിഷനറിമാരും, പണ്ഡിതന്മാരുമായി തീരുകയും ചെയ്തു. ആരാധനയ്ക്ക് ഉപയോഗിക്കുന്നതിനായി അനേകം ഗീതങ്ങൾ രചിക്കുകയും പിന്നീട് അത് പൗരസ്ത്യ സഭകളിൽ വ്യാപകമായി ഉപയോഗിക്കപ്പെടും ചെയ്തു. ഇവയിലൂടെ വലിയ ദൈവശാസ്ത്ര സത്യങ്ങളാണ് അദ്ദേഹം വിശ്വാസികൾക്ക് പകർന്ന് നൽകിയിരിക്കുന്നത്.

എ.ഡി. 363-ൽ പേർഷ്യക്കാർ നിസിബിസ് കീഴടക്കിയപ്പോൾ ക്രിസ്ത്യാനികൾ അവിടെ നിന്നും പാലായനം ചെയ്യാൻ നിർബന്ധിതരായി. ഈ അവസരത്തിൽ വി. അപ്രേം എഡേസ്സയിലേക്ക് തന്റെ താമസം മാറ്റി. ഈ നഗരം വളരെ സജീവവും പഠനത്തിനും ഭക്തി കാര്യങ്ങൾക്കും പേരുകേട്ടതും ആയിരുന്നു. എഡേസ്സ സ്കൂളിൽ അദ്ദേഹം പഠിപ്പിക്കാൻ തുടങ്ങിയത് ജീവിതത്തിലെ വലിയ മാറ്റത്തിന് കാരണമായി. ഈ സമയത്തു തന്നെ അദ്ദേഹം തന്റെ എഴുത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുകയും ക്രിസ്തീയ വിശ്വാസത്തിലേക്ക് വന്നിരുന്ന അർത്ഥികളെ പഠിപ്പിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പേരും പെരുമയും എല്ലായിടത്തും എത്തിപ്പെട്ടപ്പോഴും എളിമയോടെ അദ്ദേഹം തന്റെ ജീവിതം മുന്നോട്ട് നയിച്ചു. മിതമായി ഭക്ഷിച്ചു, എപ്പോഴും പ്രാർത്ഥിച്ചു, തറയിൽ കിടന്നുറങ്ങി അദ്ദേഹം തന്റെ ജീവിതം ദൈവത്തിലാശ്രയിച്ചു മുന്നോട്ട് കൊണ്ടുപോയി. അദ്ദേഹത്തിന്റെ ജീവിത വിശുദ്ധി അപ്രേമിനെ എഡേസ്സയിലെ ആളുകൾക്ക് പ്രിയപ്പെട്ടവനാക്കി. അവർ അവനെ ‘ആബൂന അപ്രേം’ (പിതാവായ അപ്രേം) എന്നാണ് വിളിച്ചത്.

**എഡേസ്സായിലെ ജീവിതം**

നിസിബിസിൽ പേർഷ്യൻ ഭരണാധികാരികളുടെ ആക്രമണത്തിൽ നിന്നും രക്ഷനേടി ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രമായ എഡേസ്സയിൽ എ.ഡി. 363-ലാണ് വി. അപ്രേം എത്തുന്നത്. ആശയങ്ങളുടെയും സംസ്കാരങ്ങളുടെയും സംഗമസ്ഥാനമായിരുന്നു ഈ നഗരം. വി. അപ്രേമിന്റെ കഴിവുകളും ബുദ്ധിവൈഭവവും പൂർണ്ണമായും ഉപയോഗപ്പെടുത്താനുള്ള ഒരു സ്ഥലമായിരുന്നു ഇത്. ഇവിടെ അധ്യാപനം നടത്തിയും, പുതിയ കീർത്തനങ്ങൾ രചിച്ചും, പാവങ്ങളെ പരിചരിച്ചും പത്തു വർഷത്തോളം അദ്ദേഹം ജീവിച്ചു. അദ്ദേഹം ദൈവശാസ്ത്ര പഠനത്തിനായി സ്ഥാപിച്ച ഇവിടുത്തെ സ്കൂൾ പിന്നീട് ‘പേർഷ്യയിലെ സ്കൂൾ’ എന്ന പേരിൽ പ്രശസ്തമായി. അദ്ദേഹത്തിന്റെ ഇവിടുത്തെ സാന്നിധ്യം സുറിയാനി ദൈവശാസ്ത്രത്തിനും ഭക്ത്യാഭ്യാസങ്ങൾക്കും തെളിമയും അംഗീകാരവും ഉണ്ടാകുന്നതിനും നൂറ്റാണ്ടുകളോളം ഈ സ്വാധീനം നിലനിർത്തുന്നതിനും സഹായിച്ചു.



സംഭാവനകളിലൊന്നായ വിശുദ്ധ കീർത്തനങ്ങൾ സഭയുടെ ആരാധനയുടെ ഭാഗമാകുന്നത് എഡേസ്സായിലാണ്. ജനങ്ങളെ വഴിതെറ്റിക്കുന്ന കവിതകളുടെ ഉപയോഗം ഇല്ലാതാക്കുന്നതിനും സത്യവിശ്വാസ സംരക്ഷണത്തിനുമായിട്ടാണ് അദ്ദേഹം ഈ രചനകൾ നടത്തിയത്. സാധാരണ വിശ്വാസികൾക്കും പാടാവുന്ന രീതിയിൽ ലളിതമായ രാഗങ്ങളിൽ അദ്ദേഹം ചിട്ടപ്പെടുത്തിയ കീർത്തനങ്ങൾ അങ്ങനെ സുറിയാനി സഭയുടെ പൊതുസ്വത്തായി പരിണമിച്ചു. ക്രിസ്തീയ വിശ്വാസത്തിന്റെ രഹസ്യങ്ങൾ, ക്രിസ്തുവിന്റെ ദൈവീകത, മനുഷ്യാവതാരത്തിന്റെ ശരിയായ അർത്ഥം തുടങ്ങിയവ ഈ കൃതികളിലൂടെ വിശ്വാസികൾ മനസ്സിലാക്കുകയും പ്രാർത്ഥനയായി ആലപിക്കുകയും ചെയ്തു. വി. അപ്രേം ചെയ്ത വിപ്ലവകരമായ ഒരു പ്രവൃത്തി സ്ത്രീകൾക്കായി ഒരു ഗായകസംഗം രൂപീകരിച്ചു എന്നതാണ്. ഈ മാതൃകയിൽ സുറിയാനി സഭയിൽ രൂപപ്പെട്ട ഗായകസംഘങ്ങൾ ആരാധനയുടെ അഭിഭാജ്യ ഘടകങ്ങളായി മാറി.

എഡേസ്സായിലെ ക്രിസ്തീയ സമൂഹം അപ്രേമിന്റെ നേതൃത്വത്തിൽ ഭക്തിയും, വിജ്ഞാനവും സാമുന്വയിപ്പിച്ചു ആരാധനയിൽ പങ്കുചേരുന്നത് മറ്റു സമൂഹങ്ങൾക്ക് മാതൃകയാവുകയും അവർ അതിനെ അനുകരിക്കുകയും ചെയ്തു. ആഘോഷങ്ങൾക്കും പ്രദക്ഷിണങ്ങൾക്കും ഇവരുടെ സാന്നിധ്യം മറ്റു സമൂഹങ്ങളും അഭിലഷിക്കുന്ന അവസ്ഥ സംജാതമായി. അങ്ങനെ ഇവരുടെ ശബ്ദത്തിലൂടെ വി. അപ്രേമിന്റെ ദൈവശാസ്ത്രം അനേകരിൽ എത്തിച്ചേർന്നു. എഴുത്തും വായനയും അറിയാത്തവർപോലും ഈ ഗാനങ്ങൾ ശ്രവിച്ചതിലൂടെ ആഴമായ ദൈവശാസ്ത്രം പഠിച്ചവരെപ്പോലെ അറിവുള്ളവരായിത്തീർന്നു.

**മരണം, വിശുദ്ധൻ, വേദപാരംഗതൻ**

വി. അപ്രേം തന്റെ ജീവിതത്തിന്റെ അവസാന വർഷങ്ങൾ ചിലവഴിച്ച എഡേസ്സ നഗരത്തിൽ വച്ച് എ.ഡി. 373-ലാണ് മരിക്കുന്നത്. ഇവിടെ പ്രാർത്ഥനയിലും, അധ്യാപനത്തിലും, പാവങ്ങളെ ശുശ്രൂഷിക്കുന്നതിലുമാണ് അദ്ദേഹം ശ്രദ്ധിച്ചിരുന്നത്. ഇക്കാലയളവിൽ ഈ പ്രദേശങ്ങളിൽ പകർച്ചവ്യാധി പടർന്നു പിടിക്കുകയും അനേകർ മരിക്കുകയും ചെയ്തു. അപ്രേം ഇവർക്കെല്ലാം സഹായം എത്തിച്ചു കൊടുക്കയും അവരെ ശുശ്രൂഷിക്കുകയും ചെയ്തു. അവസാനം അദ്ദേഹത്തെയും രോഗം ബാധിക്കുകയും അതുമൂലം മരിക്കുകയുമാണുണ്ടായത്. ഈ ശുശ്രൂഷ തുടരാനും നിരന്തരം ദൈവത്തിലാശ്രയിച്ചു ജീവിക്കാനും അദ്ദേഹം



മരിക്കുന്നതിന് മുൻപായി തന്റെ ചുറ്റിലും കൂടിയ ശിഷ്യസമൂഹത്തെ ഉപദേശിച്ചു.

ജീവിച്ചിരിക്കുമ്പോൾ തന്നെ വിശ്വാസികൾ അദ്ദേഹത്തെ വിശുദ്ധനായി കണ്ടിരുന്നു. മരണശേഷം അദ്ദേഹത്തിന്റെ കബറിടം പെട്ടെന്ന് തന്നെ തീർത്ഥാടന കേന്ദ്രമായി മാറി. അനേകർ ഇവിടെ നിന്നും ആത്മീയ അനുഗ്രഹങ്ങൾ പ്രാപിക്കുകയും അത്ഭുത രോഗശാന്തി ലഭിക്കുകയും ചെയ്തതായി സാക്ഷിക്കുകയുണ്ടായി. കൂടാതെ അദ്ദേഹത്തിന്റെ കൃതികളിൽ

നിന്നുള്ള വായനകൾ ദേവാലയങ്ങളിൽ സ്ഥിരമായി വായിക്കുകയും ചെയ്തിരുന്നു.

സാവധാനം അദ്ദേഹത്തിന്റെ പ്രശസ്തി സുറിയാനി സഭയിൽ നിന്നും മറ്റു പൗരസ്ത്യ സഭകളിലേക്കും പാശ്ചാത്യ സഭയിലേക്കും വ്യാപിച്ചു. പാശ്ചാത്യ സഭയിൽ ജൂൺ 9-നും പൗരസ്ത്യ സഭകളിൽ ജനുവരി 28-നുമാണ് അദ്ദേഹത്തിന്റെ തിരുന്നാൾ ആഘോഷിക്കുന്നത്. എ.ഡി. 1920-ൽ ബനഡിക്റ്റ് പതിനഞ്ചാമൻ മാർപാപ്പ അദ്ദേഹത്തെ സാർവ്വത്രിക സഭയിലെ വേദപാരംഗതനായി ഉയർത്തി. സുറിയാനി സഭയിൽ നിന്നും വേദപാരംഗതരുടെ ഗണത്തിൽ ഇടം കണ്ടെത്തിയിരിക്കുന്ന ഒരേയൊരു വിശുദ്ധനാണ് വി. അപ്രേം. പിന്നീട് വന്ന പല സഭാപിതാക്കന്മാരും പണ്ഡിതന്മാരും വി. അപ്രേമിന്റെ സ്വാധീനം ഉൾക്കൊണ്ട് ആരാധനയ്ക്കായി ഗീതങ്ങൾ ചിട്ടപ്പെടുത്തിയിട്ടുണ്ട്. 2007-ൽ ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പ തന്റെ ഒരു പൊതു കൂടിക്കാഴ്ചയിൽ അപ്രേമിനെക്കുറിച്ചു ഇപ്രകാരം പറഞ്ഞു: "വി. അപ്രേം ദൈവശാസ്ത്രം സംഗീതാത്മകമെന്ന് നമുക്ക് കാണിച്ചു തന്ന വിശുദ്ധനാണ്. വിശ്വാസവും കവിതയും ദൈവീക രഹസ്യങ്ങൾ വെളിപ്പെടുത്തുന്നതിനായി അദ്ദേഹം സംയോജിപ്പിച്ചു."



**രചനകൾ**

പൗരസ്ത്യ-പാശ്ചാത്യ സഭകളിൽ അപ്രേമിന്റെ രചനകൾ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗീതകങ്ങൾ സുറിയാനി സഭകളുടെ ആരാധനയുടെ അഭിഭാജ്യ ഘടകമാണ്. അനേകം ഭാഷകളിലേക്ക് അദ്ദേഹത്തിന്റെ കൃതികൾ അക്കാലത്തുതന്നെ പരിഭാഷപ്പെടുത്തിയിട്ടുണ്ട്. അവയിലെ ദൈവശാസ്ത്ര ചിന്തകളും പ്രതീകങ്ങളും മാതൃകയായി സ്വീകരിച്ചു കൃതികൾ വിരചിച്ച ആധുനിക ദൈവശാസ്ത്രജ്ഞന്മാർ ധാരാളമുണ്ട്. വിശ്വാസം നിറഞ്ഞു തുളുമ്പുന്നതും കവിത പോലെ രചിക്കപ്പെട്ടതുമാണ് അദ്ദേഹത്തിന്റെ മിക്ക കൃതികളും. അപ്രേം എഴുതിയ നാനൂറിലധികം കീർത്തനങ്ങൾ കൂടാതെ ധാരാളം വ്യാഖ്യാന കൃതികൾ, പ്രസംഗങ്ങൾ, എന്നിവ നമുക്ക് ലഭ്യമായിട്ടുണ്ട്. പിൽക്കാല തലമുറയ്ക്ക് ലഭ്യമായതിൽ കൂടുതൽ അപ്രേമിന്റെ കൃതികൾ നഷ്ടപ്പെട്ടുപോയിട്ടുണ്ട് എന്ന് കരുതുന്ന ധാരാളം ക്രിസ്തീയ ചരിത്ര പണ്ഡിതന്മാരുമുണ്ട്. അദ്ദേഹത്തിന്റെ രചനകളിൽ നിഴലിച്ചു നിൽക്കുന്ന പ്രധാന വിഷയങ്ങൾ സൃഷ്ടി, പാപം, രക്ഷ, കന്യകാമറിയം, മാമോദീസ, വി. കുർബാന, അന്ത്യവിധി എന്നിവയൊക്കെയാണ്. വി. അപ്രേമിന്റെ കൃതികൾ പ്രധാനമായും മൂന്ന് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

**1. ഗീതകങ്ങൾ (Madrashe)**

'മദ്രാഷേ' എന്നാൽ പ്രബോധനങ്ങൾ, ഉപദേശങ്ങൾ എന്നൊക്കെയാണ് അർത്ഥം. വി. അപ്രേമിന്റെ ഈ ഗീതകങ്ങൾ ക്രിസ്തീയ ദൈവശാസ്ത്രത്തിന്റെയും സംഗീതത്തിന്റെയും പ്രകാശനിധികളായി സഭ അംഗീകരിച്ചിരിക്കുന്നു. ഈ കൃതികൾ പ്രധാനമായും അദ്ദേഹം ആരാധനക്കായി ചിട്ടപ്പെടുത്തിയതാണ്. സംഗീത ഉപകരണങ്ങളുടെ അകമ്പടിയോടെ സ്ത്രീ-പുരുഷന്മാർ രണ്ടു വിഭാഗങ്ങളായി നിന്നുകൊണ്ട് ആലപിക്കുന്ന പ്രാർത്ഥനകളാണ് ഇത്. അങ്ങനെ ആഴമായ ദൈവശാസ്ത്രം കാവ്യാത്മകമായി

അദ്ദേഹം ദൈവജനത്തിന് പകർന്നു നൽകി. 'പറുദീസാ ഗീതങ്ങൾ' എന്ന കീർത്തനത്തിൽ ഏദൻ തോട്ടത്തെ സ്വർഗ്ഗവുമായി താരതമ്യപ്പെടുത്തി അദ്ദേഹം എഴുതുന്നു: ''ആദിയിൽ ദൈവം പറുദീസാ സൃഷ്ടിച്ചു അവിടെ സൃഷ്ടിയുടെ മകുടമായ ആദത്തെ പ്രതിഷ്ഠിച്ചു. ഇന്ന് സഭയിൽ, ജീവന്റെ വൃക്ഷം വീണ്ടും നട്ടിരിക്കുന്നു... ജീവനുവേണ്ടി ദാഹിക്കുന്നവർക്കായി അതിന്റെ ഫലങ്ങൾ നൽകിയിരിക്കുന്നു.'' അപ്രേമിന്റെ കാവ്യങ്ങളിൽ ഈ പ്രപഞ്ചത്തിലുള്ള സർവ്വതും ദൈവമഹത്വം പ്രഘോഷിക്കുവാനായി രൂപപ്പെടുത്തിയിരിക്കുന്നതാണ്. അങ്ങനെ പ്രാർത്ഥനയിലൂടെയും സംഗീതത്തിലൂടെയും അദ്ദേഹം ക്രിസ്തീയ ദൈവശാസ്ത്രം തന്റെ ജനങ്ങളിലേക്ക് സംവേദനം ചെയ്തു.

**2. ഗദ്യ രചനകളും വ്യാഖ്യാനങ്ങളും**

വി. അപ്രേമിന്റെ അതുല്യ പ്രതിഭയുടെയും ധ്യാനാത്മക ചിന്തയുടെയും പ്രതിഫലനമാണ് അദ്ദേഹത്തിന്റെ ഗദ്യകൃതികൾ. ഉല്പത്തി, പുറപ്പാട്, സുവിശേഷങ്ങൾ, പൗലോസിന്റെ ലേഖനങ്ങൾ തുടങ്ങിയ ഗ്രന്ഥങ്ങളുടെ വ്യാഖ്യാനം അദ്ദേഹം എഴുതിയിരിക്കുന്നത് സമകാലീനർക്ക് മാത്രമല്ല, അനന്തര തലമുറകൾക്കും വളരെ പ്രയോജനപ്രദമാണ്. വിശുദ്ധ ലിഖിതങ്ങളെ മനോഹരമായി നെയ്തിരിക്കുന്ന ഒരു വസ്ത്രത്തോടാണ് അദ്ദേഹം ഉപമിച്ചിരിക്കുന്നത്. അവയിലെ നൂലുകൾ എല്ലാം ക്രിസ്തുവിനോട് അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. വി. ഗ്രന്ഥത്തെ ഒരു നദിയോട് ഉപമിച്ചുകൊണ്ട് അദ്ദേഹം എഴുതുന്നു: "വിശുദ്ധ ലിഖിതങ്ങൾ നിരവധി ശാഖകളുള്ള ഒരു നദി പോലെയാണ്: അവയിലെ ആഴം കുറഞ്ഞ ഭാഗത്തു കുട്ടികൾക്ക് കളിക്കാനും എന്നാൽ ആഴമുള്ള സ്ഥലങ്ങളിൽ ആനകൾക്ക് നീന്താനും സാധിക്കും".

ഒരു ആത്മജ്ഞാനിയുടെ മനോഭാവത്തോടെയാണ് അദ്ദേഹം വിശുദ്ധ ഗ്രന്ഥത്തെ സമീപിക്കുന്നത്. ഒരിക്കലും വറ്റാത്ത അറിവിന്റെ ഉറവയും അനുഗ്രഹത്തിന്റെ ഉറവിടവുമാണ് ദൈവത്തിന്റെ വചനം. അതിലെ ഓരോ വാചകങ്ങളിലും മനുഷ്യന് ആവശ്യമായ രീതിയിൽ ചരിത്രപരവും, ധാർമ്മികവും, ആത്മീയവുമായ അംശങ്ങൾ ഉൾക്കൊണ്ടിരിക്കുന്നു. എളിമയോടെയും വിശ്വാസത്തോടെയും ദൈവവചനം വായിക്കുന്നവർക്ക് ദൈവം ഈ നിത്യസത്യങ്ങൾ വെളിപ്പെടുത്തുന്നു എന്ന് വി. അപ്രേം വിശ്വസിച്ചിരുന്നു. വിശുദ്ധ ഗ്രന്ഥത്തെക്കുറിച്ചുള്ള ശരിയായ അറിവ് ബുദ്ധിപരമായ പഠനത്തിൽ നിന്ന് എന്നതിനേക്കാൾ വചനത്തോടുള്ള സ്നേഹത്തിൽ നിന്നാണ് ഉരുവാകുന്നത് എന്ന് അദ്ദേഹം പറയുന്നു.



**3. പ്രസംഗങ്ങളും വ്യാഖ്യാന ഗ്രന്ഥങ്ങളും**

വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ തിരുവെഴുത്തിനെയും ആരാധനയെയും സംയോജിപ്പിക്കുന്ന ഒരു ദൈവശാസ്ത്രജ്ഞനെ വെളിപ്പെടുത്തുന്ന രചനകളാണ് വി. അപ്രേമിന്റെ പ്രസംഗങ്ങളും വ്യാഖ്യാന കൃതികളും. ആര്യനിസം, ജ്ഞാനവാദം തുടങ്ങിയ പാഷണ്ഡതകൾക്ക് എതിരായി അദ്ദേഹം എഴുതുമ്പോഴും വ്യക്തിവിരോധം പ്രകടിപ്പിക്കാതെ സത്യം വെളിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ മാത്രം അദ്ദേഹം കാര്യങ്ങൾ വിശദീകരിക്കുന്നു. അപ്രേമിന്റെ ഗീതകങ്ങൾ വിശ്വാസിയുടെ ഹൃദയത്തെ ദൈവത്തിങ്കലേക്ക് ഉയർത്താൻ പര്യാപ്തമായിരുന്നു. അതിനാൽ തന്നെ അനേകർ അപ്രേമിന്റെ സ്വാധീനത്തിൽ പാഷണ്ഡതകൾ ഉപേക്ഷിച്ചിട്ടുണ്ട്.

അദ്ദേഹത്തിന്റെ ദൈവശാസ്ത്രം അഗ്രാഹ്യമായ യുക്തില്ല, മറിച്ച് ആത്മാവിനെ ദൈവത്തിലേക്ക് ഉയർത്താൻ സാധിക്കുന്ന സംഗീതാത്മക ധ്യാനമാണ്. അപ്രേമിന്റെ പ്രസംഗങ്ങളുടെ ഉദ്ദേശം അറിവ് പകരുക എന്നതായിരുന്നില്ല, മാനസാന്തരത്തിലേക്കും ദൈവാഭിമുഖ്യത്തിലേക്കും ഒരുവനെ നയിക്കുക എന്നതായിരുന്നു. അതിനാൽ തന്നെ അപ്രേം വിശുദ്ധഗ്രന്ഥം വായിച്ചിരുന്നത് ബുദ്ധികൊണ്ടല്ല ഹൃദയം കൊണ്ടായിരുന്നു. പഴയനിയമത്തിലെ സംഭവങ്ങൾ ക്രിസ്തുവിനെയും സഭയെയും കൂദാശകളെയും പ്രതിനിധീകരിക്കുന്നതാണെന്ന് അദ്ദേഹം എഴുതി. കത്തുന്ന മുൾപടർപ്പിനെ കന്യകാമറിയത്തിന്റെ മുൻരൂപമായും ഏദൻ തോട്ടത്തിലെ ജീവന്റെ വൃക്ഷം കാൽവരിയിലെ കുരിശായും അവിടെനിന്നും ഒഴുകുന്ന നദി മാമോദീസയിലൂടെ ലഭിക്കുന്ന കൃപയുടെ പ്രതീകമായും അദ്ദേഹം വിവരിച്ചു. വി. അപ്രേമിനെ സംബന്ധിച്ച്, സത്യവിശ്വാസത്തെ ഒരുവന്റെ ജീവിതം കൊണ്ട് കാട്ടിക്കൊടുക്കുന്നതിനേക്കാൾ വലിയ പ്രതിരോധം ഒന്നും തന്നെയില്ല.

**ക്രിസ്തീയ സാഹിത്യ സംഭാവനകൾ**

ക്രൈസ്തവ വിശ്വാസത്തിന് വിലമതിക്കാനാവാത്ത സംഭാവനകളാണ് അദ്ദേഹം നൽകിയിട്ടുള്ളത്. ദൈവശാസ്ത്രം, ആരാധന, വിദ്യാഭ്യാസം, ആധ്യാത്മികത തുടങ്ങിയ പല മേഖലകളിൽ അദ്ദേഹം നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്.

1. **ദൈവശാസ്ത്രം** – അടയാളവും രഹസ്യവും: ദൈവം എല്ലാ മനുഷ്യ ഭാഷയ്ക്കും വിവരിക്കാൻ സാധിക്കുന്നതിന് ഉപരിയാണെന്ന് അദ്ദേഹം പഠിപ്പിച്ചു. അതിനാൽ തന്നെ ദൈവശാസ്ത്രത്തിന്റെ ലക്ഷ്യം കാര്യങ്ങൾ നിർവചിക്കുകയല്ല, പിന്നെയോ ദൈവത്തെ ആരാധിക്കുകയാണ്. അദ്ദേഹം എഴുതി: ''നിങ്ങൾക്ക് പൂർണ്ണമായും മനസ്സിലാക്കാൻ സാധിച്ചിട്ടുണ്ടെങ്കിൽ അത് ദൈവത്തെയായിരിക്കില്ല നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നത്''. അപ്രേമിനെ സംബന്ധിച്ച് സൃഷ്ടിപോലും ദൈവത്തിന്റെ ദൃഷ്ടാന്തകഥ മാത്രമാണ്. രക്ഷാകര ചരിത്രത്തിലെ ഓരോ സംഭവവും ദൈവസ്നേഹത്തിന്റെ വെളിപ്പെടുത്തലാണ്.

2. **മരിയൻ ദൈവശാസ്ത്രം**: മറിയത്തെക്കുറിച്ച് വിശദമായി എഴുതിയിട്ടുള്ള ആദ്യകാല പണ്ഡിതന്മാരിലൊരാളാണ് വി. അപ്രേം. 'സൂര്യന്റെ പരിശുദ്ധമായ കണ്ണാടി', 'പുതിയ ഹവ്വ', 'ജീവിച്ചിരിക്കുന്നവരെയുടെയെല്ലാം അമ്മ' എന്നിങ്ങനെയൊക്കെയാണ് അദ്ദേഹം മറിയത്തെ വിശേഷിപ്പിച്ചിരിക്കുന്നത്. ജനനത്തെക്കുറിച്ചുള്ള സങ്കീർത്തനത്തിൽ അദ്ദേഹം എഴുതുന്നു: ''അല്ലയോ സ്ത്രീയെ, നീ അനുഗ്രഹീത ആകുന്നു. നീ അമ്മയും കന്യകയുമാകുന്നു. നിന്റെ പരിശുദ്ധി ലോകത്തെ വീണ്ടും പ്രകാശിപ്പിച്ചിരിക്കുന്നു''. മറിയത്തെ 'തെയോതോക്കോസ്' എന്ന് അദ്ദേഹം വിശേഷിപ്പിച്ചിരിക്കുന്നത് പിന്നീട് എഫേസൂസ് സുന്നഹദോസിൽ സഭയുടെ ഔദ്യോഗിക പ്രബോധനത്തിന്റെ ഭാഗമായി മാറി.

3. **ആരാധനാ നവീകരണം**: വി. അപ്രേം സഭയുടെ സനാതന പ്രബോധനങ്ങളെ സംഗീതരൂപത്തിൽ അവതരിപ്പിച്ചുകൊണ്ട് ആരാധന കൂടുതൽ സജീവവും അർത്ഥവത്തും ആക്കുന്നതിന് സഹായിച്ചു. അദ്ദേഹത്തിന്റെ കീർത്തനങ്ങൾ അക്കാലത്തു നിലവിലുണ്ടായിരുന്ന തെറ്റായ പ്രബോധനങ്ങൾ ഉൾക്കൊണ്ടിരുന്ന പല പ്രാർത്ഥനകളെയും മാറ്റുന്നതിന് സഹായിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കീർത്തനങ്ങൾ പ്രാർത്ഥിക്കുന്നതിലൂടെ ദൈവജനം ശരിയായ ദൈവശാസ്ത്രം പഠിക്കുന്ന അവസ്ഥ ഉണ്ടായി.

www.malankaralibrary.com



ആരാധന അങ്ങനെ മനോഹരവും ആനന്ദപ്രദവുമായി മാറി. വി. അപ്രേമിന്റെ മാതൃക സ്വീകരിച്ചു പിന്നീട് വന്ന പല സഭാപിതാക്കന്മാരും പ്രാർത്ഥനകൾ ചിട്ടപ്പെടുത്തുകയും അങ്ങനെ സഭാത്മക ജീവിതം കൂടുതൽ സജീവമാവുകയും ചെയ്തു.

4. **വിദ്യാഭ്യാസവും വിശ്വാസ പരിശീലനവും:** നിസിബിലെയും എഡേസ്സായിലെയും സ്കൂളുകൾക്ക് നേതൃത്വം നൽകുക വഴി വി. അപ്രേം ക്രിസ്തീയ വിശ്വാസത്തിന്റെ ബൗദ്ധിക ജീവിതത്തിന്റെ നിലവാരം ഉയർത്തി. ശരിയായ വിദ്യാഭ്യാസം എളിമയോടുകൂടി ഏറ്റെടുക്കേണ്ടതാണെന്ന് അദ്ദേഹം പഠിപ്പിച്ചു. "സ്നേഹമില്ലാത്ത വിജ്ഞാനം ഊതി വീർപ്പിച്ചതാണ്, എന്നാൽ അറിവും സ്നേഹവും എളിമയും ഒന്നിക്കുമ്പോൾ പുരോഗതി ഉണ്ടാകുന്നു. വി. അപ്രേമിന്റെ വിദ്യാഭ്യാസ ആശയങ്ങൾ സ്വാംശീകരിച്ചുകൊണ്ട് പൗരസ്ത്യദേശത്തുടനീളം ധാരാളം ദൈവശാസ്ത്ര സ്കൂളുകൾ പിന്നീട് നിലവിൽ വന്നു."

5. **അജപാലനവും സാമൂഹ്യ സേവനവും:** കുടുംബത്തിൽ നിന്നും പിന്നീട് ബിഷപ്പ് യാക്കോബിന്റെ പക്കൽ നിന്നും പരിശീലിച്ച പരസ്നേഹ മാതൃകകൾ വി. അപ്രേമിന്റെ പിൽക്കാല ജീവിതത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുണ്ട്. എ.ഡി. 372-ൽ എഡേസ്സായിൽ ഉണ്ടായ ഭക്ഷ്യ ക്ഷാമത്തെ നേരിടുന്നതിന് അപ്രേം നേതൃത്വം നൽകി. സമ്പന്നരോട് ഉദാരമതികളാകാൻ അദ്ദേഹം ആഹ്വാനം ചെയ്തു. പാവങ്ങളെ രാപകലില്ലാതെ ഇക്കാലയളവിൽ അദ്ദേഹം ശുശ്രൂഷിക്കുകയും ജോലി ചെയ്തു കുഴഞ്ഞുവീഴുകയും ചെയ്തുവെന്ന് രേഖപ്പെടുത്തിയിട്ടുമുണ്ട്. അദ്ദേഹം ആലപിച്ച സുവിശേഷ ഗീതം പോലെയായിരുന്നു അദ്ദേഹത്തിന്റെ ജീവിതവും.

**ഉപസംഹാരം**

വി. അപ്രേം വളരെ ലളിതമായി ജീവിക്കുകയും ആഴത്തിൽ പ്രാർത്ഥിക്കുകയും കൂർമ്മബുദ്ധിയോടെ ക്രിസ്തീയ പ്രബോധനം നിർവഹിക്കുകയും ചെയ്ത വിശുദ്ധനാണ്. ചിന്തയുടെ ആഴം കൊണ്ട് മാത്രമല്ല, ഹൃദയത്തിന്റെ വിശുദ്ധികൊണ്ടുകൂടിയാണ് അദ്ദേഹത്തിന് വലിയ ദൈവീക രഹസ്യങ്ങൾ മനസ്സിലാക്കുന്നതിന് സാധിച്ചത്. ദൈവശാസ്ത്രം രൂപപ്പെടേണ്ടത് മുട്ടിന്മേൽ നിന്ന് പ്രാർത്ഥിക്കുന്നതുവഴിയാണെന്ന് അദ്ദേഹം തന്റെ ജീവിതമാതൃകയിലൂടെ നമുക്ക് കാട്ടിത്തന്നു. പ്രപഞ്ചസൃഷ്ടിതന്നെ ദൈവത്തിന്റെ കൈകൊണ്ട് എഴുതിയ ഒരു വിശുദ്ധ ഗ്രന്ഥമായി കാണാൻ വി. അപ്രേം നമ്മെ പ്രേരിപ്പിക്കുന്നു. പ്രാർത്ഥനയിൽ രൂപപ്പെടുത്തിയ വാക്കുകൾക്ക് മാത്രമേ ആത്മാവിനെ സുഖപ്പെടുത്താൻ കഴിയൂ. ഇക്കാരണത്താൽ ദൈവത്തെ ആത്മാർത്ഥമായി അന്വേഷിക്കുന്ന എല്ലാവർക്കും ഒരു പ്രകാശ രശ്മിപോലെയാണ് വി. അപ്രേമിന്റെ രചനകൾ.

തനിക്ക് ലഭിക്കാമായിരുന്ന അധികാരസ്ഥാനങ്ങൾ നിരസിച്ചുകൊണ്ട് ഒരു ഡീക്കനായി ശുശ്രൂഷ ചെയ്ത അപ്രേം ചക്രവർത്തിമാരേക്കാൾ പേരും പെരുമയും ഉള്ളവനായി ചരിത്രത്താളുകളിൽ വിരാചിക്കുന്നു. ആരാധനയും ദൈവശാസ്ത്രവും സംഗീതവും ഒരുപോലെ ദൈവമഹത്വത്തിനായി ഉപയോഗിക്കാൻ സാധിക്കുമെന്ന് അദ്ദേഹം തന്റെ ജീവിതത്തിലൂടെ നമുക്ക് കാട്ടിത്തന്നു. "ദൈവമേ നിന്റെ കൃപ എന്റെ ആത്മാവിന്റെ വിപഞ്ചിയാകട്ടെ, അങ്ങനെ ഞാൻ നിന്റെ കൃപയുടെ ഗീതങ്ങൾ ആലപിക്കട്ടെ" എന്ന് വിശുദ്ധ അപ്രേം എഴുതിയപ്പോൾ അദ്ദേഹത്തിന്റെ ഹൃദയം പൂർണ്ണമായും ദൈവത്തിൽ ലയിക്കുകയായിരുന്നു. വി. അപ്രേമിന്റെ കീർത്തനങ്ങൾ പ്രാർത്ഥനയായി നിരന്തരം ആലപിക്കുന്ന നമുക്ക് അദ്ദേഹത്തിന്റെ ജീവിത മാതൃക സ്വീകരിച്ചുകൊണ്ട് വിശുദ്ധിയിൽ വളരുന്നതിനും നമ്മുടെ വാക്കിലൂടെയും പ്രവർത്തിയിലൂടെയും ദൈവത്തെ മഹത്വപ്പെടുത്തികൊണ്ട് ജീവിക്കുന്നതിനും പരിശ്രമിക്കാം.

**വി. അപ്രേമിന്റെ ഒരു പ്രാർത്ഥന**

എന്റെ ജീവിതത്തിന്റെ അധിപനായ കർത്താവും ദൈവവുമേ, അലസതയും, നിരാശയും, അധികാരമോഹവും, വ്യർത്ഥഭാഷണവും എന്നിൽനിന്നു നീക്കം ചെയ്യണമേ. പകരം, പരിശുദ്ധിയും, വിനയവും, ക്ഷമയും, സ്നേഹവും നിന്റെ ദാസനിൽ പകരണമേ. എന്റെ കർത്താവും രാജാവുമേ, എന്റെ പാപങ്ങളെ ഞാൻ കാണുവാനും സഹോദരനെ ഞാൻ വിധിക്കാതിരിക്കുവാനും എനിക്കു കൃപ തരണമേ. നീ സദാകാലങ്ങളോളം അനുഗ്രഹീതനായിരിക്കുന്നു. ആമേൻ.




www.malankaralibrary.com

ബോബി ഏബ്രഹാം

# കേരളത്തിലെ ആരോഗ്യ മേഖലയിൽ വമ്പന്മാർ കണ്ണേറിയുമ്പോൾ

കേരളത്തിലെ ആരോഗ്യമേഖലയെക്കുറിച്ച് ഈ രംഗത്ത് പ്രവർത്തിക്കുന്ന ഒരു വൈദികനുമായി അടുത്തിടെ സംസാരിക്കാനിടയായി. ഈ വിഷയവുമായി ബന്ധപ്പെട്ട് യാദൃച്ഛികമായി ഹോസ്പിറ്റൽ നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റു ചിലരോടും സംസാരിക്കാനിടയായി. എല്ലാവരും സംസാരിച്ചത് കേരളത്തിലെ ആരോഗ്യമേഖലയിൽ നടക്കുന്ന വിദേശ നിക്ഷേപങ്ങളെക്കുറിച്ചും മറ്റുമാണ്. ഏതാണ്ട് 6000 കോടിയോളം രൂപയാണ് കേരളത്തിലെ ആരോഗ്യ മേഖലയിലെ ഏറ്റെടുപ്പുമായി ബന്ധപ്പെട്ട് അടുത്ത കാലത്ത് മുടക്കിയിട്ടുള്ളതെന്നാണ് അനൗദ്യോഗിക വിവരം. മലബാർ മേഖലയിലായിരുന്നു ഇത്തരം നിക്ഷേപത്തിന്റെ തുടക്കം. പ്രശസ്തമായ നിലയിൽ പ്രവർത്തിക്കുന്ന ആശുപത്രികളിലാണ് ഇത്തരം നിക്ഷേപവും ഏറ്റെടുക്കലും ഉണ്ടായത്. അത് പിന്നീട് മധ്യകേരളത്തിലേക്കും തെക്കൻ കേരളത്തിലേക്കും പടർന്നു. ഇത് നല്ലതാണെന്നു കരുതുന്നവരുണ്ട്. ആശുപത്രികളുടെ നിലവാരം ഉയരുന്നു, ഏറ്റവും ആധുനികമായ ചികിത്സാ സൗകര്യങ്ങൾ വരുന്നു, മികച്ച ഡോക്ടർമാർ വരുന്നു തുടങ്ങി ഒട്ടേറെ നേട്ടങ്ങൾ ഉണ്ടാകും.

കേരളം മെഡിക്കൽ ടൂറിസത്തിന്റെ ഹബ് ആയി മാറുന്നു എന്നൊരു വിലയിരുത്തലുണ്ട്. വിദേശത്ത് ചികിത്സയ്ക്ക് വലിയ ചെലവാണ്. പ്രത്യേകിച്ച് ദന്ത ചികിത്സയ്ക്കും മറ്റും. നമ്മുടെ ഇവിടെ സർവസാധാരണമായ ചില സർജറികൾക്കും മറ്റും വിദേശത്ത് വലിയ ചെലവു വരും. അതിനേക്കാൾ ചുരുങ്ങിയ ചെലവിൽ അത് കേരളത്തിൽ ചെയ്യാനാവും. വിദഗ്ധരായ ഡോക്ടർമാർ ഇവിടെ ലഭ്യമാണുതാനും. അതുകൊണ്ടുതന്നെ വിദേശത്തുനിന്ന് ഇവിടെയെത്തി ചികിത്സിക്കുന്നവരുടെ എണ്ണത്തിൽ വർധനയുണ്ടായിട്ടുണ്ട്. എത്രയോ കാലം മുമ്പുതന്നെ മാലദ്വീപുകാരുടെ ചികിത്സാകേന്ദ്രമാണ് തിരുവനന്തപുരം എന്നോർക്കുക. അതുപോലെതന്നെ കേരളത്തിലെ ആളുകൾ ആരോഗ്യകാര്യത്തിൽ ഏറെ ശ്രദ്ധാലുക്കളാണ്. ആരോഗ്യ ഇൻഷുറൻസും മറ്റും എടുത്തവരാണ് വലിയൊരു വിഭാഗം. അതുകൊണ്ടുതന്നെ അൽപം ഉയർന്ന ചികിത്സാച്ചെലവ് വഹിക്കാവു

ന്നവരുടെ എണ്ണത്തിൽ വർധനയുണ്ടായിട്ടുണ്ട്. ഇത്തരം ആളുകളും വൻമുതൽമുടക്കുകാരുടെ ലക്ഷ്യമാണ്.

എന്നാൽ ഇത്തരം വൻ നിക്ഷേപങ്ങളുടെ പിന്നിലുള്ള അപകടത്തേക്കുറിച്ചും ആ വൈദികൻ പറഞ്ഞു. ഏറ്റവും പ്രധാനമായത് ചികിത്സാച്ചെലവിലെ കുതിച്ചുകയറ്റം ആണ്. കേരളത്തിലെ ആതുരസേവന രംഗത്ത് വലിയ സേവനം ചെയ്തത് ക്രൈസ്തവ സഭകളാണ്. ഏതാണ്ട് എല്ലാവർക്കും പ്രാപ്യമായ ചികിത്സാച്ചെലവ് ആണ് ഇത്തരം ആശുപത്രികളിലുള്ളത്.ഇപ്പോൾ പല ആശുപത്രികളിലുമുള്ളതുപോലെ ഫൈവ് സ്റ്റാർ സൗകര്യം നൽകിയല്ല അവരത് ചെയ്തത്. എങ്കിലും വൃത്തിയുള്ള അന്തരീക്ഷം ഉറപ്പാക്കിയിരുന്നു. ഡോക്ടർമാരുടെ കാര്യത്തിലും മികച്ച ശമ്പളം ഉറപ്പാക്കാനും ശ്രമിക്കുന്നു. എന്നാൽ ആശുപത്രികൾ ഫൈവ് സ്റ്റാർ ഹോട്ടലുകൾ പോലെയാകുമ്പോൾ വലിയ തുക നിക്ഷേപിക്കേണ്ടിവരും. ഈ തുക കടമായി എടുക്കുന്നതാണ്. അത് തിരിച്ചടച്ചേ മതിയാകൂ. സ്വാഭവികമായും വൻതുക ചികിത്സാച്ചെലവായി ഈടാക്കേണ്ടിവരും. ഡോക്ടർമാരുടെ ശമ്പള കാര്യത്തിലും മറ്റും അനാവശ്യ മത്സരം ഉണ്ടാക്കാനും ഇടയാകും എന്നും ആ വൈദികൻ പറഞ്ഞു. കൂടുതൽ ഫീസ് ഈടാക്കുന്നിടം ഏറ്റവും മികച്ചതാണെന്ന അന്ധവിശ്വാസം പടരുന്ന കാലവുമാണിത്. മധ്യകേരളത്തിലെ ഒരു വലിയ ആശുപത്രിയുടെ മേധാവി പറഞ്ഞ കാര്യവും ഓർമയിൽ വരുന്നു. മറ്റ് ആശുപത്രികളുടെ പ്രതിനിധികൾ തങ്ങളുടെ ഡോക്ടർമാരെ സമീപിച്ച് കൂടുതൽ ശമ്പളം ഓഫർ ചെയ്യാറുണ്ടത്രേ. ഇതു കേൾക്കുന്നപാടേ കൂടുതൽ ശമ്പളം വേണമെന്നു പറഞ്ഞ് ജൂനിയർ ഡോക്ടർമാർ പോലും വിലപേശലിനായി സമീപിക്കാറുണ്ടെന്നും അതിനു വഴങ്ങാറില്ലെന്നും അദ്ദേഹം പറഞ്ഞു.

മറ്റൊരു ആശുപത്രിയിലെ പിആർഒ പറഞ്ഞത് വൻനഗരങ്ങളൊഴിച്ചുള്ള സ്ഥലങ്ങളിൽ വിദഗ്ധ ഡോക്ടർമാരെ കിട്ടാനുള്ള ബുദ്ധിമുട്ടിനെക്കുറിച്ചായിരുന്നു. വിമാനത്താവളം അടുത്തുള്ള സ്ഥലങ്ങളിൽ ജോലി ചെയ്യാനാണത്രേ പലർക്കും ഇഷ്ടം. മരുന്നുകമ്പനികളും മറ്റും അടിക്കടി ഏർപ്പെടുത്തിക്കൊടുക്കുന്ന സ്പോൺസേർഡ് യാത്രകളാണ് ഇവിടെ വില്ലൻ. വിമാനത്താവളത്തിന് തൊട്ടടുത്താണെങ്കിൽ ഒന്നോ രണ്ടോ ദിവസത്തെ അവധികൊണ്ട് കാര്യം സാധിക്കാം. അതുകൊണ്ടുതന്നെ വിദൂര ജില്ലകളിലേക്ക് പോകാൻ താൽപര്യമില്ല.

അടുത്തിടെ മറ്റൊരു തരം ഏറ്റെടുക്കലും ഉണ്ട്. ചെറിയ നഗരങ്ങളിൽ നന്നായി പ്രവർത്തിച്ചിരുന്ന ആശുപത്രികൾ വൻ നഗരങ്ങളിൽ പ്രവർത്തിക്കുന്ന വമ്പൻ ആശുപത്രികൾ ഏറ്റെടുക്കുന്നതാണ് ആ പ്രവണത. ഒറ്റനോട്ടത്തിൽ നല്ലതാണെന്നു തോന്നിയേക്കും. പക്ഷേ വലിയ ഹോസ്പിറ്റലുകളുടെ ഫീഡർ സ്റ്റേഷനുകൾ മാത്രമായി ഈ ആശുപത്രികൾ മാറുന്നു എന്നതാണ് വസ്തുത.

അടുത്തിടെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട് ഒട്ടേറെ ആളുകളോട് ബന്ധപ്പെട്ടപ്പോഴുണ്ടായ അറിവുകളാണിവ. അതായത് കേരളം അതിവേഗം ഫൈവ് സ്റ്റാർ ആശുപത്രികളെക്കൊണ്ട് നിറയുന്നു. മറുവശത്ത് ഏറെ പ്രസിദ്ധമായ നമ്മുടെ പൊതു ആരോഗ്യമേഖല തകർച്ചയിലേക്കു കൂപ്പുകുത്തുകയും ചെയ്യുന്നു. അടുത്ത കാലത്ത് തിരുവനന്തപുരം മെഡിക്കൽ കോളജിൽ ആവശ്യമായ ഉപകരണങ്ങൾ ഇല്ലാത്തതുകാരണം ശസ്ത്രക്രിയകൾ മാറ്റിവയ്ക്കേണ്ടിവന്നതിനെപ്പറ്റി സമൂഹ മാധ്യമ പോസ്റ്റ് ഇടേണ്ടിവന്നത് ഒരു വകുപ്പ് മേധാവിയായ ഡോ. ഹാരിസ് ചിറയ്ക്കലിനാണ്. പലപ്പോഴും അത്യാവശ്യ ഉപകരണങ്ങൾ രോഗിയെക്കൊണ്ടുതന്നെ വാങ്ങിപ്പിക്കേണ്ടിവരുന്നു എന്നും അദ്ദേഹത്തിന് തുറന്നുപറയേണ്ടിവന്നു. അതിന്റെ പേരിൽ അദ്ദേഹം അനുഭവിക്കേണ്ടിവന്ന മാനസിക പീഡനം ചെറുതല്ലായിരുന്നു. ഡോക്ടർ ഉയർത്തിയ പ്രശ്നം പരിഹരിക്കുന്നതിനേക്കാൾ ഡോക്ടറെ ശരിപ്പെടുത്തുന്നതിനായിരുന്നു അധികാരികളുടെ ഉത്സാഹം. അതുകൊണ്ടുതന്നെ ഇത്തരം വിഷയങ്ങൾ ഉന്നയിക്കാതിരിക്കാനാവും എല്ലാവരുടെയും ശ്രമം. ഇപ്പോൾ കേൾക്കുന്ന വാർത്ത 160 കോടി രൂപയോളം കുടിശികയായതിനെത്തുടർന്ന് മെഡിക്കൽ കോളജ് ആശുപത്രികളിൽ നിന്ന് ഹൃദയ ശസ്ത്രക്രിയ ഉപകരണങ്ങൾ കമ്പനികൾ തിരിച്ചെടുത്തുകൊണ്ടുപോകുകയാണെന്നാണ്. നഷ്ടം ഫൈവ് സ്റ്റാർ സൗകര്യം വഹിക്കാനാവാത്ത സാധാരണക്കാർക്കു മാത്രം.

സർക്കാർ സംവിധാനം മടുത്ത് രാജിവച്ച്

ഇറങ്ങിപ്പോന്ന ഒരു ഡോക്ടറുമായി സംസാരിക്കാനിടയായി. അദ്ദേഹം പറഞ്ഞത് സർക്കാർ സംവിധാനത്തിൽ പ്രവർത്തിക്കുക വലിയ പ്രയാസമാണെന്നാണ്. ഉദാഹരണത്തിന് ഒരു എസിക്ക് ചെറിയ തകരാർ ഉണ്ടായി എന്നിരിക്കട്ടെ. അതു നന്നാക്കാനായി എത്ര തവണ കത്തയച്ചാലും നടപടിയുണ്ടാവില്ല. എന്നാൽ പുതിയത് വാങ്ങാനാണെങ്കിൽ സംവിധാനം പെട്ടെന്ന് ഉണരും. 30000 രൂപ വിലയുള്ള എസിക്ക് 60000 രൂപയുടെ ടെൻഡർ പുറപ്പെടുവിച്ച് കാര്യം നടത്തിക്കഴിയുമ്പോൾ പലരുടെയും പോക്കറ്റ് നിറയും. എള്ളു ചോരുന്നത് അറിയും, ആന ചോരുന്നത് അറിയില്ല എന്ന ചൊല്ല് എത്ര അന്വർഥം. കോവിഡ് കാലത്ത് നടത്തിയ വൻ വാങ്ങിക്കലുകളുടെ കണക്കു മാത്രം എടുത്താൽ കാര്യം ബോധ്യമാകും.

മെഡിക്കൽ ഉപകരണങ്ങളുടെ കാര്യത്തിൽ മാത്രമല്ല പഞ്ഞം. മിക്കവാറും സർക്കാർ ആശുപത്രികളിൽ അവശ്യമരുന്നുമില്ല. മരുന്നു വാങ്ങാൻ ചുമതലയുള്ള കേരള മെഡിക്കൽ സർവീസസ് കോർപറേഷൻ മരുന്നു കമ്പനികൾക്ക് വൻ തുക കൊടുക്കാനുണ്ട്. അതുകൊണ്ടുതന്നെ മരുന്നു സംഭരണ കാര്യത്തിലും ബുദ്ധിമുട്ടുണ്ട്. രോഗികൾ അവശ്യമരുന്നുകൾ പുറത്തുനിന്നു വാങ്ങേണ്ടിവരുന്നുവെന്നതാണ് അനന്തര ഫലം.

**പകർച്ചവ്യാധികൾ**

കേരളത്തിലെ ആരോഗ്യമേഖല എന്നത് സുശക്തമായ സംവിധാനമാണ്. അത് ഒരു സുപ്രഭാതത്തിൽ ഉണ്ടായതല്ല. അടിസ്ഥാന തലത്തിൽ പ്രവർത്തിക്കുന്ന ആരോഗ്യപ്രവർത്തകർ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളജ് ആശുപത്രികൾ എന്നിങ്ങനെയുള്ള സുശക്തമായ സംവിധാനമാണത്. ഈ സംവിധാനത്തിന്റെ ശ്രമഫലമായാണ് ആരോഗ്യമേഖലയിൽ നമ്മൾ ഒന്നാം സ്ഥാനത്തെത്തിയതും ആരോഗ്യ സൂചികയിൽ പാശ്ചാത്യരാജ്യങ്ങൾക്കൊപ്പമായതും. പകർച്ചവ്യാധികളെ നമ്മൾ പടിക്കുപുറത്താക്കി. പോളിയോ പോലെയുള്ള രോഗങ്ങളും കേൾക്കാനില്ലാതെയായി. ഇവിടെ ജനിക്കുന്ന കുഞ്ഞുങ്ങൾക്കെല്ലാം പ്രതിരോധ കുത്തിവയ്പുകൾ ഉറപ്പാക്കി. അങ്ങനെ നേട്ടങ്ങൾ ഏറെയാണ്. എന്നാൽ പകർച്ച വ്യാധികൾ തിരികെവരുന്ന അവസ്ഥയാണിപ്പോൾ ഉള്ളത്. ഇത്തരത്തിൽ ആദ്യം വന്ന രോഗം നിപ്പയാണ്. രോഗം ബാധിച്ചാൽ അതിജീവന സാധ്യത തീരെ കുറവ്. ഈ രോഗം കൃത്യമായ ഇടവേളകളിൽ ഇപ്പോൾ കേരളത്തിൽ തലപൊക്കുന്നുണ്ട്. എന്നാൽ എവിടെനിന്ന് ഉദ്ഭവിക്കുന്നു എന്ന കാര്യത്തിൽ കൃത്യമായ കണ്ടെത്തൽ നടത്താൻ കഴിഞ്ഞിട്ടില്ല. വവ്വാലിൽ നിന്നാണെന്ന കണ്ടെത്തലൊക്കെ ഉണ്ടായെങ്കിലും അതിൽ എത്രത്തോളം കൃത്യതയുണ്ടെന്ന് അറിയില്ല.

അടുത്തിടെ വ്യാപകമായ ഒരു രോഗമാണ് അമീബിക് മസ്തിഷ്ക ജ്വരം. ജലാശയങ്ങളിലും മറ്റും കുളിക്കാനിറങ്ങുന്നവരുടെ ഉള്ളിലേക്ക് മൂക്കിലൂടെയും മറ്റും അമീബ കയറുന്നുവെന്നും ഇത് മസ്തിഷ്കത്തിലേക്ക് കടന്ന് അപകടമുണ്ടാക്കുന്നുവെന്നുമാണ് വിലയിരുത്തൽ. ഈ



രോഗം ബാധിച്ചവരിലേറെയും മരണത്തിനു കീഴടങ്ങുകയാണ്. ഒക്ടോബർ 21നും രണ്ടു മരണം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അമീബിക് മസ്തിഷ്ക ജ്വരം പകരുന്ന ഒന്നല്ലെന്ന് ആരോഗ്യവിദഗ്ധർ പറയുന്നു. പക്ഷേ ഈ രോഗം ആദ്യം കണ്ടത് വടക്കൻ ജില്ലകളിലാണ്. എന്നാൽ ഇപ്പോൾ തിരുവനന്തപുരം, കൊല്ലം ജില്ലകളിലും വ്യാപകമായിരിക്കുന്നു. കുളത്തിൽ കുളിച്ചാൽ മാത്രമല്ല, കുളിമുറിയിൽ കുളിച്ചാൽ പോലും അമീബ ഉള്ളിൽ കടക്കാമെന്ന് ഇടയ്ക്ക് ഒരു അറിയിപ്പു കണ്ടു. കുളത്തിലെയോ പുഴയിലെയോ വെള്ളത്തിൽ കുളിക്കുമ്പോഴാണ് അമീബ കടന്നുകയറുന്നതെങ്കിൽ അതിനർഥം ഇവിടെയൊക്കെ അപകടകാരിയായ അമീബയുടെ സാന്നിധ്യം വർധിച്ചിരിക്കുന്നു എന്നതാണ്.

എന്നാൽ ഈ പ്രതിസന്ധി നേരിടാൻ എന്തെങ്കിലും നടപടി എടുത്തതായി ഇതുവരെ അറിവില്ല. കുളങ്ങൾ ശുദ്ധീകരിക്കാൻ നടപടി വേണ്ടേ?. നാട്ടിലെ കിണറുകൾ ശുദ്ധീകരിക്കാൻ നടപടി വേണ്ടേ? എവിടെയെങ്കിലും അങ്ങനെയെന്തെങ്കിലും നമ്മൾ കാണുന്നുണ്ടോ? ആരോഗ്യമന്ത്രി ഇക്കാര്യത്തിൽ ഒന്നും മിണ്ടുന്നുമില്ല.

മുമ്പ് മെഡിക്കൽ കോളജ് ആശുപത്രികളിലെ പ്രശ്നം നമ്മളെ അറിയിച്ച ഡോ. ഹാരിസ് ഇക്കാര്യത്തിലും ഒരു പ്രതികരണം നടത്തിയിരുന്നു. നാട്ടിലെല്ലാം വലിച്ചെറിയുന്ന മാലിന്യമാണ് പ്രധാന വില്ലൻ എന്ന് അദ്ദേഹം പറയുന്നു. ആരോഗ്യമേഖലയിൽ നമ്മളേക്കാൾ പിന്നിൽ നിൽക്കുന്ന തമിഴ്നാട്ടിൽ അമീബിക് മസ്തിഷ്ക ജ്വരം കാണുന്നില്ലെന്ന് അദ്ദേഹം പറയുന്നു. കാരണം അവിടെ മാലിന്യം ഇങ്ങനെയാരും വലിച്ചെറിയുന്നില്ല. ഇവിടെ ചാക്കിൽ കെട്ടി ജലാശയങ്ങളിലേക്കു തള്ളുന്നതാണ് മാലിന്യ സംസ്കരണ രീതി. മാലിന്യം സംഭരിക്കാൻ ഹരിത കർമ സേനയുൾപ്പെടെ സജീവമായ നാട്ടിലാണ് ഇപ്പോഴും മാലിന്യം റോഡിലും തോട്ടിലും തള്ളുന്നതെന്നു നമ്മൾ തിരിച്ചറിയണം. ഒന്നുകിൽ മാലിന്യസംഭരണ സംവിധാനം പരാജയപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ അത് അട്ടിമറിക്കാൻ ആസൂത്രിതമായ ശ്രമം നടക്കുന്നു. ഇതിൽ ഏതാണ് സംഭവിക്കുന്നതെന്ന് കൃത്യമായി കണ്ടെത്താനാവണം. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി അദ്ദേഹം പങ്കെടുക്കുന്ന പരിപാടികളിൽ പ്ലാസ്റ്റിക്കിന്റെ ഉപയോഗം പാടില്ലെന്നു നിരന്തരം പറയുന്നുണ്ട്. എന്നാൽ അതിനേക്കാൾ ആവശ്യം മാലിന്യം പുഴയിൽ വലിച്ചെറിയുന്നവരെ കണ്ടെത്തുകയെന്നതാണ്.

മുമ്പൊക്കെ മഴക്കാലപൂർവ ശുചീകരണം കാര്യക്ഷമമായി നടന്നിരുന്നു. ഫണ്ടിന്റെ അപര്യാപ്തത കൊണ്ടാവും ഇപ്പോൾ അങ്ങനെയൊന്നും സംഭവിക്കുന്നില്ല. പാതയോരങ്ങളെല്ലാം കാടുപിടിച്ചുകിടക്കുന്നു. മാലിന്യം തള്ളേണ്ടവർക്ക് അതിനനുയോജ്യമായ സാഹചര്യമാണ്. ജലാശയങ്ങളുടെ സ്ഥിതിയും അതുതന്നെ. ഇതൊന്നും വൃത്തിയാക്കാനും സ്ഥിരം സംവിധാനം കൊണ്ടുവരാനും ഫണ്ടില്ല. എന്നാൽ സംഗമങ്ങൾ നടത്താൻ ഫണ്ടിന് പഞ്ഞമില്ലതാനും. ഇവിടെ മുൻഗണന പ്രചാരണത്തിനു മാത്രമാണ്. കാതലായ കാര്യങ്ങളിൽ അലംഭാവവും.

ഈ സ്ഥിതി തുടർന്നാൽ ഏറെ പ്രസിദ്ധമായ കേരള മാതൃക പഴങ്കഥയാക്കാവും.

**മരുന്നുകളുടെ ഗുണനിലവാരം**

അടുത്തിടെ ചുമമരുന്ന് കഴിച്ച് രാജ്യത്ത് കുറേ കുട്ടികൾ മരിച്ചു. ഇതിനു മുമ്പ് ഇന്ത്യയിൽ നിന്നു കയറ്റിയയച്ച ചുമമരുന്ന് കഴിച്ച് ആഫ്രിക്കയിലും മറ്റും കുട്ടികൾ മരിച്ച സംഭവവുമുണ്ടായി. അന്ന് ലോകാരോഗ്യ സംഘടനയുടെ ഇടപെടലുണ്ടായി. എന്നിട്ടും നമ്മുടെ രാജ്യത്ത് മരുന്നുകളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിൽ ശ്രദ്ധയുണ്ടായില്ലെന്നത് വിളിച്ചോതുന്നതാണ് ഇപ്പോഴുണ്ടായ മരണങ്ങൾ. മരുന്നു നിർമിച്ചത് തമിഴ്നാട്ടിലെ ഒരു കമ്പനിയാണ്. അന്വേഷണത്തിൽ കുടിൽവ്യവസായം പോലെ ഉണ്ടാക്കുന്ന മരുന്നാണെന്നു കണ്ടെത്തി. അതായത് മരുന്നുനിർമാണത്തിനാവശ്യമായ ശ്രദ്ധയൊന്നും പുലർത്താതെയുണ്ടാക്കിയ മരുന്ന്. ഇത്തരം കാര്യങ്ങളൊന്നും ശ്രദ്ധിക്കാൻ ആളില്ലാത്ത നാടായി രാജ്യം മാറുന്നു.

പേവിഷബാധയേറ്റുള്ള മരണം കേരളത്തിൽ വർധിക്കുന്നു. നായയുടെ കടിയേറ്റ് ശേഷം കൃത്യമായി വാക്സീൻ എടുക്കുന്നവർ പോലും പേവിഷബാധയേറ്റു മരിക്കുന്നത് ഗൗരവകരമായ കാര്യമാണ്. വാക്സീന്റെ ഫലപ്രാപ്തിയിൽ ഇതു സംശയമുയർത്തുന്നു. ഒന്നുകിൽ സംഭരിക്കുന്ന മരുന്നിന് ക്വാളിറ്റിയില്ല, അല്ലെങ്കിൽ സംഭരിച്ചു സൂക്ഷിക്കാൻ കൃത്യമായ സംവിധാനമില്ല. രണ്ടിലൊന്നു സംഭവിക്കുന്നുണ്ട്. എന്നാൽ അതെന്താണെന്നു കണ്ടെത്താൻ കഴിഞ്ഞിട്ടില്ല.

മരുന്ന് എന്ന് പേരുമാത്രമുള്ള വ്യാജ മരുന്നുകൾ വ്യാപകമാണ്. അതുപോലെ ഗുണനിലവാരം ഉറപ്പാക്കാത്ത മരുന്നുകളും വ്യാപകമാണ്. ഇടയ്ക്കിടെ ഏതൊക്കെയോ മരുന്നുകൾ നിരോധിച്ചതായി ഡ്രഗ്സ് കൺട്രോളറുടെ അറിയിപ്പ് കാണാറുണ്ട്. എന്നാൽ അറിയിപ്പ് വരുമ്പോഴേക്കും മരുന്നു വിൽപന കഴിഞ്ഞിരിക്കുമെന്നതാണ് യാഥാർഥ്യം. ചുരുക്കത്തിൽ ജനങ്ങളുടെ ആരോഗ്യം അപകടത്തിലാകുന്നു.

**ഇല്ലാതാകുന്ന ഗവേഷണം**

ഡോക്ടർമാരുടെ കാര്യം കൂടി പറയാതെ പോകുന്നത് ശരിയല്ല. ഇപ്പോൾ സ്പെഷ്യൽ

റ്റികളുടെ കാലമാണ്. ഓരോ ഡോക്ടർമാരും ഓരോ അവയവത്തിൽ സ്പെഷ്യലൈസ് ചെയ്യുന്ന കാലം. തങ്ങൾ കൈകാര്യം ചെയ്യുന്ന അവയവത്തിൽ മാത്രമാണ് അവരുടെ ശ്രദ്ധ. അതുകൊണ്ടാണ് കാലൊടിഞ്ഞു ചെല്ലുന്നവന്റെ എല്ല് മുറികൂട്ടുന്നതുമാത്രമാണ് തങ്ങളുടെ ഉത്തരവാദിത്തം എന്നും ആ വ്യക്തിയെ വീണ്ടും നടക്കാൻ പറ്റുന്ന രീതിയിലാക്കുന്നത് തങ്ങളുടെ ഉത്തരവാദിത്തമല്ലെന്നും ഡോക്ടർമാർ ധരിക്കുന്നത്. ഞാൻ ചെയ്തതെല്ലാം ശരിയാണെന്നു ന്യായീകരിക്കുന്ന ഡോക്ടർമാരുടെ എണ്ണം കൂടുന്നു. മരുന്നു കമ്പനികൾ പറയുന്ന മരുന്ന് പ്രയോഗിക്കുന്നതിനപ്പുറം നിരന്തരം രോഗിയെ നിരീക്ഷിക്കുകയും പഠിക്കുകയും അതു ജേർണലുകളിൽ എഴുതുകയും ചെയ്യുന്ന ഡോക്ടർമാരുടെ എണ്ണം കേരളത്തിലെങ്കിലും കുറയുകയാണ്. കാരണം ഗവേഷണം അൽപം ബുദ്ധിമുട്ടുള്ള കാര്യമാണ്. ആ സമയമുണ്ടെങ്കിൽ കുറേയേറെ രോഗികളെ കണ്ട് ഫീസ് മേടിക്കാം എന്ന നിലയിലെത്തിയിരിക്കുന്നു കാര്യങ്ങൾ. സർക്കാർ ആശുപത്രികളിലും സ്വകാര്യ ആശുപത്രികളിലും സ്ഥിതി സമാനമാണ്.

**മേമ്പൊടി**

കടുത്ത നിലപാട് എടുക്കുകയും പിറ്റേന്ന് മാറ്റിപ്പറയുകയും ചെയ്യുന്ന മന്ത്രി വി. ശിവൻകുട്ടി ഇപ്പോൾ കയറിപ്പിടിച്ചിരിക്കുന്നത് പിഎം ശ്രീയിലാണ്. വിദ്യാഭ്യാസ മേഖലയിൽ കേന്ദ്ര സർക്കാർ ആവഷികരിച്ചതാണ് പിഎം ശ്രീ പദ്ധതി. രാജ്യത്തെ ഓരോ ബ്ലോക്കിലെയും രണ്ടു സ്കൂളുകളെ വീതം തിരഞ്ഞെടുത്ത് വികസിപ്പിക്കുന്ന പദ്ധതിയാണ് പ്രധാനം. 5 വർഷത്തെ ഈ പദ്ധതിയിൽ പാഠ്യപദ്ധതിയിലെ ചില പരിഷ്കരണങ്ങളൊക്കെ അകമ്പടിയായുണ്ട്. അത് സംഘപരിവാർ അജണ്ട ഒളിച്ചുകടത്തുന്നതാണെന്നും ആ പരിപ്പ് ഇവിടെ വേവില്ലെന്നുമായിരുന്നു നിലപാട്. എന്നാൽ 5 വർഷം കൊണ്ട് കേരളത്തിന് 5000 കോടി രൂപയെങ്കിലും നഷ്ടപ്പെടുന്നത് അനുവദിക്കാനാവില്ലെന്നും പിഎം ശ്രീ പദ്ധതി നടപ്പാക്കുമെന്നുമാണ് പുതിയ നിലപാട്. പരിപ്പ് വേവിക്കാനാണ് തീരുമാനം എന്നർഥം. ഫണ്ട് വാങ്ങിയാലും സംഘപരിവാർ അജണ്ട നടപ്പാക്കില്ലത്രേ. അതെങ്ങനെയാണാവോ? പോക്കറ്റടി പഠിപ്പിക്കുന്നിടത്ത് ദേഹത്ത് ബലൂൺ വച്ച് അതു കീറിയെടുക്കുന്ന ഒരുതരം അഭ്യാസം പഠിപ്പിക്കുമെന്നു കേട്ടിട്ടുണ്ട്. അതുപോലെ വല്ലതുമാവും. സിപിഎം ജനറൽ സെക്രട്ടറി ഫണ്ട് വാങ്ങുമെന്നോ വാങ്ങില്ലെന്നോ മനസ്സിലാക്കാനാവാത്ത ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്. സിപിഐയുടെ കാര്യമാണ് കഷ്ടം. പിഎം ശ്രീ നടപ്പാക്കാൻ അനുവദിക്കില്ലെന്നു പറഞ്ഞ് മപ്പടിച്ചു നിൽക്കുകയായിരുന്നു. അതുകൊണ്ട് മന്ത്രിസഭായോഗം പോലും അറിയാതെയായിരുന്നു വിദ്യാഭ്യാസ വകുപ്പിന്റെ നീക്കം. എന്ത് സിപിഐ എന്നു പറഞ്ഞ് സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ മുറിവിൽ ഉപ്പുതേച്ചിട്ടുമുണ്ട്. ആദർശമല്ല കാശാണ് മുഖ്യം എന്ന് സംസ്ഥാനം ഭരിക്കുന്ന പാർട്ടി തീരുമാനിക്കുമ്പോൾ ബാക്കിയുള്ളവർ അതു കേട്ടിരുന്നാൽ മതി എന്നു സാരം.

ഇതിനിടെ ഇത്തരം ഭാരിച്ച കാര്യങ്ങളിലൊന്നും തലയിടാത്ത രണ്ടു പേരും മന്ത്രിസഭയിലുണ്ട്. കെ.ബി. ഗണേഷ്കുമാറിന് എയർ ഹോൺ പിടിച്ചെടുത്ത് റോഡ് റോളർ വച്ച് പൊട്ടിക്കുക(എയർ ഹോൺ നിരോധിക്കേണ്ടതു തന്നെ), കുപ്പിയിൽ വെള്ളം വണ്ടിയിൽ വച്ച ഡ്രൈവറെ പെരുവഴിയിൽ തടഞ്ഞുനിർത്തി ക്ലാസെടുക്കുക തുടങ്ങിയ വിനോദങ്ങളിലാണ് കമ്പം. ഇതൊക്കെ എച്ച്ഡി ക്വാളിറ്റിയിൽ പകർത്താൻ ക്യാമറാ മാനും കൂടെയുണ്ടെന്നു തോന്നുന്നു.

വി.അബ്ദുറഹ്മാൻ എന്നൊരു മന്ത്രിയുണ്ട്. മെസിയെക്കൊണ്ടുവരുന്നതിലാണ് അദ്ദേഹത്തിന് കമ്പം. വലിയ കോടികളുടെ ഇടപാടാണത്രേ. അതു നോക്കിനടത്തുന്നത് മുമ്പ് മരംമുറി കേസിൽ അകത്തുപോയ മാന്യദേഹം ആണ്. ആ മാന്യദേഹം കഴിഞ്ഞ ദിവസം ഉന്നത പൊലീസ് അകമ്പടിയിൽ സ്റ്റേഡിയം പരിശോധിക്കുന്നതും പൊലീസിന് നിർദേശം നൽകുന്നതും കണ്ട് രോമാഞ്ചം വന്നു. ഈ കോടികളൊക്കെ എവിടെനിന്നാണാവോ? എന്നാൽ മെസി വരുമോ? മന്ത്രിക്ക് അറിയില്ല. മന്ത്രിക്ക് ഒന്നും അറിയില്ല. എല്ലാം ആ മാന്യദേഹത്തിനറിയാം. ഇങ്ങനെയും വേണം മന്ത്രിമാർ. എന്തിനാ വലിയ വലിയ കാര്യങ്ങൾ ചർച്ച ചെയ്ത് സമയം കളയുന്നത്.

www.malankaralibrary.com





റവ. ഡോ. തോമസ് പ്രമോദ് ഒ.ഐ.സി.

## ശ്റോഗോ ദ് ഉറ്ഹോ (വഴിവിളക്ക്)

# നവ സൃഷ്ടികർമ്മവും പറുദീസ പുനഃപ്രവേശനവും– പ്രാരംഭ കൂദാശകളുടെ ദൈവശാസ്ത്രം

പവിത്രീകരണം, പ്രകാശീകരണം, ദൈവീകരണം എന്നിവ ക്രൈസ്തവ ആധ്യാത്മികതയുടെ രത്നച്ചുരുക്കമാണ്. വി. മാമോദീസ, വി. മൂറോനഭിഷേകം, വി. കുർബാന എന്നിവ പ്രസ്തുത ജീവിതലക്ഷ്യം നേടിയെടുക്കാനുള്ള കൗദാശിക ക്രമീകരണമാണ്. നഷ്ടപ്പെട്ടുപോയ ദൈവീകൈക്യം നേടിയെടുക്കുകയെന്നത് മാനവന്റെ ആത്മീയ ഗൃഹാതുരത്വത്തിന്റെ ഭാഗമായിരുന്നു. ദൈവീക സാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യൻ ഉടമ്പടിയുടെ ബന്ധുത്വം നഷ്ടമാക്കി. പറുദീസാവാസം അപ്രകാരം അവന് അന്യമായി. എന്നാൽ ക്രിസ്തു സംഭവങ്ങളും രക്ഷാകര രഹസ്യങ്ങളും നഷ്ടപ്പെട്ടുപോയ ദൈവീകൈക്യം സ്വന്തമാക്കുവാൻ ഭക്തനെ സഹായിക്കുന്നു. അനുരൂപപ്പെടുവാനും ഉടമ്പടി ബന്ധത്തോട് ചേർക്കപ്പെടുവാനും അനുയോജ്യമായ കൗദാശിക ഭാവങ്ങൾ ഉൾക്കൊള്ളുവാൻ സഭ, ഭക്തന് അവസരം നല്കുന്നു. കൗദാശിക

ജീവിതത്തിലൂടെ ക്രിസ്തീയജീവിതം ഒരു 'കടന്നുപോകലിന്' വിധേയമാകുന്നു. പഴമയിൽ നിന്നും പുതുമയിലേക്കുള്ള ഒരു തീർത്ഥാടനം സാധ്യമായിരിക്കുന്നു. ആത്മീയ പരിത്യാഗവും ഉപേക്ഷയും മരണവും ജീവിതത്തിന്റെ അനിവാര്യ ഘടകങ്ങളായിരിക്കുന്നു. ക്രിസ്തു സ്വീകരണവും വിശ്വാസ പ്രഖ്യാപനവും 'ഉത്ഥാന ജീവിതത്തിന്' കാരണമാകുന്നു. സ്വർഗ്ഗീയ പ്രവേശനം സിദ്ധിക്കുവാൻ ഇത് ഭക്തനെ സഹായിക്കുന്നു. രൂപാന്തരികരണത്തിന്റെ ജീവിതക്രമം ഇവിടെ പ്രയുക്തമായിരിക്കുന്നത്, ആത്മീയ ശക്തികൾക്കെതിരെ വിജയം വരിച്ച് 'മരണത്തിന്റെഅവസ്ഥയെ' അതിജീവിക്കുവാൻ കഴിയുമ്പോഴാണ്.

**പ്രാരംഭ കൂദാശകളും പൗരസ്ത്യ സഭയും**

ക്രൈസ്തവ ജീവിതകവാടം തുറക്കപ്പെടുന്നത് കൗദാശിക ജീവിതക്രമത്തിലൂടെയാണ്. പൗരസ്ത്യ ആരാധനക്രമ ദൈവ ശാസ്ത്രം പ്രാരംഭ കൂദാശകൾ ഏകതമായി ആഘോഷിക്കുവാൻ പ്രോത്സാഹിപ്പിക്കുന്നു. വി. മാമോദിസ, വി. മൂറോ നഭിഷേകം, വി. കുർബാന എന്നിവ ഒരേ ലക്ഷ്യത്തിന്റെ സഫലീകരണത്തിൽ ഏകതമായി നിലകൊള്ളുന്നു. ക്രിസ്തുവിന്റെ സ്വന്തമാകലിലൂടെ അവന്റെ ആട്ടിൻ കൂട്ടത്തിൽ എണ്ണപ്പെടുകയും അഭിഷേകത്തിന്റെ നൽവരങ്ങൾ സ്വീകരിച്ച് വിശുദ്ധ രഹസ്യങ്ങൾ പ്രാപിക്കുവാൻ ഈ കൂദാശകളുടെ ഒന്നിച്ചുള്ള സ്വീകരണം ക്രിസ്ത്യാനിയെ യോഗ്യതയുള്ളവനാക്കുന്നു. ഒരുവൻ, ഭക്തൻ എന്ന ജീവിതശൈലിയിലൂടെ ദൈവീകരണ പ്രക്രീയ ആരംഭിക്കുന്നു. അഭിഷേകം അനുഭവിക്കുന്നതുവഴി, വരാനിരിക്കുന്നതും അമർത്യവുമായ മഹത്വത്തിന്റെ മുന്നാസ്വാദനം സ്വന്തമാക്കുന്നു. മാനുഷിക ജീവിതത്തെ ദൈവീക ക്രമത്തിൽ ചിട്ടപ്പെടുത്തുന്നു. ആരാധനയുടെ മനുഷ്യനായി സ്വർഗ്ഗീയ ജീവിതം ആഘോഷിക്കുന്നു. വി. കുരിശിന്റെ രഹസ്യം ഈ ആരാധനയിൽ പ്രകീർത്തിക്കപ്പെടുമ്പോൾ യുഗാന്ത്യോന്മുഖമായ ഒരു തീർത്ഥയാത്രക്ക് ആരംഭം കുറിക്കുന്നു. പരിശുദ്ധാത്മാവിന്റെ ദാനങ്ങളാൽ പുഷ്ടിപ്പെട്ട ഒരു സഭാ ജീവിതം ഇവിടെ സാധ്യമാകുന്നു. അപ്രകാരം, ജീവിതം, ദൈവത്തെ പ്രീതിപ്പെടുത്തുന്ന ജീവനുള്ള ബലിയായും ക്രിസ്താനുകരണത്തിന്റെ വേദിയായും അഭിവൃദ്ധിപ്പെടുന്നു.

**മുദ്രിതമാകുന്ന ജീവിതം**

ക്രിസ്തീയ ജീവിതം, കൗദാശികമാകുന്നത് പ്രാരംഭ കൂദാശയിലെ മുദ്രകുത്തലോടെയാണ് . ഈ അഭിഷേകം ആത്മാവിൽ മായാത്ത മുദ്ര പതിപ്പിക്കുന്നു. പിന്നീട് അത് ആവർത്തിക്കുവാനോ, ഇല്ലാതാക്കുവാനോ സാധ്യമാകാത്ത രീതിയിൽ 'നിത്യമായ ആത്മീയ അടയാളം' ആത്മാവിൽ പതിപ്പിക്കുന്നു. അഭിഷേക സ്വീകരണത്താൽ ഒരുവൻ ക്രിസ്തുവിന്റെ സ്വന്തമാകുമ്പോൾ ആ ജീവിതത്തോട് താദാത്മ്യപ്പെട്ട് വിശ്വസ്ത ദാസനായി ജീവിച്ചു കൊള്ളാമെന്ന് വാഗ്ദാനം ചെയ്യുന്നു. ആത്മീയതയുടെ ഈ അടയാളം വഴി ശാശ്വതമായ ക്രിസ്തീയ പദവി നൽകപ്പെടുന്നു. ഇതുവഴി നിലനിൽക്കുന്ന ഒരു ഉടമ്പടി ബന്ധം സ്ഥാപിക്കപ്പെടുകയാണ്. സഭാപരമായ അവകാശങ്ങളിലേക്കുള്ള വാതായനം തുറക്കപ്പെടുകയാണ്. രാജകീയ പൗരോഹിത്യത്തിലുള്ള പങ്കാളിത്തം വഴി, തുടർ കൂദാശകൾ സ്വീകരിക്കുവാനും ദൈവവചന പ്രഘോഷണത്തിനും ഉപവി പ്രവർത്തികളിൽ ഏർപ്പെടുവാനും സാധ്യമാകുന്നു. ഇതുവഴി ക്രിസ്തുവിനോടുള്ള അനുരൂപപ്പെടലിൽ പൗരോഹിത്യ- രാജകീയ- പ്രവാചക ദൗത്യങ്ങളിൽ പങ്കുചേരുന്നു. ക്രിസ്തുവിന്റെ സ്വന്തമാകുമ്പോൾ സഭയുമായി ബന്ധുത്വത്തിലാകുന്നു. ക്രിസ്തുവിന്റെ ശരീരത്തിലെ സജീവ അവയവമായി സ്ഥാനം പിടിക്കുന്നു. ചുരുക്കത്തിൽ, പ്രാരംഭ കൂദാശകൾ വഴി സ്ഥിരവും മാറ്റമില്ലാത്തതുമായ ഉടമ്പടിയുടെ അടയാളം ഒരു ഭക്തൻ സ്വീകരിക്കുന്നു.

**നാമവും അർത്ഥവും**

ആംഗലഭാഷാ പദമായ ആമുശോ ഉത്ഭവിക്കുന്നത് 'ബാപ്റ്റീസോ' എന്ന യവന പദത്തിൽ നിന്നുമാണ്. പ്രസ്തുത ക്രിയാപദത്തിന്റെ അർത്ഥം, മുക്കുക അഥവാ വെള്ളത്തിൽ ആഴ്ത്തുക എന്നിങ്ങനെയാണ്. സംസ്കൃത വേരുകൾ ഉള്ള ജ്ഞാനസ്നാനം എന്ന പ്രയോഗവും ഈ കൂദാശയ്ക്ക് നൽകപ്പെടുന്നു. ജ്ഞാനം, സ്നാനം എന്നീ വാക്കുകൾ ജ്ഞാനത്തിനായുള്ള കുളി അഥവാ ദൈവിക

അറിവ് പ്രകാശിപ്പിക്കുന്ന കർമ്മം എന്നിങ്ങനെ അർത്ഥമാക്കുന്നു. 'ജ്ഞാനോദ്ദീപനം' എന്ന പ്രയോഗം ഈ കൂദാശപകർന്നു നല്കുന്ന ആത്മീയ പരിവർത്തനം വ്യക്തമാക്കുന്നു. ദൈവികമായ ജ്ഞാനം പാപാന്ധകാരത്തിൽ നിന്നും മോചനം പ്രാപിക്കുമ്പോൾ ലഭ്യമാകുന്നു. പ്രകാശീകരണത്താലും അഭിഷേകത്താലും നിറയപ്പെട്ട വ്യക്തി പുതുജീവനിലേക്ക് പ്രവേശിച്ച് രക്ഷയുടെ ജ്ഞാനം കരഗതമാക്കുന്നു. സുറിയാനി പാരമ്പര്യത്തിന് ഏറെ പ്രിയങ്കരം മാമോദീസ എന്ന പദമാണ്. കഴുകൽ, സ്നാനം എന്നിങ്ങനെ അത് അർത്ഥമാക്കുന്നു. ദൃഷ്ടാന്തപരമായി ഈ വാക്ക് പരിശുദ്ധാത്മാവിന്റെ ആവാസത്തെ സൂചിപ്പിക്കുന്നു.ബാഹ്യവും അന്തരികവുമായ പവിത്രീകരണം, ബന്ധന



വിമുക്തി എന്നിവ ഇവിടെ സംഭവിക്കുന്നു. പാപ വിമോചനം എന്ന പ്രക്രിയ മാമോദീസയുടെ അന്തർലീനമായ വിശേഷണസ്വഭാവമാണ്.

'മനുഹ്റാനൂതോ' എന്ന സെമിറ്റിക് പ്രയോഗവും മാമോദീസായുടെ അപരനാമമായി ആരാധനാക്രമ ദൈവശാസ്ത്രം അവതരിപ്പിക്കുന്നു. ഇത് സൂചിതമാക്കുന്നത് പ്രകാശീകരണം എന്നാണ് . 'ന്ഹാർ' എന്ന ഉത്ഭൂതപദം, പ്രകാശമായിരിക്കുക, പ്രകാശം നല്കുക, പ്രകാശിതമായിരിക്കുക എന്നിങ്ങനെ അർത്ഥപൂർണിമ നൽകുന്നു. മാമോദീസായിൽ ലഭ്യമാകുന്ന കൃപയുടെ നൽവര അവസ്ഥയാണിത്. പടിഞ്ഞാറ് നിന്നും കിഴക്കോട്ട് തിരിഞ്ഞ് ക്രിസ്തുവിനെ ഏറ്റുപറയുന്ന ശുശ്രൂഷാക്രമം പ്രകാശീകരണ പ്രക്രിയയ്ക്ക് പ്രാരംഭം കുറിക്കുന്നു. പ്രകാശീകരണം എന്നത് ക്രിസ്ത്യാനി എത്തിച്ചേരേണ്ട ദൈവീകരണത്തിന്റെ പൂർവസ്ഥിതിയാണ്. ഇത് അജ്ഞതയുടെ അന്ധകാരം ഇല്ലാതാക്കുന്നു. പരിശുദ്ധ ത്രിത്വത്തിന്റെ പ്രകാശം ലഭ്യമാകുന്നതു വഴി 'സൂര്യനെപ്പോലെ തിളങ്ങിടുന്ന' ദൈവരാജ്യത്തിലെ നീതിമാന്റെ ജീവിതക്രമം പ്രാപിക്കുന്നു.

'മൗലാദോ' എന്ന സുറിയാനി പദവും മാമോദീസായ്ക്ക് ഉപയോഗിക്കുന്നു. 'യൽദ്' എന്ന ഉല്പത്തി വാക്ക് സൂചിപ്പിക്കുന്നത് ജന്മം കൊടുക്കുക, സൃഷ്ടിയാവുക എന്നിങ്ങനെയാണ്. മാമോദീസ എന്ന കൂദാശയാൽ സൃഷ്ടിക്കപ്പെടുന്ന മറ്റൊരു ജീവിതാവസ്ഥയാണ് ഇത് വ്യക്തമാക്കുന്നത്. പരിവർത്തനം അഥവാ രൂപാന്തരീകരണമാണ് ഇവിടെ അന്തർലീനമായിരിക്കുന്നത്. തിന്മയിൽ നിന്നും പിന്തിരിഞ്ഞ് ദൈവമക്കളുടെ സ്വാതന്ത്ര്യം പ്രാപിക്കലാണിത്. ജലത്താലും ആത്മാവിനാലും സംഭവ്യമാകുന്ന സ്ഥിതി പരിണാമമാണിത്. ദൈവരാജ്യ പ്രവേശനത്തിന് ഇത് അത്യന്താപേക്ഷിതമാണ്. 'ജന്മം' എന്നത്

മാമോദീസായുടെ രഹസ്യാത്മകത വെളിവാക്കുന്ന അവസ്ഥയാണ്. ആദ്യജന്മം, മാതാപിതാക്കളായ രണ്ട് വ്യക്തികളിൽ നിന്ന് എന്നതുപോലെ, പുനർജ്ജന്മവും രണ്ട് അടയാളങ്ങളിലൂടെ- ജലത്താലും ആത്മാവിനാലും- സംഭവ്യമാകുന്നു. പുനർജീവതമാണ് ഇവിടെ കല്പിതമായിരിക്കുന്നത് . ദൈവമക്കൾ എന്ന പുനർജനനാവസ്ഥയിലേക്കാണ് കടന്നുവരുന്നത്. മാമോദീസാ ജലവും മാമോദീസത്തൊട്ടിയും 'ആത്മീയ ഗർഭപാത്രമായി' നിലകൊള്ളുന്നു. ആദ്യ സൃഷ്ടികർമ്മത്തിലെ ദൈവാത്മാവിന്റെ സജീവ സാന്നിധ്യം എന്നതുപോലെ ഇവിടെയും ആത്മാവിന്റെ സാന്നിധാനം അനിവാര്യമാണ്. 'റാഹേഫ്' എന്ന സെമിറ്റിക് പദം വട്ടമിട്ടു പറക്കുന്ന തള്ളപ്പക്ഷിയെ സൂചിപ്പിക്കുമ്പോൾ ആത്മാവിന്റെ സൃഷ്ടി കർമ്മ പങ്കാളിത്തം വ്യക്തമാക്കുകയാണ്.

നവീകരണം അഥവാ നവ സൃഷ്ടികർമ്മം എന്നതും മാമോദീസായുടെ നിർവഹണ ശുശ്രൂഷയിൽ സംഭവിക്കുന്നു. പാപത്തിൽ വീണുപോയ മനുഷ്യന്റെ പുന:സൃഷ്ടി കർമ്മമെന്ന് പിതാക്കന്മാർ ഈ കൂദാശാനുഷ്ഠാനത്തെ വിവരിക്കുന്നു. ആത്മാവിന്റെ സ്വീകരണം വഴി ഭക്തൻ 'ആത്മീയ ഭവനമായി' രൂപാന്തരപ്പെടുന്നു. ഇത്തരുണത്തിൽ ക്രിസ്തുവിന് നൽകപ്പെടുന്ന വിശേഷണം ഏറെ അർത്ഥപൂർണ്ണമാണ്; 'ജീവന്റെ തച്ചൻ' അഥവാ 'ജീവന്റെ ശില്പി' എന്നത് ആന്തരിക ഭാവത്തിൽ സൃഷ്ടിക്കപ്പെടുന്നതും നവീകരിക്കപ്പെടുന്നതുമായ 'ആലയ രൂപകൽപ്പനയാണ്' വിശദമാക്കുന്നത്. മാമോദീസ ഒരു സൃഷ്ടി കർമ്മത്തിന് സാക്ഷ്യമാകുന്നു. ആദ്യ സൃഷ്ടികർമ്മത്തിലെ ജലത്തിൽ ആത്മാവിന്റെ സാന്നിധ്യം സജീവമെന്ന തുപോലെ ഇവിടെയും അത് അനിവാര്യമാകുകയാണ്. കളിമണ്ണിനെ രൂപപ്പെടുത്തിയെടുക്കുന്ന കുശവന്റെ കലാകൗശലവൈദഗ്ധ്യം ഈ കൂദാശാനുഷ്ഠാനത്തോട് തുലനം ചെയ്യുകയാണ്. ഒരിക്കൽ സൃഷ്ടിച്ചെടുക്കുന്ന കളിമൺ ശിൽപം, വീണ്ടും ജനനത്താൽ പുന:സൃഷ്ടി നടത്തുവാൻ സാധിക്കാത്ത അവസ്ഥ പോലെ, ജലത്താലും ആത്മാവിനാലും സ്വീകരിച്ച മായാത്ത മുദ്ര പുന:സ്വീകരണത്തിന് സാധിക്കുകയില്ലയെന്നും പിതാക്കന്മാർ പഠിപ്പിക്കുന്നു.

ഗാഢ ബന്ധുത്വവും പൂർണ്ണതയും മാമോദീസയുടെ അർത്ഥപൂർണ്ണമായ അപരനാമങ്ങളാണ്. പൂർണ്ണത എന്ന ജീവിത ലക്ഷ്യത്തെ, ക്രിസ്തുവുമായുള്ള ദൃഢമൈത്രിയായി പിതാക്കന്മാർ അവതരിപ്പിക്കുന്നു.



'ശുമ്‌ലോയോ' എന്ന സുറിയാനി പദത്തിന്റെ അർത്ഥം പൂർണത അഥവാ വിശുദ്ധീകരണം എന്നിങ്ങനെയാണ്. 'ബയ്ത്തോയൂത്തോ' എന്ന പദമാണ്, അടുപ്പം അഥവാ ഗാഢബന്ധത്തിന് ഉപയോഗിക്കുന്നത്. പ്രസ്തുത പദം, ബന്ധുത്വം, സൗഹൃദം, അടുപ്പം, ചേർച്ച, സ്വന്തമാക്കൽ, സദൃശീകരണം, പൊരുത്തം എന്നിങ്ങനെയും സ്വഭാവവിവരണം നൽകുന്നു. ക്രിസ്തുവുമായി ബന്ധുത്വം സ്ഥാപിക്കുവാൻ ജീവിതത്തിന്റെ മാലിന്യത്തിൽ നിന്നും ശരീരത്തിന്റെ വിഷയ വ്യവഹാരങ്ങളിൽ നിന്നും രൂപാന്തരീകരണം പ്രാപിക്കണം. അത്തരം ബന്ധുത്വമാണ് പൂർണത പ്രാപിക്കുവാൻ ഭക്തനെ സഹായിക്കുന്നത്. മാമോദീസാ വഴി ക്രിസ്തുവുമായിട്ടുള്ള ചങ്ങാത്തം സ്ഥാപിക്കുവാനും പൂർണ്ണത പ്രാപിക്കുവാനും വിശുദ്ധീകരണം സ്വന്തമാക്കുവാനും ഭക്തനെ സഹായിക്കുന്നു.

BOOK REVIEW






**Dr. Suju C. Joseph**
Professor, Mar Ivanios College
Trivandrum

Rev. Dr. Thomas Kuzhinapurath (Ed.) The Contemporary Family: What Parents and Children Need to Know, (2nd Revised Edition), Better Yourself Books, Mumbai, 2025

In an era when family life is profoundly influenced by globalization, digital culture, and shifting moral paradigms, The Contemporary Family: What Parents and Children Need to Know edited by Rev. Dr. Thomas Kuzhinapurath stands out as a comprehensive and spiritually grounded reflection on the challenges confronting families in the twenty-first century. The work combines academic excellence with pastoral sensitivity, offering readers a guiding framework for nurturing resilient, value-centered, and faith-oriented family life.

Edited by Dr.Kuzhinapurath, a noted theologian and scholar, the book is distinguished by contributions from seventeen eminent collaborators-Archbishop Mar Thomas Tharayil, Bishop Dr. Joshua Mar Ignathios, Dr. George Joseph, Dr. F. M. Lazar, Dr.Renjan B., Dr.Jinu Sebastian, Anjali Anilkumar, Prof. Dr.GibyGeevarughese, Dr. P. K. A. Rasheed, S. N. Kastoori, Richard Joseph, Dr. M. V. Thomas, Dr.DaisonPanengadan, T. C. Mathew, and Dr. Christy Maria. Together, these writers weave a rich interdisciplinary dialogue between theology, psychology, education, and social ethics.

In his Foreword, His Eminence Oswald Cardinal Gracias, Archbishop of Bombay, situates the book within the theological continuity of AmorisLaetitia, affirming that "the joy of love experienced by families is also the joy of the Church." His reflection underscores the pastoral mission of the Church to safeguard and strengthen the institution of the family as "the natural and fundamental unit of human society."

The book's twenty-three chapters explore a wide range of contemporary issues-parental responsibility, adolescent health, screen addiction, drug abuse, gender equality, education, and elderly care-through an integration of scriptural principles and modern social understanding. Each chapter blends analytical insight with practical wisdom, offering faith-based responses to the erosion of communication, empathy, and moral grounding in families today.

The distinct strength of this volume lies in its interdisciplinary synthesis and practical orientation. It moves beyond abstract theorization, presenting the family not merely as a sociological construct but as a sacred covenant rooted in divine intention. The contributors draw attention to the reciprocal roles of parents and children in creating environments of love, discipline, and dialogue. The tone throughout remains academically sound yet pastorally compass ionate, reflecting the editor's vocation as both scholar and priest.

Ultimately, The Contemporary Family functions as both a moral treatise and a pastoral guide. It calls upon Christian families to reclaim the enduring virtues of fidelity, compassion, and responsibility amidst the fragmentation of modern life. The book's theological integrity, empirical awareness, and literary clarity make it a significant contribution to contemporary Christian family studies and pastoral praxis.

For scholars, clergy, counsellors, and parents striving to strengthen family life amid the challenges of modernity, this work offers a luminous path of reflection, faith, and transformation.

വാർത്ത

# ബഥനി സന്ന്യാസിനീ സമൂഹത്തിന്റെ ചരിത്രത്താളുകളിലേക്ക് ഒരു ആഫ്രിക്കൻ ബഥാന്യ



ധന്യൻ മാർ ഈവാനിയോസ് പിതാവിന്റെ മിശിഹാനുകരണ വഴിയിലേക്ക് ആഫ്രിക്കൻ ഭൂഖണ്ടത്തിൽ നിന്നുമൊരാൾ. മലങ്കര സഭയിലും ബഥനി സന്ന്യാസിനീ സമൂഹത്തിലും പുതുചരിത്രം പിറന്ന നിമിഷം. ബഥനിയുടെ ശതാബ്ദി വർഷത്തിൽ വിടർന്ന ആഫ്രിക്കൻ സൂനം. മലങ്കര സുറിയാനി കത്തോലിക്കാ സഭയ്ക്കും ബഥനിക്കും ഇത് അഭിമാനത്തിന്റേയും ആത്മനിറവിന്റേയും നിമിഷങ്ങൾ...!

ബഥനിയുടെ എത്യോപ്യൻ മിഷനിൽ നിന്നും പ്രഥമ വ്രതവാഗ്ദാനം നടത്തി ബഥനി സന്ന്യാസിനീ സമൂഹത്തിൽ അംഗമായ **റവ. സിസ്റ്റർ യൊഹാന SIC**



www.malankaralibrary.com



കവിത

# കാത്തിരിപ്പ്

റവ. ഫാ. ബിജോയ് ഊരാളിവിള

കാത്തിരിപ്പിന്നുത്തരം ഇസഹാക്കശ്രുനേത്ര-
കാലത്തിൻ പ്രത്യുത്തരം, വാഗ്ദാനസാഫല്യവും

ആതിഥ്യനായീശ്വരൻ എത്തി, മരത്തണലിൽ
ആതപത്തിന്നബ്രാഹം ആവരണം മെനഞ്ഞു.
പാദക്ഷാളനം ചെയ്തു; ഭുജിപ്പാനപ്പം, മാംസം
പാദാന്തികത്തിൽ വച്ചു; ഭജിച്ചു. കൃതാർത്ഥരായ്.
'വസന്താവതാരമായ്, തണലും ത്രാണവുമായ്
ഇസഹാക്കുത്ഭവിക്കും വന്ധ്യാമാതാവിൽ നിന്നും'-
പ്രവചിച്ചവരൊന്നായ, തുകേട്ടുള്ളിൽ സാറാ
ചിരിച്ചു, ഹേതു: താനും പ്രവയസ്സബ്രാഹമും.

ചിരിച്ചോളുള്ളിൽ ഹവ്യ ചിരിപ്പവൻ മുളച്ചു
കരച്ചിൽ നാദത്തോടെ വസന്തം തിരിച്ചെത്തി.
ആകാശതാരങ്ങളും കടൽത്തീരത്തെ മണ്ണും
ആകാശമണ്ണു കാൺകേ അബ്രാഹം ഓർത്തിട്ടുണ്ടാം.
ഒരു വിത്തിലെത്രയോ വിത്തുകൾ ഉറങ്ങും പോൽ
ഇസഹാക്കലെത്രയോ പ്രഭുക്കൾ തുടിക്കുന്നു.
വന്ധ്യയ്ക്കു മാതൃത്വവും വൃദ്ധനു യുവത്വവും
നിന്ദിച്ചോർക്കുൾക്കമ്പവും നല്കിയീ വന്ധ്യാപുത്രൻ.

ചെന്നിനായകം പൂശി സ്തനാപനയം ചെയ്തി-
ട്ടന്നാളിലവർ ഘോഷം പടച്ചു അതിഥേയം.
വിരുന്നിൻ മണം മാറി, കാലത്തിൻ ഗന്ധം മാറി,
വിനയം കൊഴിഞ്ഞു പോയ്, കരളും ഇരുണ്ടുപോയ്
വിടരാൻ കൊതിച്ചൊരാ കുരുന്നിൻ കരൾനാദം
പിടച്ചു കുറ്റിക്കാട്ടിൽ; തേങ്ങി പരഹൃദയം-
'കാത്തിരിപ്പാനാർത്തീശൻ കരയും കുരുന്നൂർവ്വ
കാടിന്റെ രാജാവാകും സർവ്വജ്ഞൻ കൂടുണ്ടാകും'
ഇതുകേട്ടുടൻ ഹാഗാർ കണ്ണീർക്കതിരണിഞ്ഞു
അറിഞ്ഞു കാത്തിരിപ്പിൻ മധുരം മുമ്പേക്കൂട്ടി.
കാത്തിരുന്നുകിട്ടിയോ,രിസഹാക്കിനെ ദൈവം

കാഴ്ചയായേകാനോതി മോറിയാക്കുന്നിൻ മേലേ
വെന്തുടയും ഹിമം പോൽ നൊന്തുപിടഞ്ഞബ്രാഹം
വന്ദിച്ചുകൊണ്ടേ നിന്നു, മന്തുപിടിച്ചു മനം.
വാനമിരുണ്ടു താരം കണ്ണടച്ചെങ്ങോ പോയി
വാരിധിതീരത്തീന്നാ മണലും ഒലിച്ചുപോയ്.
ഉദിച്ചാലസ്തമിക്കും അസ്തമിച്ചാലുദിക്കും
തളിർത്താൽ കൊഴിഞ്ഞിടും കൊഴിഞ്ഞാൽ തളിർ വരും
വസുധാതാളത്തെയാർ തിരുത്താൻ ധൈര്യപ്പെടും?
വിചാരാശങ്ക മാറ്റി ദൈവേച്ഛ പുണർന്നബ്രാം.

മോറിയാ ദേശത്തെയാ കുന്നിൻ മുകൾപരപ്പിൽ
മോചനത്തിനായേങ്ങും പൈതലിൻ ആർത്തനാദം,
പിടയ്ക്കും കൈകാലുകൾ ബലിപീഠത്തിൽ മുട്ടി
ഉടയും ഞരക്കങ്ങൾ, ഭയം പുതച്ച ഹൃത്തിൻ
തുടിപ്പുകൾ, ഇടറും ഗളത്തിലൂടിഴയും
ഭയം ചേർന്നോരുമിഴിൻ ദൈന്യസ്വരം കേട്ടബ്രാം.

ഹവിസ്സായ് നല്കാനയ്യോ! ഏറ്റുപോയെൻ മകനേ
അവിജ്ഞാതാവിൻ ഹിതം എതിർക്കാനായീടുമോ?
സങ്കടപെരുംപാച്ചൽ കല്ലോലമായ് കൺകളിൽ
സംഘട്ടനം ചെയ്തിട്ടും ശങ്കിയ്ക്കാതറയ്ക്കാതെ
ചങ്കിലേയ്ക്കാഞ്ഞു വീശി കൊടുകൃപാണം അബ്രാം.
അങ്കതി പോൽ ദൂതന്റെ ശബ്ദമെങ്ങും പൊതിഞ്ഞു:
'പൈതൽ മേൽ കൈവയ്ക്കേണ്ട, ബലിച്ചോര വീഴ്ത്തണ്ട,
ഹോമാഗ്നി വിമോചിക്കും പുകചുറ്റ് കാൺക വേണ്ട,
വിശ്വാസതീർത്ഥത്തിൽ നീ വാടാത്തപ്പൂവാണുണ്മ,
യജ്ഞത്താലുയിർകൊണ്ട ഈശ്വരസാദൃശ്യത്തെ
യാജമായ് മടിക്കാതെ നല്കിയ നീ! അത്ഭുതം!
ഈശ്വരഭക്തിയൂറും ചെയ്തികൾക്കു വന്ദനം!'

നിസ്സംജ്ഞനായ് നിന്നബ്രാം, അടർന്നുവീണു കൈയിൽ-
നിന്നസിപഥം തെറ്റിയാ കത്തി നിലത്തെങ്ങോ,
ശരവേഗത്തശ്രു കൺ തുരന്നിറങ്ങി മണ്ണിൽ
ശരണം തേടാനിഷ്ടം പുല്കിയസ്വസ്ഥമായി.
'ഹോമിക്കാൻ കുഞ്ഞാടെന്തേ?' പൈതലിൻ യുക്തപ്രശ്നം
ഉള്ളിലെങ്ങോക്കുരുങ്ങി കിടക്കുന്നതോർത്തബ്രാം
'സർവ്വവേദസ്സു നല്കും' എന്നയാത്മനൊമ്പരം
പാഴ്ചാക്കല്ലീമുൾപ്പടൽ മേൽ മേഷം കാണുന്നല്ലോ!

ഉള്ളിലെട്ടുദിക്കിലും ആയിരം വെൺകാന്താരി
പൂത്തിറങ്ങി, 'വെളിച്ചം' മധുരം നുകർന്നു ഞാൻ:
'കാത്തിരിപ്പാധി കൂട്ടും എങ്കിലുമന്ത്യം ശുഭം
വേകുവോളം എന്നല്ല ആറുവോളവും കാക്കാം'

www.malankaralibrary.com

# THE SYRO - MALANKARA CATHOLIC MAJOR ARCHIEPISCOPAL CHURCH

# EPISCOPAL ORDINATION

## St. Mary's Major Archieparchial Cathedral Pattom, Trivandrum.

## Saturday 22 November 2025

## PROGRAMME

Saturday 22nd November 2025

8.00 am : **Morning Prayer**

: **Pontifical Holy Qurbono**

Chief Celebrant:

**His Beatitude**

**Moran Mor Baselios Cardinal Cleemis**

*(Major Archbishop-Catholicos)*

Homily:

**His Grace Mar Mathew Moolakkatt, O.S.B.**

*(Metropolitan Archbishop of Kottayam)*

**Episcopal Ordination**

12.30 noon : Agape

---

RSVP: Rev. Fr. Abraham Uzhathil (Personal Secretary to His Beatitude)
Phone: 8547856764, E-mail: consecrationtvm@gmail.com

RNI Licence No. 5675/1960
Registered-Postal Reg.No.KL/TV(N)/284/2024-2026
Date of Publication 29-10-2025

www.malankaralibrary.com

Christavakahalam Monthly, NOVEMBER 2025
Annual Subscription Rs. 150/-
Single Copy Rs. 15/-

## മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ
## പ്രഥമ പ്രസിദ്ധീകരണം.
## ആകർഷകമായ രൂപകല്പനയിൽ
## എല്ലാ കുടുംബങ്ങളിലേക്കും....

# ക്രൈസ്തവ കാഹളം




## വായിക്കുക – പ്രചരിപ്പിക്കുക – വരിക്കാരാക്കുക

Published by The Director, Communication Media, Major Archdiocese of Trivandrum
Printed at St. Mary's Press, Pattom, Trivandrum-4, Ph: 0091 471 2446116, 2443374,
e-mail:stmaryspresspattom@gmail.com